ななし 名無し 〜の പേരില്ലാത്ത; അജ്ഞാതനാമാവായ; അപരിചിതനായ. (pērillātta; ajñātanāmāvāya; aparicitanāya.) 〜の権兵衛 എന്തോ ഒരു പേരുള്ള ഒരാൾ. (entō oru pēruḷḷa orāḷ.)

ななじゅう 七十 എഴുപത്. (eḻupatꞟ.)

七つ (ななつ) ഏഴ്. (ēḻꞟ.)

ななつどうぐ 七つ道具 വേഷസാമഗ്രികൾ; പണിയായുധങ്ങൾ. (vēṣasāmagrikaḷ; paṇiyāyudhaṅṅaḷ.)

ななひかり 七光 പ്രേരണാശക്തി (സഹായത്തിനെത്തിയ). (prēraṇāśakti (sahāyattinettiya).)

ななふしぎ 七不思議 ഏഴ് അത്ഭുതങ്ങൾ (ലോകത്തെ). (ēḻꞟ atbhutaṅṅaḷ (lōkatte).)

ななめ 斜め

〜の(に)(対角[തഇക്കൈ]の[നൊ])ചരിവുള്ള; കോണോടുകോണായ; (carivuḷḷa; kōṇōṭꞟ kōṇāya;) 〜にする ചരിച്ച് വയ്ക്കുക; (cariccꞟ vaykkuka;) 〜に見る ചരിഞ്ഞ്നോക്കുക; പാർശ്വവീക്ഷണം നടത്തുക. (cariññnōkkuka; pārśvavīkṣaṇaṃ naṭattuka.)

なに 何 ①(疑問)എന്ത് (ചോദ്യം); എന്ത് (അത്ഭുതം കാട്ടൽ); എന്തുകൊണ്ട്. (entꞟ (cōdyaṃ); entꞟ (atbhutaṃ kāṭṭal); entukoṇṭꞟ.) 〜があろうと എന്തുതന്നെ സംഭവിച്ചാലും; (entutanne saṃbhaviccāluṃ;) 〜も ഒന്നും. (onnuṃ.) 〜もかも മുഴുവൻ; ഒന്നൊഴിയാതെ. (muḻuvan; onnoḻiyāte.) 〜はともあれ ആദ്യമായി; എല്ലാ കാര്യങ്ങളിലും. (ādyamāyi; ellā kāryaṅṅaḷiluṃ.) ② [間投詞](驚き)എന്ത്? എന്തുകൊണ്ട്; ശരി! (entꞟ? entukoṇṭꞟ; śari!)

なにか 何か ① വല്ലതും; ഏതും; ചില; ഒരുവിധം. (vallatuṃ; ētuṃ; cila; oruvidhaṃ.) 〜食べるもの വല്ലതും തിന്നാൻ. (vallatuṃ tinnān.) 〜わけがあって ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ. (onnalleṅkil marroru kāraṇattāl.) 〜につけて ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ; പലേവിധത്തിലും. (oruvidhattilalleṅkil marroruvidhattil; palēvidhattiluṃ.) ② *adj* കുറച്ച്; ഏതെങ്കിലും. (kuraccꞟ; ēteṅkiluṃ.) ③ *adv* ഏതെങ്കിലും വിധത്തിൽ. (ēteṅkiluṃ vidhattil.)

なにがし 某 ഏതോ ഒരാൾ. (ētō orāḷ.) 〜かの金 വല്ല പണവും. (valla paṇavuṃ.)

なにくそ 何糞 നാശം! (nāśaṃ!)

なにくわぬ 何食わぬ 〜顔をする(ふりをする) നിസ്സാരഭാവത്തിലിരിക്കുക; അജ്ഞത നടിക്കുക; ഒന്നും സംഭവിക്കാത്തപോലെ ഭാവിക്കുക. (nissārabhāvattilirikkuka; ajñata naṭikkuka; onnuṃ saṃbhavikkāttapōle bhāvikkuka.) 〜顔で അലക്ഷ്യമായി; ഒന്നും സംഭവിക്കാത്തപോലുള്ള മുഖഭാവത്തോടെ. (alakṣyamāyi; onnuṃ saṃbhavikkāttapōluḷḷa mukhabhāvattōṭe.)

なにげなく 何気なく ① [ふと] അലസമായി; ഓർക്കാപ്പുറത്ത്. (alasamāyi; ōrkkāppurattꞟ.) 〜言ったこと ഓർക്കാതെയുള്ള അഭിപ്രായപ്രകടനം. (ōrkkāteyuḷḷa abhiprāyaprakaṭanaṃ.) ② (意図せずに) കരുതിക്കൂട്ടിയല്ലാതെ. (karutikkūṭṭiyallāte.) ③ (さりげなく) അലക്ഷ്യമായി. (alakṣyamāyi.)

なにごと 何事 ① എന്ത്. (entꞟ.) 〜にも എന്തിലും. (entiluṃ.) 〜もなく പതുക്കെ ശബ്ദമുണ്ടാക്കാതെ. (patukke śabdamuṇṭākkāte.) 〜ですか എന്താണുകാര്യം. (entāṇukāryaṃ.)②(何事か)വല്ലതും. (vallatuṃ.) ③ (万事) സർവതും. (sarvatuṃ.) ④ (否定) യാതൊന്നും. (yātonnuṃ.) *☞ 何も.

なにさま 何様 〜のつもりだ സ്വയം ആരെന്നാണ് വിചാരം ? (svayaṃ ārennāṇꞟ vicāraṃ ?)

なにしろ 何しろ ☞ 何分(なにぶん).

なにぶん 何分 ① [何しろ] ഏതായാലും; ഏതുവിധേനയായാലും. (ētāyālum; ētuvidhēnayāyālum.) 〜の[何らか] കുറച്ച്. (kuraccu.)② [どうぞ] ദയവായി (ചെയ്താലും). (dayavāyi (ceytālum).)

なにも 何も ഒന്നും; ഇല്ല. (onnum; illa.) 〜する(心配する)ことがない വിഷമിക്കാൻ യാതൊന്നുമില്ല; യാതൊന്നും ചെയ്യാനില്ല. (viṣamikkān yātonnumilla; yātonnum ceyyānilla.) 〜知らない യാതൊന്നും അറിയില്ല. (yātonnum ariyilla.) …する理由(必要)は〜ない ...ചെയ്യാൻ യാതൊരു കാരണവുമില്ല. (...ceyyān yātoru kāraṇavumilla.) 〜きょう来なくてもいいのに നീ എന്തിനാണ് ഇന്നു വന്നത്? (nī entināṇu innu vannatu?)

なにもかも 何もかも സർവവും; എല്ലാം. (sarvatum; ellām.)

なにもの 何者 [疑問] ആര്. (ār.) 〜か(誰[ദാരു]か[ക]) ഏതോ ഒരാൾ. (ētō orāḷ.)

なにもの 何物 〜にも代えがたい അമൂല്യമായ; അനുപമമായ. (amūlyamāya; anupamamāya.)

なにやかや 何や彼や ☞ 何だかんだ.

なにより 何より

〜(も)സർവ്വോപരി; എല്ലാറ്റിലും മേലെ; (sarvvōpari; ellārrilum mēle;) 〜の ഏറ്റവും നല്ല; ഏറ്റവും അധികം ആശിക്കുന്ന. (ērravum nalla; ērravum adhikam āśikkunna.)

なにわぶし 浪花節 നാനിവാബുശി കഥാകാലക്ഷേപം; ഹൃദയസ്പർശിയായൊരു കഥ. (nānivābuśi kathākālakṣēpam; hṛdayasparśiyāyoru katha.)

ナノ - നാനോ (-ഒന്നിന്റെ പത്ത് ലക്ഷത്തിലൊന്നായ സൂക്ഷ്മ മാത്ര). (nānō (-onninre pattu lakṣattilonnāya sūkṣma mātra).) 〜グラム നാനോഗ്രാം. (nānōgrām.) 〜テクノロジー നാനോടെക്നോളജി. (nānōteknōlajī.) 〜メートル നാനോമീറ്റർ. (nānōmīrrar.)

- なので ☞- から.

なのはな 菜の花 ഒരുതരം കടുകിന്റെ പൂവ്. (orutaram kaṭukinre pūvu.)

なのり 名乗り 〜をあげる സ്വയം അവതരിപ്പിക്കുക. (svayam avatarippikkuka.) (立候補の)〜をあげる സ്ഥാനാർത്ഥിയായി സ്വയം പ്രഖ്യാപിക്കുക. (sthānārtthiyāyi svayam prakhyāpikkuka.)

なのる 名乗る സ്വന്തം പേര് കൊടുക്കുക (നിർദ്ദേശിക്കുക); സ്വയം പരിചയപ്പെടുത്തുക. (svantam pēru koṭukkuka (nirddēśikkuka); svayam paricayappeṭuttuka.)

ナパーム ◇ナパームだん ナパーム弾 നാപാം ബോംബ്. (nāpām bōmbu.)

なばかり 名ばかり 〜の ☞ 名.

ナビ ☞ ナビゲーション.

なびかせる 靡かせる [従わせる] കീഴടക്കുക; ചൊൽപ്പടിയിലാക്കുക; സ്വന്തം പക്ഷത്തേക്ക് കൊണ്ടുവരിക. (kīlaṭakkuka; colppaṭiyilākkuka; svantam pakṣattēkku koṇṭuvarika.) *☞ 靡く.

なびく 靡く ① [翻る] ചിറകടിക്കുക (കാറ്റിൽ); പറക്കുക. (ciraṭikkuka (kārril); parakkuka.) ② [屈する] വണങ്ങുക; കീഴടങ്ങുക. (vaṇaṅṅuka; kīlaṭaṅṅuka.) *☞ 靡かせる

ナビゲーション ① നാവിഗേഷൻ. (nāvigēṣan.) ② [システム] ജലഗതാഗതസംവിധാനം. (jalagatāgatasaṃvidhānam.)

ナビゲーター നാവിഗേറ്റർ. (nāvigērrar.)

ナプキン ① നാപ്കിൻ (നാപ്കിൻ കടലാസ്സ്). (nāpkin (nāpkin kaṭalāssu).) ② [生理用] സാനിറ്ററി നാപ്കിൻ. (sānirrari nāpkin.)

ナプキンたて ナプキン立て നാപ്കിൻ സ്റ്റാന്റ് (ഹോൾഡർ). (nāpkin srrānru (hōḷḍar).)

ナプキンリング നാപ്കിൻ റിംഗ് (വളയം). (nāpkin rimgu (vaḷayam).)

ナフサ നാഫ്ത്ത. (nāphtta.)

ナフサセンター നാഫ്ത്തക്രേക്കിംഗ് സെന്റർ. (nāphttakrēkkimgu senrar.)

なふだ 名札 ① നെയിംകാർഡ്. (neyiṃkārḍu.) ② (荷物につける) പേരെഴുതിയ കടലാസ്സ് തുണ്ടം. (pēreḻutiya kaṭalāssu tuṇṭam.) *☞ 表札

ナフタリン നാഫ്ത്തലിൻ. (nāphttalin.)

なぶりごろし 嬲り殺し 〜にする ഭേദ്യം ചെയ്ത് കൊല്ലുക. (bhēdyam ceytu kolluka.)

なぶりもの 嬲り者 പരിഹാസപാത്രം. (parihāsapātram.) *☞ 嬲る

なぶる 嬲る പരിഹസിക്കുക; ശല്യപ്പെടുത്തുക. (parihasikkuka; śalyappeṭuttuka.)

なべ 鍋 ① (浅い) (പരന്ന) ചട്ടി. ((paranna) caṭṭi.) ② (深い) (കുഴിഞ്ഞ) (പാചക)പാത്രം. ((kuḻiñña) (pācaka)pātram.) ◇なべかまるい 鍋釜類 അടുക്കളപ്പാത്രങ്ങൾ. (aṭukkaḷappātraṅṅaḷ.) ◇なべもの 鍋物 ചട്ടിയിൽ വിളമ്പുന്ന ആഹാരം. (caṭṭiyil viḷampunna āhāram.) ◇シチューなべ シチュー鍋 സ്റ്റ്യൂച്ചട്ടി. (srryūccaṭṭi.)

ナポレオンフィッシュ ICHTHYOLOGY നെപ്പോളിയൻ മീൻ (ഒരുതരം മത്സ്യം). (neppōḷiyan mīn (orutaram matsyam).)

なま 生

〜の[未調理][新鮮[ശിൻസെൻ]な[ന]]പച്ചയായ;വേവിക്കാത്ത (മത്സ്യവും മാംസവും); (paccayāya; vēvikkātta (matsyavum māṃsavum);) 〜の声 തുറന്ന അഭിപ്രായം; (turanna abhiprāyam;) 〜で食べる (മീൻ) വേവിക്കാതെ ഭക്ഷിക്കുക; ((mīn) vēvikkāte bhakṣikkuka;) 〜で見る ലൈവ് ആയി (ഷോ) കാണുക. (laivu āyi (ṣō) kāṇuka.)

なまあくび 生欠伸 〜を噛み殺す കോട്ടുവായിടുന്നത് (നിയന്ത്രിക്കുക) പകുതിക്കുവച്ച് നിർത്തുക. (kōṭṭuvāyiṭunnatu (niyantrikkuka) pakutikkuvaccnirttuka.)

なまあたたかい 生暖かい ഇളംചൂടുള്ള. (iḷamcūṭuḷḷa.)

なまいき 生意気 ① ധിക്കാരം; പിടിവാശി. (dhikkāram; piṭivāśi.) ② (うぬぼれ) അഹംഭാവം. (ahambhāvam.) ③ (気取り) നാട്യം. (nāṭyam.) 〜な(うぬぼれた[ഉനബൊരെത്ത])(気取[കിദൊ]った[ത്ത]) ധിക്കാരിയായ; അഹംഭാവിയായ; നാട്യക്കാരനായ. (dhikkāriyāya; ahambhāviyāya; nāṭyakkāranāya.)

なまえ 名前 ① (ഒരാളുടെ) പേര്; മാതാപിതാക്കൾ നല്കിയ പേര്; കുടുംബപ്പേര്. ((orāḷuṭe) pēru; mātāpitākkaḷ nalkiya pēru; kuṭumbappēru.) 〜を売る സൽപ്പേര് നേടുക. (salppēru nēṭuka.) 〜を借りる മറ്റൊരാളുടെ പേര് കടം വാങ്ങുക (ഉപയോഗിക്കുക). (marroraḷuṭe pēru kaṭam-vāṅṅuka (upayōgikkuka).) 彼は〜だけの社長だ അയാൾ പേരിന് മാത്രമുള്ള പ്രസിഡൻറ്റ് ആണ്. (ayāḷ pērinu mātramuḷḷa prasiḍanrru āṇu.) お〜は? അങ്ങയുടെ പേരെന്താണ്? (aṅṅayuṭe pērentāṇu?)② [姓に対して] വിളിപ്പേര് (മാതാപിതാക്കൾ നല്കിയ പേര്). (viḷippēru (mātāpitākkaḷ nalkiya pēru).) ③ [姓] കുടുംബപ്പേര്; തറവാട്ടുപേര്. (kuṭumbappēru; taravāṭṭupēru.)

なまえまけする 名前負けする സ്വന്തം പേര് ചീത്തയാക്കുക; സ്വന്തം നിലയ്ക്കനുസരിച്ച് ജീവിക്കാതിരിക്കുക. (svantam pēru cīttayākkuka; svantam nilaykkanusariccu jīvikkātirikkuka.)

なまえんそう 生演奏 ലൈവ് പരിപാടി. (laivu paripāṭi.)

なまがし 生菓子 കെയ്ക്ക്; പെയ്സ്ട്രി. (keykku; peystri.)

なまかじり 生噛り 〜(している) ഉപരിപ്ലവമായ അറിവുണ്ടായിരിക്കുക; അല്പസ്വല്പം സംസാരിക്കാനാവുക (ഭാഷ). (upariplavamāya arivuṇṭāyirikkuka; alpasvalpam saṃsārikkānāvuka (bhāṣa).)

なまかわ 生皮 ഊറയ്ക്കിടാത്ത തുകൽ. (ūraykkiṭātta tukal.)
なまがわき 生乾き ～の പകുതി ഉണക്കിയ. (pakuti uṇakkiya.)
なまき 生木 ①（生乾きの木材）പച്ചമരഉരുപ്പടി. (paccamarauruppaṭi.) ②（生のまき）പച്ചമരത്തടി. (paccamarattaṭi.) ～を裂く കമിതാക്കളെ വേർപിരിക്കുക. (kamitākkaḷe vērpirikkuka.)
なまきず 生傷 ഉണങ്ങാത്ത മുറിവ്. (uṇaṅṅātta murivŭ.)
なまぐさい 生臭い സംശയാസ്പദമായ. (saṃśayāspadamāya.) *☞ 血腥(なまぐさ)い
なまぐさぼうず 生臭坊主 ലൗകികകാര്യങ്ങളിൽ താല്പര്യം കാട്ടുന്ന പുരോഹിതൻ. (laukikakāryaṅṅaḷil tālparyaṃ kāṭṭunna purōhitan.)
なまくび 生首 അറുത്ത ശിരസ്സ്. (aṟutta śirassŭ.)
なまくら ①（鈍刀）മൂർച്ചയില്ലാത്ത വാൾ. (mūrccayillātta vāḷ.) ②（人）ഒന്നിനും കൊള്ളാത്ത വ്യക്തി. (onninuṃ koḷḷātta vyakti.) ③（物）ഒന്നിന്നും കൊള്ളാത്ത വസ്തു. (onninnuṃ koḷḷātta vastu.)
なまクリーム 生クリーム (ബേയ്ക്കറി) ക്രീം; വിപ്പ്ഡ് ക്രീം. ((bēykkaṟi) krīṃ; vippḍŭ krīṃ.)
なまけぐせ 怠け癖 ～（がつく）മടിച്ചിരുന്നുപോവുക. (maṭicciruunnupōvuka.)
なまけもの 怠け者 ① മടിയനായ വ്യക്തി. (maṭiyanāya vyakti.) ②《話》കുഴിമടിയൻ. (kuḻimaṭiyan.)
ナマケモノ ZOOL തേവാങ്ക്; പതുക്കെ നീങ്ങുന്ന ഒരു മൃഗം. (tēvāṅkŭ; patukke nīṅṅunna oru mr̥gaṃ.)
なまける 怠ける മടിയനായിരിക്കുക; അലസമായിരിക്കുക; ജോലി ശ്രദ്ധിക്കാതിരിക്കുക. (maṭiyanāyirikkuka; alasamāyirikkuka; jōli śraddhikkātirikkuka.)
ナマコ 海鼠 കടൽവെള്ളരിക്ക (ഒരുതരം സമുദ്രജീവി). (kaṭalveḷḷarikka (orutaraṃ samudrajīvi).)
なまごみ 生芥 ചപ്പുചവറുകൾ. (cappucavaṟukaḷ.)
なまゴム 生ゴム അസംസ്കൃത റബ്ബർ. (asaṃskr̥ta ṟabbar.)
なまごろし 生殺し ～にする പകുതി കൊല്ലുക; (ഒരാളെ) ഉദ്വേഗാവസ്ഥയിൽ നിർത്തുക. (pakuti kolluka; (orāḷe) udvēgāvasthayil nirttuka.)
なまコン,なまコンクリート 生コン,生コンクリート ചേർത്തുവയ്ച്ച കോൺക്രീറ്റ്. (cērttuvaycca kōṅkrīṟṟŭ.)
なまざかな 生魚 ① പച്ചമീൻ (വേവിക്കാത്ത). (paccamīn (vēvikkātta).) ②（鮮魚）പിടിച്ചെട്ടുത്തപാടേയുള്ള മത്സ്യം. (piṭicceṭuttapāṭēyuḷḷa matsyaṃ.)
なまざけ 生酒 ശുദ്ധമായതും വെള്ളം ചേർക്കാത്തതുമായ സാക്കെ. (śuddhamāyatuṃ veḷḷaṃ cērkkāttatumāya sākke.)
なまじっか ①［軽率に］ആലോചനയില്ലാതെ; അശ്രദ്ധമായി. (ālōcanayillāte; aśraddhamāyi.) ②［生半可に］പകുതി മനസ്സോടെ. (pakuti manassōṭe.)
なまじろい 生白い വിളറിയ. (viḷaṟiya.)
なます 膾,鱠 വിനാഗിരിയൊഴിച്ച പതംവരുത്തിയ പച്ചക്കറിയും മീനും. (vināgiriyoḻiccu pataṃvaruttiya paccakkaṟiyuṃ mīnuṃ.)
ナマズ 鯰 മുശിയെപ്പോലെ മീശയുള്ള മത്സ്യം. (muśiyeppōle mīśayuḷḷa matsyaṃ.)
なまたまご 生卵 പച്ചമുട്ട. (paccamuṭṭa.)
なまちゅうけい 生中継 തൽസമയസംപ്രേഷണം. (talsamayasaṃprēṣaṇaṃ.)
なまつば 生唾 ～を飲み込む（（比））സ്വന്തം ക്ഷോഭം സ്വയം വിഴുങ്ങുക. (svantaṃ kṣōbhaṃ svayaṃ viḻuṅṅuka.)
なまづめ 生爪 ～をはがす(怪我で). നഖം പിഴുതെടുപ്പിക്കുക. (nakhaṃ piḻuteṭuppikkuka.)
なまなましい 生々しい പുതുതായ; തീരെ വാട്ടമില്ലാത്ത; പഴക്കമേശാത്ത. (pututāya; tīre vāṭṭamillātta; paḻakkamēśātta.) 記憶に～സ്മരണയിൽ പുതുമനശിക്കാതെ നിലനില്ക്കുക. (smaraṇayil putumanaśikkāte nilanilkkuka.)
なまにえ 生煮え ～の അധികം വേവിക്കാത്ത. (adhikaṃ vēvikkātta.)
なまにく 生肉 പച്ചമാംസം. (paccamāṃsaṃ.)
なまぬるい 生温い തണുപ്പൻമട്ടിലുള്ള; അർദ്ധസമ്മതത്തോടെയുള്ള. (taṇuppanmaṭṭiluḷḷa; arddhasammatattōṭeyuḷḷa.)
なまハム 生ハム സംസ്കരിക്കാത്ത (പന്നി) മാംസം (ഹാം). (saṃskarikkātta (panni) māṃsaṃ (hāṃ).)
なまはんか 生半可
～な ഉപരിതലസ്പർശിയായ (വാദപ്രതിവാദം); ദീപനമില്ലാത്ത (ദർശനം); (uparitalasparśiyāya (vādaprativādaṃ); dīpanamillātta (darśanaṃ);) ～なことをする അർദ്ധമനസ്സോടെ പ്രവർത്തിക്കുക. (arddhamanassōṭe pravarttikkuka.)
なまばんぐみ 生番組 ലൈവ് പരിപാടി (തൽസമയപരിപാടി). (laivŭ paripāṭi (talsamayaparipāṭi).)
なまビール 生ビール നിർമ്മിക്കപ്പെട്ടപാടേയുള്ള ബിയർ; (പഴക്കം ചെല്ലാത്ത). (nirmmikkappeṭṭapāṭēyuḷḷa biyar; (paḻakkaṃ cellātta).)
なまびょうほう 生兵法 ഉപരിപ്ലവമായ ജ്ഞാനം. (upariplavamāya jñānaṃ.)
なまふ 生麩 ഗോതമ്പ് ധാന്യനൂറ്. (gōtampŭ dhānyanūṟŭ.)
なまへんじ 生返事 അവ്യക്തമായ ഉത്തരം. (avyaktamāya uttaraṃ.) ～をする വ്യക്തമായ ഉത്തരം കൊടുക്കാതിരിക്കുക. (vyaktamāya uttaraṃ koṭukkātirikkuka.)
なまほうそう 生放送 തൽസമയപ്രക്ഷേപണം. (talsamayaprakṣēpaṇaṃ.)
なまみ 生身 ～の人間 പച്ചമനുഷ്യൻ. (paccamanuṣyan.)
なまみず 生水 പച്ചവെള്ളം. (paccaveḷḷaṃ.)
なまめかしい 艶かしい മദാലസയായ; കാമവികാരമുണർത്തുന്ന; വശീകരണശക്തിയുള്ള. (madālasayāya; kāmavikāramuṇarttunna; vaśīkaraṇaśaktiyuḷḷa.)
なまもの 生物 വേവിക്കാത്ത ആഹാരം; പെട്ടെന്ന് ചീത്തയായിപ്പോകുന്ന ഭക്ഷണസാധനങ്ങൾ. (vēvikkātta āhāraṃ; peṭṭennŭ cīttayāyippōkunna bhakṣaṇasādhanaṅṅaḷ.)
なまやけ 生焼け ～の പകുതി വേവിച്ചെടുത്ത; പകുതി പൊരിച്ചെടുത്ത. (pakuti vēvicceṭutta; pakuti poricceṭutta.)
なまやさい 生野菜 വേവിക്കാത്ത (പുതിയ) പച്ചക്കറികൾ. (vēvikkātta (putiya) paccakkaṟikaḷ.)
なまやさしい 生易しい ☞ 並大抵.
なまゆで 生茹で ～の പകുതി പുഴുങ്ങിയ (മുട്ട). (pakuti puḻuṅṅiya (muṭṭa).)
なまり 訛り ① ഉച്ചാരണശൈലി; ഭാഷാഭേദം. (uccāraṇaśaili; bhāṣābhēdaṃ.) 東北～തോഹൊക്കു (പ്രദേശത്തെ) ഭാഷാശൈലി. (tōhokku (pradēśatte) bhāṣāśaili.) ②（方言）ദേശ്യഭാഷ. (dēśyabhāṣa.) ③（転訛）ഭാഷാഭേദം. (bhāṣābhēdaṃ.)
なまり 鉛 *Symbol* Pb ഈയം. (iyyaṃ.) ～の ഈയത്തിൽ തീർത്ത; ഈയക്കട്ടി തൂക്കിയിട്ട. (iyyattil tīrtta; iyyakkaṭṭi tūkkiyiṭṭa.) ～色の കരുവാളിച്ച; വിവർണ്ണമായ. (karuvāḷicca; vivarṇṇamāya.)
なまる 訛る ① പ്രത്യേക ശൈലിയിൽ സംസാരിക്കുക. (pratyēka śailiyil saṃsārikkuka.) ②（言葉が）ഭാഷാഭേദത്തോടെ സംസാരിക്കുക. (bhāṣābhēdattōṭe saṃsārikkuka.)
なまる 鈍る 体が～വിരസമായി തോന്നുക. (virasamāyi tōnnuka.)
なまワクチン 生ワクチン ലൈവ് വാക്സീൻ. (laivŭ vāksīn.)

並（なみ） ശരാശരി ഗുണം. (śarāśari guṇaṃ.) ～の（平均［ഹെയ്ക്കിൻ］の［നൊ］）സാധാരണമായ; പൊതുവേയുള്ള. (sādhāraṇamāya; potuvēyuḷḷa.) *☞ 並外れる.

なみ 波 തിരമാല; -അല; വെള്ളപ്പാച്ചിൽ. (tiramāla; -ala; veḷḷappāccil.) ～の荒い（ない）തിരമാലകളുയരുന്ന (ശാന്തമായ). (tiramālakaḷuyarunna (śāntamāya).) ～が立つ（静まる）തിര -ഉയരുക(തിരയടങ്ങുക). / കടൽ -ഉയർന്നു വരുന്നു(താഴ്ന്നു പോകുന്നു). (tira -uyaruka(tirayaṭaṅṅuka). / kaṭal -uyarnnu varunnu(tāḻnnu pōkunnu).) ～に漂う തിരമാലകളിൽ പൊങ്ങിക്കിടക്കുക. (tiramālakaḷil poṅṅikkiṭakkuka.) 時代の～に乗る（逆らう）കാലപ്രവാഹത്തിനൊത്ത് (-എതിരായി)നീങ്ങുക. (kālapravāhattinottu (-etirāyi)nīṅṅuka.)

なみあし 並足 ～（で）അടിവയ്ച്ചടിവയ്ച്ച് (നടക്കുക); പതുക്കെയുള്ള ചുവടുവെപ്പിലൂടെ. (aṭivayccaṭivayccu (naṭakkuka); patukkeyuḷḷa cuvaṭuveppilūṭe.)

なみいる 並み居る ～人々 സന്നിഹിതരായവരെല്ലാം. (sannihitarāyavarellāṃ.)

なみうちぎわ 波打ち際 ബീച്ച്; കടൽത്തീരം. (bīccu; kaṭalttīraṃ.)

なみうつ 波打つ തരംഗം; നിമ്നോന്നതമായിരിക്കുക. (taraṃgaṃ; nimnōnnatamāyirikkuka.)

なみがしら 波頭 തിരമാലകളുടെ മകുടം. (tiramālakaḷuṭe makuṭaṃ.)

なみかぜ 波風 ☞ 風波（ふうは）.

なみがた 波形 തരംഗം. (taraṃgaṃ.) ～の തരംഗരൂപത്തിലുള്ള. (taraṃgarūpattiluḷḷa.)

なみき 並木 പാതയോരത്തിലെ വൃക്ഷം. (pātayōrattile vṛkṣaṃ.)

なみきみち 並木道 ഇരുവശങ്ങളിലും വൃക്ഷങ്ങൾ വയ്ച്ച്പിടിപ്പിച്ച വീഥി. (iruvaśaṅṅaḷilum vṛkṣaṅṅaḷ vayccpiṭippicca vīthi.)

なみしぶき 波飛沫 അലറിയടിക്കുന്ന തിരമാലകളിൽനിന്നും തെറിച്ചുവരുന്ന ജലകണങ്ങൾ. (alariyaṭikkunna tiramālakaḷilninnuṃ tericcuvarunna jalakaṇaṅṅaḷ.)

なみだ 涙 കണ്ണുനീർ. (kaṇṇunīr.) ～が出る（ほおを［ഹോവൊ］伝［ത്സുത്ത］わる［വരു］）കണ്ണീർ പൊഴിയുന്നു; കണ്ണീർ കവിളിലൂടെ ഒഴുകുന്നു; (kaṇṇīr poḻiyunnu; kaṇṇīr kaviḷilūṭe oḻukunnu;) ～にかき暮れる പൊട്ടിക്കരയുക; ആർത്തലച്ചു കരയുക; (poṭṭikkarayuka; ārttalaccu karayuka;) ～を流す കണ്ണീർ പൊഴിക്കുക; (kaṇṇīr poḻikkuka;) ～を誘う കണ്ണീർ ഒഴുകിപ്പിക്കുക; (kaṇṇīr oḻukipikkuka;) ～を押える കണ്ണീർ നിയന്ത്രിച്ചുനിർത്തുക; (kaṇṇīr niyantriccunirttuka;) ～ながらに കണ്ണീരോടെ. (kaṇṇīrōṭe.)

なみだあめ 涙雨 തുള്ളിമഴ. (tuḷḷimaḻa.)

なみたいてい 並大抵 ～のことではない എളുപ്പമുള്ള കാര്യമല്ലാതിരിക്കുക. (eḷuppamuḷḷa kāryamallātirikkuka.)

なみだがお 涙顔 കണ്ണീരൊഴുക്കുന്ന മുഖം. (kaṇṇīroḻukkunna mukhaṃ.)

なみだきん 涙金 ആശ്വാസവേതനം; ദുരിതാശ്വാസത്തിന്നുള്ള പണം. (āśvāsavētanaṃ; duritāśvāsattinnuḷḷa paṇaṃ.)

なみだぐましい 涙ぐましい ദയനീയമായ; ഹൃദയസ്പർശിയായ. (dayanīyamāya; hṛdayasparśiyāya.)

なみだぐむ 涙ぐむ കണ്ണീരൊഴുകിപ്പിക്കുക; കരയിപ്പിക്കുക. (kaṇṇīroḻukippikkuka; karayippikkuka.) 涙ぐんで നിറകണ്ണുകളോടെ. (nirakaṇṇukaḷōṭe.)

なみだごえ 涙声 ～で കരയുന്ന ശബ്ദത്തോടെ. (karayunna śabdattōṭe.)

なみだつ 波立つ （海などが）ഇളകിമറിയുക (കടൽ). (iḷakimariyuka (kaṭal).) *☞ 波（が立つ）.

なみだめ 涙目 ～で നിറഞ്ഞ കണ്ണുകളോടെ. (niraññа kaṇṇukaḷōṭe.)

なみだもろい 涙脆い എളുപ്പം കരച്ചിൽവരുന്ന. (eḷuppaṃ karaccilvarunna.)

並々（なみなみ）
～ならぬ മഹത്തായ; അസാധാരണമായ; (mahattāya; asādhāraṇamāya;) ～ならぬ努力をする കഠിനാദ്ധ്വാനം ചെയ്യുക; ഭഗീരഥപ്രയത്നം ചെയ്യുക. (kaṭhināddhvānaṃ ceyyuka; bhagīrathaprayatnaṃ ceyyuka.)

なみなみ ～と വക്കുവരെ; നിറഞ്ഞുതുളുമ്പുന്ന. (vakkuvare; niraññutuḷumpunna.)

なみのり 波乗り ☞ サーフィン. ～する സർഫ് ചെയ്യുക. (sarphu ceyyuka.)

なみはずれる 並外れる
並外れた അസാധാരണമായ; (asādhāraṇamāya;) 並外れて അസാധാരണമായി. (asādhāraṇamāyi.)

なみま 波間 ～に തിരമാലകൾക്കിടയിൽ. (tiramālakaḷkkiṭayil.)

なみよけ 波除け （船の）കടൽഭിത്തി; അലതാങ്ങി. (kaṭalbhitti; alatāṅṅi.) *☞ 防波堤.

ナメクジ ഒച്ച്. (occu.)

なめしがわ 鞣革 തുകൽ; ഊറയ്ക്കിട്ട തുകൽ. (tukal; ūrayukkiṭṭa tukal.)

なめしがわぎょうしゃ 鞣革業者 തുകൽ വ്യവസായി (ഊറയ്ക്കിടുന്ന ആൾ). (tukal vyavasāyi (ūrayukkiṭunna āḷ).)

なめす 鞣す ഊറയ്ക്കിടൽ. (ūraykkiṭal.)

なめらか 滑らか തെന്നിപ്പോകുന്ന. (tennippōkunna.) ～な മിനുസമുള്ള; കണ്ണാടിപോലുള്ള; (minusamuḷḷa; kaṇṇāṭipōluḷḷa;) ～に മിനുസമായി. (minusamāyi.)

なめる 嘗める,舐める ①［舌で］നക്കുക. (nakkuka.) ②（味わう）രുചിക്കുക; നക്കുക. (rucikkuka; nakkuka.) ③［経験］കഷ്ടപ്പെടുക; വിഷമതകൾ അനുഭവിക്കുക. (kaṣṭappeṭuka; viṣamatakaḷ anubhavikkuka.) ④［侮る］വെറുക്കുക; പരിഹസിക്കുക. (verukkuka; parihasikkuka.)

なや 納屋 കളപ്പുര; പത്തായപ്പുര. (kaḷappura; pattāyappura.)

なやましい 悩ましい ①［つらい］വേദനാകരമായ. (vēdanākaramāya.) ②［刺激的］വല്ലായ്മ തോന്നിക്കുന്ന; ശല്യപ്പെടുത്തുന്ന. (vallāyma tōnnikkunna; śalyappeṭuttunna.) ③［誘惑的な］വശീകരിക്കുന്ന; കൊഞ്ചിക്കുഴയുന്ന. (vaśīkarikkunna; koñcikkuḻayunna.)

なやます 悩ます ①［苦しめる］തപിപ്പിക്കുക. (tapippikkuka.) ②［当惑さす］പരിതാപത്തിലാക്കുക; ദ്വേഷ്യം പിടിപ്പിക്കുക; കഷ്ടപ്പെടുത്തുക. (paritāpattilākkuka; dvēṣyaṃ piṭippikkuka; kaṣṭappeṭuttuka.) 頭を～(തല) ചൂട് പിടിപ്പിക്കുക. ((tala) cūṭu piṭippikkuka.) 心を～ഹൃദയവേദനയനുഭവിക്കുക. (hṛdayavēdanayanubhavikkuka.) *☞ 悩む.

なやみ 悩み ①［苦悩］കഷ്ടപ്പാടുകൾ; ദുരിതം. (kaṣṭappāṭukaḷ; duritaṃ.) ②［心配］ഉൽക്കണ്ഠ; വിഷമം. (ulkkaṇṭha; viṣamaṃ.) ③（面倒）ബുദ്ധിമുട്ട്. (buddhimuṭṭu.) ～の種 ഉൽക്കണ്ഠയുടെ ഹേതു. (ulkkaṇṭhayuṭe hētu.)

なやむ 悩む കഷ്ടപ്പെടുക; ദുരിതത്തിലാവുക; വിഷമിച്ചിരിക്കുക. (kaṣṭappeṭuka; duritattilāvuka; viṣamiccirikkuka.)

なよなよ ～した ലോലമായ; മെലിഞ്ഞ; ദുർബ്ബലമായ. (lōlamāya; meliñña; durbbalamāya.)

- なら ☞ ならば.

ナラ 楢 ജാപ്പനീസ് ഓക്ക് വൃക്ഷം. (jāppanīsu ōkku vṛkṣaṃ.)

ならい 習い ☞ 習慣.

ならう 倣う അനുകരിക്കൽ; പകർത്തൽ; പിന്തുടരൽ. (anukarikkal; pakarttal; pintuṭaral.) 右へならえ《号令》…に[ന്നി]倣[ന്ന]って[ത്ത്തെ]വലത് വേഷം (valatŧ vēṣaṃ)... (കവാത്തിനിടയ്ക്ക് (kavāttiniṭaykkŧ));...നെപ്പോലെ (neppōle);... ന്റെമാതൃകയിൽ (nṟemātṛkayil); മാതൃക പിന്തുടർന്ന് (ഒരുതരം ആജ്ഞ). (mātṛka pintuṭarnnŧ (orutaraṃ ājña).)

ならう 習う പഠിക്കുക; അഭ്യസിക്കുക; ശീലിക്കുക. (paṭhikkuka; abhyasikkuka; śīlikkuka.)

ならく 奈落 ① നരകം; പാതാളം. (narakaṃ; pātāḷaṃ.) ②(舞台下) രഹസ്യഅറ. (rahasyaaṟa.)

ならす 均す ① നിരപ്പാക്കുക. (nirappākkuka.) ②(ローラーで)(റോളർകൊണ്ട്) റോൾ ചെയ്തു നിരപ്പാക്കുക. ((ṟōḷarkoṇṭŧ) ṟōḷ ceytu nirappākkuka.) ③(平均する)ശരാശരിയെടുക്കുക (śarāśariyeṭukkuka) 均して ശരാശരിയെടുത്ത്. (śarāśariyeṭuttŧ.)

ならす 慣らす,馴らす ①[動物を]മെരുക്കിയെടുക്കുക (മൃഗങ്ങളെ). (merukkiyeṭukkuka (mṛgaṅṅaḷe).) ②(訓練する)പരിശീലിപ്പിക്കുക. (pariśīlippikkuka.) ③[慣らす]ശീലിക്കുക (ചിട്ടവട്ടങ്ങൾ); ശീലിപ്പിക്കുക. (śīlikkuka (ciṭṭavaṭṭaṅṅaḷ); śīlippikkuka.)

ならす 鳴らす ①[音を]ഒച്ചയുണ്ടാക്കുക. (occayuṇṭākkuka.) ②(ベルを)(മണി) അടിക്കുക. ((maṇi) aṭikkuka.) ③(手を)കൈകൊട്ടുക. (kaikoṭṭuka.) ④(太鼓を)കൊട്ടുക (ചെണ്ട). (koṭṭuka (ceṇṭa).) ⑤[名声]അതിപ്രശസ്തനായിരിക്കുക; സുപ്രസിദ്ധമായിരിക്കുക. (atipraśastanāyirikkuka; suprasiddhamāyirikkuka.)

ならずもの ならず者 ആഭാസൻ; തെണ്ടി; വഷളൻ. (ābhāsan; teṇṭi; vaṣaḷan.)

- ならない ①[必要]വേണം; ചെയ്യണം. (vēṇaṃ; ceyyaṇaṃ.) ②[禁止]വേണ്ട; ചെയ്യണ്ട. (vēṇṭa; ceyyaṇṭa.) ③[義務・道理](കടമ) ചെയ്യേണ്ടതായിരുന്നു. ((kaṭama) ceyyēṇṭatāyirunnu.)

- ならば ①[もし…なら]...ആണെങ്കിൽ; ആവുകയാണെങ്കിൽ. (...āṇeṅkil; āvukayāṇeṅkil.) ②[…に関しては]...നെ സംബന്ധിച്ചേടത്തോളം. (..ne sambandhiccēṭattōḷaṃ.) その事～അക്കാര്യത്തിൽ. (akkāryattil.)

並び (ならび) ①[列]നിര; വരി. (nira; vari.) ②(側)(പാർശ്വ)ഭാഗം. ((pārśva)bhāgaṃ.)

ならびしょうする 並び称する ～と並び称せられる സമശീർഷരായിരിക്കുക. (samaśīrṣarāyirikkuka.)

並びに (ならびに) കൂടാതെ;...ഓടൊപ്പം;...ഉം. (kūṭāte;...ōṭoppaṃ;...uṃ.)

並ぶ (ならぶ) ①[整列]വരിയായി നില്ക്കുക; ക്യൂ നില്ക്കുക; തൊട്ടുതൊട്ടുനില്ക്കുക. (variyāyi nilkkuka; kyū nilkkuka; toṭṭutoṭṭunilkkuka.) ②[匹敵する]സമാനപദവിയിലായിരിക്കുക. (samānapadaviyilāyirikkuka.) ～者がない സമശീർഷരില്ല. (samaśīrṣarilla.) 並んで ഒരുവരിയായി; തൊട്ടുതൊട്ട്. (oruvariyāyi; toṭṭutoṭṭŧ.)

ならべかえる 並べ替える (മേശയും കസേരയും മറ്റും) പുനഃക്രമീകരണം നടത്തുക. ((mēśayuṃ kasērayuṃ maṟṟuṃ) punaḥkramīkaraṇaṃ naṭattuka.)

ならべたてる 並べ立てる (കുറ്റവും കുറവും) എണ്ണിപ്പറയുക; എടുത്തുപറയുക. ((kuṟṟavuṃ kuṟavuṃ) eṇṇippaṟayuka; eṭuttupaṟayuka.) 非難の言葉を～ശകാരവാക്കുകൾ ഒന്നൊന്നായി നിരത്തുക. (śakāravākkukaḷ onnonnāyi nirattuka.)

並べる (ならべる) ①[配列]ഒരുക്കുക. (orukkuka.) ②(整列)വരിചേർത്ത് വയ്ക്കുക. (varicērttŧ vaykkuka.) ③(陳列)പ്രദർശിപ്പിക്കുക. (pradarśippikkuka.) ④[比較]താരതമ്യപ്പെടുത്തുക. (tāratamyappeṭuttuka.) …と～と ...വുമായി താരതമ്യപ്പെടുത്തുമ്പോൾ. (...vumāyi tāratamyappeṭuttumpōḷ.)

ならわし 習わし ആചാരം; ശീലം; പാരമ്പര്യമാർഗ്ഗം. (ācāraṃ; śīlaṃ; pāramparyamārggaṃ.)

- なり ①[するとすぐ]...പാടേ;...ബോളെയ്ക്കും. (...pāṭē;...bōḷeykkuṃ.) ②[どちらか]...ലൊന്ന് അല്ലെങ്കിൽ (മറ്റൊന്ന്). (...lonnŧ alleṅkil (maṟṟonnŧ).)

なり ①[形]ആകൃതി; രൂപം. (ākṛti; rūpaṃ.) ②[外見]ബാഹ്യവീക്ഷണം. (bāhyavīkṣaṇaṃ.) ③[服装]വേഷം; വസ്ത്രങ്ങൾ. (vēṣaṃ; vastraṅṅaḷ.) ～が大きい(小さい)വലിയ സൈസ് (ചെറിയ സൈസ്); പൊക്കംകൂടി (കുറഞ്ഞ്) ഇരിക്കുക. (valiya saisŧ (ceṟiya saisŧ); pokkaṃkūṭi (kuṟaññŧ) irikkuka.) ～を構わない ബാഹ്യമോടി കാര്യമായെടുക്കാതിരിക്കുക. (bāhyamōṭi kāryamāyeṭukkātirikkuka.) みすぼらしい～をしている മോശമായി വസ്ത്രം ധരിച്ചിരിക്കുക. (mōśamāyi vastraṃ dhariccirikkuka.)

なり 鳴り ～をしずめる നിശ്ശബ്ദമായിത്തീരുക. (niśśabdamāyittīruka.)

なりあがり 成上がり ◇なりあがり(もの)成上がり(者) പുതുപ്പണക്കാരൻ; പെട്ടെന്ന് കേമനായവൻ. (putuppaṇakkāran; peṭṭennŧ kēmanāyavan.) *☞ 成金.

なりあがる 成上がる ① ഉയർന്നുവരിക; പെട്ടെന്ന് ധനവാനാവുക. (uyarnnuvarika; peṭṭennŧ dhanavānāvuka.) ②(努力して)സ്വപ്രയത്നത്താൽ ഉയർന്നുവരിക. (svaprayatnattāl uyarnnuvarika.) ③(低い身分から)താഴ്ന്നപദവികളിൽനിന്നും ഉയർന്നുവരിക. (tāḻnnapadavikaḷilninnuṃ uyarnnuvarika.)

なりかわる 成り代る (മറ്റൊരാളുടെ) സ്ഥാനം ഏറ്റെടുക്കുക. ((maṟṟorāḷuṭe) sthānaṃ ēṟṟeṭukkuka.) …に成り代って ...ന്റെ സ്ഥാനത്ത്;...ക്ക് വേണ്ടി (പകരമായി). (..nṟe sthānattŧ;...kkŧ vēṇṭi (pakaramāyi).)

なりきん 成金 പുതുപ്പണക്കാരൻ; പുതുമടിശ്ശീലക്കാരൻ. (putuppaṇakkāran; putumaṭiśśīlakkāran.) ◇せんそう(とち)なりきん 戦争(土地)成金 യുദ്ധത്തിൽ (ഭൂമിയിടപാടിൽ) കൊള്ളലാഭം നേടി ധനവാനായവൻ. (yuddhattil (bhūmiyiṭapāṭil) koḷḷalābhaṃ nēṭi dhanavānāyavan.)

なりさがる 成り下がる ദാരിദ്ര്യത്തിലാവുക; (പെട്ടെന്ന്) നിർദ്ധനനാവുക; അധഃപതനത്തിലാവുക. (dāridryattilāvuka; (peṭṭennŧ) nirddhananāvuka; adhaḥpatanattilāvuka.)

なりすます 成り済ます വേഷം മാറുക; നടിക്കുക. (vēṣaṃ māṟuka; naṭikkuka.) …に成り済まして ...ന്റെ വേഷത്തിൽ. (..nṟe vēṣattil.)

なりそこなう 成り損なう (വല്ലതും നേടുന്നതിൽ) പരാജയപ്പെടുക (കവിയാവുന്നതിൽ). ((vallatuṃ nēṭunnatil) parājayappeṭuka (kaviyāvunnatil).)

なりたち 成立ち ① രൂപീകരണം. (rūpīkaraṇaṃ.) ②(由来)ഉത്ഭവചരിത്രം. (utbhavacaritraṃ.) ③(由来)ഉത്ഭവം. (utbhavaṃ.) ④(組織)സംഘടന. (saṃghaṭana.)

なりたつ 成り立つ ①[実現]പ്രാവർത്തികമാവുക. (prāvarttikamāvuka.) ②[締結]ഫലപ്രാപ്തിയിലെത്തുക. (phalaprāptiyilettuka.) *☞ 成立. ③[構成]അടങ്ങിയിരിക്കുക; നിർമ്മിക്കപ്പെട്ടിരിക്കുക. (aṭaṅṅiyirikkuka; nirmmikkappeṭṭirikkuka.) ④[可能]സാദ്ധ്യമായിരിക്കുക; സാദ്ധ്യതയുണ്ടായിരിക്കുക. (sāddhyamāyirikkuka; sāddhyatayuṇṭāyirikkuka.)

なりて 成り手 …の～がない ..ƒഅകാൻ മോഹിക്കുന്നവർ ആരുമില്ല. (..'akān mōhikkunnavar ārumilla.)

- なりと എന്നിരുന്നാലും; എന്നിരുന്നാൽത്തന്നെ. (ennirunnāluṃ; ennirunnālttanne.) 何〜എന്തുതന്നെ; ഏതുതന്നെയായാലും (ഇഷ്ടമുള്ളത്). (entutanne; ētutanneyāyāluṃ (iṣṭamuḷḷatŭ).) どこ〜എവിടെയായാലും. (eviṭeyāyāluṃ.)

なりはてる 成り果てる ☞ 成り下がる.

なりひびく 鳴り響く പ്രതിധ്വനിക്കുക; മുഴങ്ങുക. (pratidhvanikkuka; muḻaṅṅuka.)

なりふり 形振り 〜構わず പുറംമോടി അവഗണിച്ചുംകൊണ്ട്. (puṟaṃmōṭi avagaṇiccuṃkoṇṭŭ.)

なりものいり 鳴り物入り 〜で ഒച്ചയും ബഹളവുമായി; ആർത്തുകൊണ്ട്. (occayuṃ bahaḷavumāyi; ārttukoṇṭŭ.)

なりゆき 成行き ［経過］ഗതിവിഗതികൾ. (gativigatikaḷ.) 〜に任せる അതിന്റെ വഴിക്ക് വിട്ടേക്കുക; വിധിക്ക് വിടുക. (atinṟe vaḻikkŭ viṭṭēkkuka; vidhikkŭ viṭuka.) 〜を見る സംഭവവികാസം നിരീക്ഷിക്കുക. (saṃbhavavikāsaṃ nirīkṣikkuka.)

なりわい 生業 ☞ 職業.

なりわたる 鳴り渡る ☞ 鳴り響く.

なる 生る ①［実が主語］വളരുക. (vaḷaruka.) ②［木が主語］ഉണ്ടാവുക (ഫലസിദ്ധിയാവുക). (uṇṭāvuka (phalasiddhiyāvuka).)

なる 成る ① ആയിത്തീരുക; ആകുക. (āyittīruka; ākuka.) ②［…に変わる］മാറുക; മാറിവരിക. (māṟuka; māṟivarika.) ③［…するようになる］ആരംഭിക്കുക; ഒരുങ്ങുക. (ārambhikkuka; oruṅṅuka.) ④［結果が］...... ലേക്ക് നയിക്കുക; ആയിത്തീരുക. (...... lēkkŭ nayikkuka; āyittīruka.) ⑤［当然…となる］തുടർന്നുവരിക. (tuṭarnnuvarika.) ⑥［完成］പൂർത്തീകരിക്കപ്പെടുക. (pūrttīkarikkappeṭuka.) ⑦［成立］ഉൾപ്പെടുക; നിർമ്മിതമാവുക. (uḷppeṭuka; nirmmitamāvuka.) ⑧［経過］കടന്നുപോവുക. (kaṭannupōvuka.) ⑨［数量が］(മൊത്തം) ആയിത്തീരുക (സംഖ്യ). ((mottaṃ) āyittīruka (saṃkhya).) ⑩（…の値に売れる）കിട്ടുക (വില). (kiṭṭuka (vila).) ⑪［…に扮する］കളിക്കുക (നാടകം). (kaḷikkuka (nāṭakaṃ).) ⑫（…の用をする）ഉപയുക്തമാവുക. (upayuktamāvuka.) …以来 10 年に〜അതുകഴിഞ്ഞിട്ട് ഇപ്പോൾ പത്തുവർഷമായി. (atukaḻiññiṭṭŭ ippōḷ pattuvarṣamāyi.) 〜ように〜വരുംപോലെ വരും. (varumpōle varuṃ.)

なる 鳴る ① ശബ്ദമുണ്ടാക്കുക; മണിമുട്ടുക. (śabdamuṇṭākkuka; maṇimuṭṭuka.) ②（時計が）(ഘടികാരത്തിൻറ്റെ) മണിഅടിക്കുക. ((ghaṭikārattinṟṟe) maṇiaṭikkuka.)

なるこ 鳴子 മണിനാദം പുറപ്പെടുവിക്കുന്നവൻ. (maṇinādaṃ puṟappeṭuvikkunnavan.)

ナルコレプシー നാർക്കൊലെപ്സി; ഒരുതരം ഉറക്കരോഗം. (nārkkolepsi; orutaraṃ uṟakkarōgaṃ.)

ナルシスト നാർസിസ്റ്റ്; ആത്മാരാധകൻ. (nārsisṟṟŭ; ātmārādhakan.)

ナルシズム നാർസിസം;ആത്മാരാധനാ സ്വഭാവം. (nārsisaṃ;ātmārādhanā svabhāvaṃ.)

なるたけ ☞ なるべく.

なるべく ①［できることなら］സാദ്ധ്യമാണെങ്കിൽ. (sāddhyamāṇeṅkil.) ②（できるかぎり）കഴിയുംവേഗം. (kaḻiyumvēgaṃ.)

なるほど ①（わかりました）മനസ്സിലായി. (manassilāyi.) ②（確かに）ശരിശരി; തീർച്ചയായും (പക്ഷേ). (śariśari; tīrccayāyuṃ (pakṣē).)

なれ 慣れ ①（練習）പരിശീലനം. (pariśīlanaṃ.) ②（経験）പരിചയം. (paricayaṃ.)

なれあい 馴合い ①［共謀］ഗൂഢാലോചന; ഒത്തുകളി. (gūḍhālōcana; ottukaḷi.) ②（詐欺）വഞ്ചന. (vañcana.) 〜の（（話））തട്ടിപ്പ് -ആയ; വഞ്ചനകാട്ടുന്ന; കൃത്രിമം ചെയ്യുന്ന. (taṭṭippŭ -āya; vañcanakāṭṭunna; kṛtrimaṃ ceyyunna.) 〜で ഗൂഢാലോചനയിലേർപ്പെട്ട്. (gūḍhālōcanayilērppeṭṭŭ.)

なれあう 馴れ合う ① ഗൂഢാലോചനയിലേർപ്പെടുക. (gūḍhālōcanayilērppeṭuka.) ②［男女が］രഹസ്യബന്ധത്തിലേർപ്പെടുക (ആൺപെൺ); ഉപജാപത്തിലേർപ്പെടുക. (rahasyabandhattilērppeṭuka (āṇpeṇ); upajāpattilērppeṭuka.)

ナレーション നരേഷൻ (വിവരണം). (narēṣan (vivaraṇaṃ).)

ナレーター നരേറ്റർ (വ്യാഖ്യാതാവ്). (narēṟṟar (vyākhyātāvŭ).)

なれそめ 馴れ初め പ്രേമത്തിന്റെ തുടക്കം. (prēmattinṟe tuṭakkaṃ.)

なれっこ 慣れっこ 〜だあいつの説教なんてもう〜だ (അയാളുടെ) ഉപദേശം കേട്ട് മടുത്തുപോയി. ((ayāḷuṭe) upadēśaṃ kēṭṭŭ maṭuttupōyi.) ☞ 慣れる;

なれなれしい 馴れ馴れしい വളരെ -അടുത്തിടപെടുന്ന; നിർമ്മര്യാദമായ; ദുഃസ്വാതന്ത്ര്യമെടുക്കുന്ന; സ്വതന്ത്രമായ; -ഔപചാരികതയില്ലാത്ത. (vaḷare -aṭuttiṭapeṭunna; nirmmaryādamāya; duḥsvātantryameṭukkunna; svatantramāya; -aupacārikatayillātta.) 馴れ馴れしく -ഔപചാരികതയില്ലാതെ; സ്വതന്ത്രമായി. (-aupacārikatayillāte; svatantramāyi.) 馴れ馴れしくする സ്വതന്ത്രമായി പെരുമാറുക. (svatantramāyi perumāṟuka.)

なれのはて 成れの果て നാശാവശിഷ്ടം; അവശേഷിപ്പ്. (nāśāvaśiṣṭaṃ; avaśēṣippŭ.)

なれる 慣れる ① ശീലിച്ചുവരിക. (śīliccuvarika.) ②（経験）പരിചയിച്ചുവരിക. (paricayiccuvarika.) 慣れた(ない)വൈദഗ്ദ്ധ്യം നേടിയ (നേടാത്ത); പരിശീലനം നേടിയ (നേടാത്ത). (vaidagddhyaṃ nēṭiya (nēṭātta); pariśīlanaṃ nēṭiya (nēṭātta).)

なれる 馴れる മെരുക്കപ്പെടുക. (merukkappeṭuka.) 馴れた(ない) ഇണങ്ങിയ (ഇണങ്ങാത്ത). (iṇaṅṅiya (iṇaṅṅātta).)

なわ 縄 ① കയർ. (kayar.) ②（細引）നൂൽ; ചരട്. (nūl; caraṭŭ.) 〜をかける കയറുകൊണ്ട് കെട്ടിയിടുക. (kayaṟukoṇṭŭ keṭṭiyiṭuka.) 〜をほどく കയറിൻറ്റെ കെട്ടഴിക്കുക. (kayaṟinṟṟe keṭṭaḻikkuka.) 〜を張る കയറ് വലിച്ചു പിടിക്കുക. (kayaṟŭ valiccu piṭikkuka.) 〜にかかる -അറസ്റ്റു ചെയ്യപ്പെടുക. (-araṣṟṟu ceyyappeṭuka.)

なわしろ 苗代 (നെല്ലിന്റെ) ഞാറ് വളർത്തുകേന്ദ്രം. ((nellinṟe) ñāṟŭ vaḷarttukēndraṃ.)

なわとび 縄飛び കയറുപയോഗിച്ചുള്ള ചാടിക്കളി (സ്കിപ്പിംഗ്); ചാടാനുപയോഗിക്കുന്ന കയർ. (kayaṟupayōgiccuḷḷa cāṭikkaḷi (skippiṃgŭ); cāṭānupayōgikkunna kayar.) 〜のひも സ്കിപ്പിംഗ് കയർ; (skippiṃgŭ kayar;) 〜をする ചാടുക. (cāṭuka.)

なわのれん 縄暖簾 ① കയറ് കൊണ്ടുള്ള തിരശ്ശീല. (kayaṟŭ koṇṭuḷḷa tiraśśīla.) ②（居酒屋）വഴിയോര മദ്യശാല. (vaḻiyōra madyaśāla.)

なわばしご 縄梯子 കയറ്റ് കോണി (കയർകൊണ്ടുള്ള കോണി). (kayaṟṟŭ kōṇi (kayarkoṇṭuḷḷa kōṇi).)

なわばり 縄張 ① കയർകൊണ്ടു വേർതിരിച്ചുകെട്ടിയ സ്ഥലം. (kayarkoṇṭu vērtiriccukeṭṭiya sthalaṃ.) ②［勢力範囲］ഒരാളുടെ നിയന്ത്രണപരിധിയിലുള്ള സ്ഥലം. (orāḷuṭe niyantraṇaparidhiyiluḷḷa sthalaṃ.) ③（管轄）അധികാരാതിർത്തി. (adhikārātirtti.) 〜を荒す മറ്റൊരാളുടെ സ്ഥലത്ത് (അധികാരപരിധിയിൽ) അതിക്രമിച്ചു കടക്കുക. (maṟṟorāḷuṭe sthalattŭ (adhikāraparidhiyil) atikramiccu kaṭakkuka.) 〜を争う അതിർത്തിയുടെ (ഒരാളുടെ അധികാരപരിധിയുടെ) പേരിൽ ശണ്ഠകൂടുക. (atirttiyuṭe (orāḷuṭe adhikāraparidhiyuṭe) pēril śaṇṭhakūṭuka.) 〜をする കയറുകെട്ടി വളയ്ക്കുക. (kayaṟukeṭṭi vaḷaykkuka.)

なわばりあらそい 縄張争い ①（官庁などの）അധികാരപരിധിയെച്ചൊല്ലിയുള്ള തർക്കം. (adhikāraparidhiyeccolliyuḷḷa tarkkaṃ.) ②

（暴力団などの）സ്വന്തം പ്രേരണാശക്തിയെക്കുറിച്ചുള്ള തർക്കം. (svantaṃ prēraṇāśaktiyekkuṟiccuḷḷa tarkkaṃ.)

なわめ 縄目　ബന്ധനം; കെട്ടുപാടുകൾ. (bandhanaṃ; keṭṭupāṭukaḷ.) ～を解く ബന്ധനത്തിൽനിന്നും മോചിപ്പിക്കുക. (bandhanattilninnuṃ mōcippikkuka.) ～にかかる ബന്ധനസ്ഥനാക്കപ്പെടുക. (bandhanasthanākkappeṭuka.)

- なん - 男　長（次）～ചോ(ജി)നൻ; മൂത്ത (രണ്ടാമത്തെ) മകൻ. (cō(ji)nan; mūtta (raṇṭāmatte) makan.)

なん 難　☞ 災難, 欠点, 困難. ～なく അനായാസേന; (anāyāsēna;) ～を免れる അപകടത്തിൽനിന്ന് രക്ഷപ്പെടുക; (apakaṭattilninnu rakṣappeṭuka;) （彼の）～をいえば അവന്റെ കുഴപ്പം എന്താണെന്നുവയ്ച്ചാൽ. (avanṟe kuḻappaṃ entāṇennuvayccāl.)

なんしちょうちいき 難視聴地域　പ്രക്ഷേപണസ്വീകരണക്ഷമത കുറഞ്ഞ പ്രദേശങ്ങൾ. (prakṣēpaṇasvīkaraṇakṣamata kuṟañña pradēśaṅṅaḷ.)

ナン　നാൻ (ചപ്പാത്തിപോലുള്ള). (nān (cappāttipōluḷḷa).)

なんい 南緯　ഭൂമദ്ധ്യരേഖയ്ക്ക് തെക്കുള്ള -അക്ഷാംശം. (bhūmaddhyarēkhaykku tekkuḷḷa -akṣāṃśaṃ.) ～40 度 39 分に നാൽപത് ഡിഗ്രി മുപ്പത്തൊമ്പത് മിനുട്ട് തെക്ക്. (nālpatu ḍigri muppattompatu minuṭṭu tekku.) 40°39’(തെക്ക്). ((tekku).)

なんい 難易　വിഷമതകൾ; സൗകര്യങ്ങൾ. (viṣamatakaḷ; saukaryaṅṅaḷ.)

- なんか ～あるものか എന്നുപറയുന്ന യാതൊന്നും തന്നെയില്ല. (ennupaṟayunna yātonnuṃ tanneyilla.)

なんか 南下　～する തെക്കോട്ട് പോവുക. (tekkōṭṭu pōvuka.)

なんか 軟化　～する（妥協する）;（相場が）. (വിപണി) ദുർബലമാവുക. ((vipaṇi) durbalamāvuka.)

なんかい 何回　☞ 幾度.

なんかい 難解　～な (മനസ്സിലാക്കാൻ) ബുദ്ധിമുട്ടുള്ള; സങ്കീർണ്ണമായ; കഠിനമായ. ((manassilākkān) buddhimuṭṭuḷḷa; saṅkīrṇṇamāya; kaṭhinamāya.)

なんかげつ 何か月　എത്രമാസം?. (etramāsaṃ?.) ～か കുറച്ചുമാസങ്ങൾ. (kuṟaccumāsaṅṅaḷ.)

なんがつ 何月　（今）～ですか ഏതുമാസമാണിത്? (ētumāsamāṇitu?)

なんかん 難関　തടസ്സം; ബുദ്ധിമുട്ട്; വിഷമഘട്ടം. (taṭassaṃ; buddhimuṭṭu; viṣamaghaṭṭaṃ.) ～を切り抜ける തടസ്സങ്ങളെ (പ്രശ്നങ്ങളെ) അതിജീവിക്കുക; തരണം ചെയ്യുക. (taṭassaṅṅaḷe (praśnaṅṅaḷe) atijīvikkuka; taraṇaṃ ceyyuka.)

なんぎ 難儀　① [困難] ദുരിതം; കഷ്ടകാലം. (duritaṃ; kaṣṭakālaṃ.) ②（苦境）സങ്കടം. (saṅkaṭaṃ.) ③ （面倒）ബുദ്ധിമുട്ടുകൾ. (buddhimuṭṭukaḷ.) ～な വിഷമംപിടിച്ച. (viṣamampiṭicca.) ～する കഷ്ടത അനുഭവിക്കുക; വിഷമവൃത്തത്തിൽപ്പെടുക. (kaṣṭata anubhavikkuka; viṣamavṛttattilppeṭuka.) ～をかける (ഒരാളെ) വിഷമത്തിലാക്കുക. ((orāḷe) viṣamattilākkuka.)

なんきょく 南極　ദക്ഷിണധ്രുവം. (dakṣiṇadhruvaṃ.)

なんきょくかい 南極海　ദക്ഷിണധ്രുവസമുദ്രം (അന്റാർക്ടിക്ക് സമുദ്രം). (dakṣiṇadhruvasamudraṃ (anṟārkṭikku samudraṃ).)

なんきょくかんそく（たい）南極観測（隊）　ദക്ഷിണധ്രുവപര്യവേക്ഷണസംഘം. (dakṣiṇadhruvaparyavēkṣaṇasaṃghaṃ.)

なんきょくけん 南極圏　ദക്ഷിണധ്രുവവൃത്തം. (dakṣiṇadhruvavṛttaṃ.)

なんきょくこう 南極光　ദക്ഷിണധ്രുവദീപ്തി. (dakṣiṇadhruvadīpti.)

なんきょくたいりく 南極大陸　അന്റാർക്ടിക്ക് വൻകര. (anṟārkṭikku vankara.)

なんきょくたんけん 南極探検　അന്റാർക്ടിക്ക് പര്യവേക്ഷണം. (anṟārkṭikku paryavēkṣaṇaṃ.)

なんきょく 難局　① വിഷമകരമായ അവസ്ഥ; വിഷമം. (viṣamakaramāya avastha; viṣamaṃ.) ② （危機）സംഘർഷാവസ്ഥ; സന്ദിഗ്ദ്ധാവസ്ഥ. (saṃgharṣāvastha; sandigddhāvastha.) ～に当たる സന്നിഗ്ദ്ധാവസ്ഥ കൈകാര്യം ചെയ്യുക; അടിയന്തിരാവസ്ഥ നേരിടുക; (sannigddhāvastha kaikāryaṃ ceyyuka; aṭiyantirāvastha nēriṭuka;) ～を治める ദുരിതത്തിൽനിന്നും മോചനം കണ്ടെത്തുക. (duritattilninnuṃ mōcanaṃ kaṇṭettuka.)

なんきん 南京　◇ なんきんまめ 南京豆 ☞ ピーナツ. ◇ なんきんむし 南京虫 മൂട്ട. (mūṭṭa.)

なんきん 軟禁　വീട്ടുതടവ്. (vīṭṭutaṭavu.) ～する വീട്ടുതടവിലാക്കുക. (vīṭṭutaṭavilākkuka.)

なんくせ 難癖　～をつける കുറ്റപ്പെടുത്തുക; വിമർശിക്കുക. (kuṟṟappeṭuttuka; vimarśikkuka.)

なんこう 軟膏　കുഴമ്പ്; പുറമെ പുരട്ടാനുള്ള മരുന്ന്. (kuḻampu; puṟame puraṭṭānuḷḷa marunnu.) ～を塗る കുഴമ്പ് പുരട്ടുക. (kuḻampu puraṭṭuka.)

なんこう 難航　～する（船が）;（事件が）. ആയാസകരമായ സമുദ്രയാത്ര (കപ്പലിൽ) ചെയ്യുക; വിഷമതകളിൽപ്പെടുക. (āyāsakaramāya samudrayātra (kappalil) ceyyuka; viṣamatakaḷilppeṭuka.)

なんこうがい 軟口蓋　ANAT മൃദുതാലു; മൃദുലഅണ്ണാക്ക്. (mṛdutālu; mṛdulaaṇṇākku.)

なんこうふらく 難攻不落　～の പിടിച്ചടക്കാൻ അസാദ്ധ്യമായ; ഉള്ളിൽ കടക്കാനസാദ്ധ്യമായ. (piṭiccaṭakkān asāddhyamāya; uḷḷil kaṭakkānasāddhyamāya.)

なんごく 南国　തെക്കൻ പ്രവിശ്യകൾ; തെക്കൻ രാജ്യം. (tekkan praviśyakaḷ; tekkan rājyaṃ.)

なんこつ 軟骨　ANAT മൃദുലാസ്ഥി; കാർട്ടിലാജ്. (mṛdulāsthi; kārṭṭilāju.)

なんさい 何歳　～ですか പ്രായം എത്രയായി ? (prāyaṃ etrayāyi ?)

なんざん 難産　വിഷമപ്രസവം. (viṣamaprasavaṃ.) ～する വിഷമിച്ച് പ്രസവിക്കുക. (viṣamiccu prasavikkuka.)

なんじ 何時　സമയമെത്ര?; എപ്പോൾ; എത്രമണിക്ക്? (samayametra?; eppōḷ; etramaṇikku?) 今～ですか ഇപ്പോൾ സമയമെത്രയായി? (ippōḷ samayametrayāyi?) ～の列車ですか എത്ര മണിക്കുള്ള വണ്ടിക്കാണ് പോകുന്നത്? (etra maṇikkuḷḷa vaṇṭikkāṇu pōkunnatu?)

なんじ 難事　ബുദ്ധിമുട്ട്; വിഷമകരമായ കാര്യം. (buddhimuṭṭu; viṣamakaramāya kāryaṃ.)

なんしき 軟式　◇ なんしきていきゅう 軟式庭球 ☞ ソフト（テニス）. ◇ なんしきやきゅう 軟式野球 റബ്ബർബാൾ ബെയ്സ്ബാൾ. (ṟabbarbāḷ beysbāḷ.)

なんじゃく 軟弱　～な（相場が）. ദുർബ്ബലമായ; മനോവീര്യമില്ലാത്ത; നിർവീര്യമായ (വിപണി). (durbbalamāya; manōvīryamillātta; nirvīryamāya (vipaṇi).)

なんじゃくがいこう 軟弱外交　ആത്മവീര്യമില്ലാത്ത വിദേശനയം. (ātmavīryamillātta vidēśanayaṃ.)

なんしょ 難所　അപകടകരമായ സ്ഥലം; ദുർഘടമായ പാത. (apakaṭakaramāya sthalaṃ; durghaṭamāya pāta.)

なんしょく 難色　～を示す（ためらう）. നിഷേധഭാവം പ്രകടിപ്പിക്കുക; ശങ്കിക്കുക. (niṣēdhabhāvaṃ prakaṭippikkuka; śaṅkikkuka.)

なんすい 軟水　മൃദുജലം. (mṛdujalaṃ.)

なんせい 南西　～（の）തെക്കുപടിഞ്ഞാറ്. (tekkupaṭiññāṟu.)

ナンセンス　നൊൺസെൻസ്. (noṇsensu.) ～な നൊൺസെൻസിക്കലായ; ബുദ്ധിശൂന്യമായ. (noṇsensikkalāya; buddhiśūnyamāya.)

なんだ 何だ ①［安心］എന്ത്! (entŧ!) ②［何事だ］എന്താണിത്. (entāṇitŧ.) 何が〜か分らぬ എന്താണേതാണെന്ന് എനിക്ക് മനസ്സിലാവുന്നില്ല. (entāṇētāṇennŧ enikkŧ manassilāvunnilla.)

なんだい 難題 〜(をふっかける) അന്യായമായ ആവശ്യം ഉന്നയിക്കുക. (anyāyamāya āvaśyaṃ unnayikkuka.)

なんたいどうぶつ 軟体動物 നത്തക്ക തുടങ്ങിയ കക്കവർഗ്ഗം. (nattakka tuṭaṅṅiya kakkavarggaṃ.)

なんだいめ 何代目 〜の米大統領か എത്രാമത്തെ അമേരിക്കൻ പ്രസിഡൻറ്റാണ്? (അദ്ദേഹം). (etrāmatte amērikkan prasiḍanṟṟāṇŧ? (addēhaṃ).)

なんだか 何だか ［何となく］എന്തുകൊണ്ടോ; ഒരുവിധത്തിൽ; എങ്ങിനെയോ... (entukoṇṭō; oruvidhattil; eṅṅineyō...)

なんだかんだ 何だかんだ
〜(忙しい)ഒന്നല്ലെങ്കിൽ മറ്റൊന്നുകൊണ്ട് (എപ്പോഴും) തിരക്കിലായിരിക്കുക; (onnalleṅkil maṟṟonnukoṇṭŧ (eppōḻuṃ) tirakkilāyirikkuka;) 〜と口実を設けて ഒന്നല്ലെങ്കിൽ മറ്റൊരു ഒഴികഴിവു പറഞ്ഞുംകൊണ്ട്. (onnalleṅkil maṟṟoru oḻikaḻivu paṟaññuṃkoṇṭŧ.)

なんたん 南端 തെക്കേൻ മുനമ്പ്. (tekken munampŧ.)

なんちゃくりく 軟着陸 ☞ 着陸

なんちゅう 南中 ASTRON ഉച്ചസ്ഥായി (ജ്യോതിശ്ശാസ്ത്രം); പരമകാഷ്ഠ. (uccasthāyi (jyōtiśśāstraṃ); paramakāṣṭha.) 〜する പരമകാഷ്ഠയിൽ എത്തുക. (paramakāṣṭhayil ettuka.)

なんちょう 難聴 〜である കേൾവിക്കുറവുണ്ടായിരിക്കുക. (kēḷvikkuṟavuṇṭāyirikkuka.)

なんちょうちいき 難聴地域 (ラジオなどの)(റേഡിയോവിന്റെയും മറ്റും) ശബ്ദം കേൾക്കാനാവാത്ത പ്രദേശം. ((ṟēḍiyōvinṟeyuṃ maṟṟuṃ) śabdaṃ kēḷkkānāvātta pradēśaṃ.)

- なんて ☞ なんか.

なんて 何て ☞ 何と.

なんで 何で ☞ 何故(なぜ).

なんでも 何でも ①［どんな物事でも］ഏതും; ഏതായാലും. (ētuṃ; ētāyāluṃ.) ②(すべて)എല്ലാം. (ellāṃ.) ③［どうあっても・ぜひ］ഏതുവിധേനയും; എങ്ങിനെയും. (ētuvidhēnayuṃ; eṅṅineyuṃ.) ④［多分］മിക്കവാറും;...തോന്നുന്നു. (mikkavāṟuṃ;...tōnnunnu.)

なんでもない 何でもない ①(簡単な)എളുപ്പം. (eḷuppaṃ.) ②(取るに足らない)നിസ്സാരം. (nissāraṃ.) 〜こと നിസ്സാരകാര്യം. (nissārakāryaṃ.)

なんでもや 何でも屋 പല തൊഴിലിൽ സമർത്ഥൻ; യജമാനനുവേണ്ടി ഏതു പ്രവൃത്തിയും ചെയ്യുന്നവൻ. (pala toḻilil samartthan; yajamānanuvēṇṭi ētu pravr̥ttiyuṃ ceyyunnavan.)

ナンテン 南天 BOT നാൻദിൻ (പൂച്ചെടി). (nāndin (pūcceṭi).)

なんてん 難点 ①വിഷമഘട്ടം; പ്രശ്നം. (viṣamaghaṭṭaṃ; praśnaṃ.) ②(欠点)കുറ്റം. (kuṟṟaṃ.) *☞ 難.

なんと 何と എന്ത്; എങ്ങനെ. (entŧ; eṅṅane.) 〜かわいい少女だろう എന്തൊരു ചന്തമുള്ള പെൺകുട്ടി! (entoru cantamuḷḷa peṇkuṭṭi!) 〜寒いのだろう എന്തൊരു തണുപ്പ്! (entoru taṇuppŧ!) 〜いっても(結局［കെക്ക്ക്യൊക്ക］)എന്തുപറഞ്ഞാലും. (entupaṟaññāluṃ.)

なんど 納戸 പിൻവശത്തെ മുറി; ഉള്ളറ. (pinvaśatte muṟi; uḷḷaṟa.)

なんど 何度 ☞ 何遍. 温度は〜ですか താപമാനം എത്രയുണ്ട്. (tāpamānaṃ etrayuṇṭŧ.)

なんとう 南東 〜(の)തെക്കുകിഴക്കേ. (tekkukiḻakkē.)

なんとか 何とか
〜して -ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ; -ഏതുവിധേനയും. (-oruvidhattilalleṅkil maṟṟoru vidhattil; -ētuvidhēnayuṃ.) 〜やってゆく -ഏതെങ്കിലും വിധത്തിൽ കഴിഞ്ഞുപോവുക. (-ēteṅkiluṃ vidhattil kaḻiññupōvuka.) 〜する വല്ലതും ചെയ്യുക(പ്രശ്നത്തിൽ). (vallatuṃ ceyyuka(praśnattil).) 〜いう人 -എന്തോ -ഒരു പേരുള്ള -ആൾ. -ആരോ -ഏതോ. (-entō -oru pēruḷḷa -āḷ. -ārō -ētō.)

なんどく 難読 ◇ なんどくちめい 難読地名 വായിച്ചെടുക്കാൻ പ്രയാസമുള്ള സ്ഥലനാമം. (vāyicceṭukkān prayāsamuḷḷa sthalanāmaṃ.)

なんとなく 何となく ഒരുവിധം; എന്തുകൊണ്ടോ; എന്ത്കൊണ്ടാണെന്നറിയില്ല...പക്ഷേ.... (oruvidhaṃ; entukoṇṭō; entkoṇṭāṇennaṟiyilla...pakṣē....) 〜うれしい എന്തെന്നില്ലാത്ത സന്തോഷം. (entennillātta santōṣaṃ.)

なんとも 何とも
〜いえない［断言出来ない］［名付［നസൂക്കെ］しがたい［ശിഗത്തൈ］］-ഒന്നും പറയാനാവില്ല. / വിവരണാതീതമായിരിക്കുക; പറയാൻ പററാത്തതായിരിക്കുക. (-onnuṃ paṟayānāvilla. / vivaraṇātītamāyirikkuka; paṟayān paṟaṟāttatāyirikkuka.) 〜思わない തികച്ചും -അവഗണിക്കുക; പുല്ലുവില കൽപ്പിക്കുക. (tikaccuṃ -avagaṇikkuka; pulluvila kalppikkuka.) 〜しかたがない നിവർത്തിയില്ലാതായിരിക്കുക. (nivarttiyillātāyirikkuka.)

なんなく 難なく ☞ 難.

なんなら 何なら ①(ご希望なら)ഇഷ്ടമാണെങ്കിൽ. (iṣṭamāṇeṅkil.) ②(都合よければ)സൗകര്യമാണെങ്കിൽ. (saukaryamāṇeṅkil.) ③(必要なら)ആവശ്യമാണെങ്കിൽ. (āvaśyamāṇeṅkil.)

なんにち 何日 ①［日数］എത്ര ദിവസം; എത്ര കാലം. (etra divasaṃ; etra kālaṃ.) ②［暦日］ഏതു ദിവസം. (ētu divasaṃ.) 〜もഎത്ര ദിവസമെങ്കിലും; ദിവസങ്ങളോളം. (etra divasameṅkiluṃ; divasaṅṅaḷōḷaṃ.) 今日は〜ですか ഇന്ന് എത്രയാണ് തീയതി? (innŧ etrayāṇŧ tīyati?)

なんにも 何にも ☞ 何(なに)も.

なんにん 何人 എത്ര ആളുകൾ. (etra āḷukaḷ.)

なんねん 何年 ①［年数］എത്ര കൊല്ലങ്ങൾ? എത്ര കാലം?. (etra kollaṅṅaḷ? etra kālaṃ?.) ②［年代］ഏതു കൊല്ലത്തിൽ? (ētu kollattil?) 〜も വർഷങ്ങളോളം; എത്രയോ കാലം. (varṣaṅṅaḷōḷaṃ; etrayō kālaṃ.)

なんねんせい 難燃性 〜の തീനാളങ്ങൾ ബാധിക്കാത്ത. (tīnāḷaṅṅaḷ bādhikkātta.)

なんの 何の എന്തിന്. (entinŧ.) 〜ためにそれをしたのか എന്തിന് വേണ്ടിയാണ് (നിങ്ങൾ) അത് ചെയ്തത്? (entinŧ vēṇṭiyāṇŧ (niṅṅaḷ) atŧ ceytatŧ?) 〜その അതിനെന്താണ്! അതിലെന്തിരിക്കുന്നു? (atinentāṇŧ! atilentirikkunnu?)

なんぱ 軟派 〜の不良(男); ശൃംഗാരിണി. (śr̥ṃgāriṇi.)

なんぱ 難破 കപ്പലപകടം (kappalapakaṭaṃ) 〜する കപ്പൽ അപകടത്തിൽപ്പെടുക. (kappal apakaṭattilppeṭuka.)

なんぱせん 難破船 തകർന്ന കപ്പൽ. (takarnna kappal.)

ナンバー ①നമ്പർ. (nampar.) ②(自動車の)(കാറിൻറെ) (രജിസ്ട്രേഷൻ) നമ്പർ. ((kārinṟe) (rajistrēṣan) nampar.)

ナンバープレート ലൈസൻസ് പ്ലേറ്റ്; നമ്പർ പ്ലേറ്റ്. (laisansŧ plēṟṟŧ; nampar plēṟṟŧ.)

ナンバーワン നമ്പർ വൺ. (nampar vaṇ.)

ナンバリング നമ്പറിംഗ് മെഷീൻ. (nampariṃgŧ meṣīn.)

なんばん 何番 〜(目)എത്രാമത്തെ നമ്പർ?. (etrāmatte nampar?.) 君の席は〜か നിങ്ങളുടെ സീറ്റ് നമ്പർ എത്രയാണ്? (niṅṅaḷuṭe

sīṟṟu nampar etrayāṇu?)

なんびょう 難病 ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത രോഗം. (cikitsiccu bhēdamākkān kaḻiyātta rōgaṃ.)

なんぴょうよう 南氷洋 ☞ 南極(海).

なんぶ 南部 തെക്കുഭാഗം. (tekkubhāgaṃ.) ～の തെക്കുഭാഗത്തെ. (tekkubhāgatte.)

なんぶつ 難物
～である［人が］(人［ഹിത്തൊ］・物［മൊനൊ］ごと［ഗൊത്തൊ］)പ്രസാദിപ്പിക്കുവാൻ പ്രയാസമുള്ള; വഴങ്ങാത്ത; അനുസരിക്കാത്ത; (prasādippikkuvān prayāsamuḷḷa; vaḻaṅṅātta; anusarikkātta;)
*☞ 難問

なんべい 南米 തെക്കെ അമേരിക്ക. (tekke amērikka.)

なんべん 何遍 എത്ര തവണ. (etra tavaṇa.) ～も എത്രയോ തവണ; പലപ്പോഴും; വീണ്ടും വീണ്ടും. (etrayō tavaṇa; palappōḻuṃ; vīṇṭuṃ vīṇṭuṃ.)

なんぽう 南方 ☞ 南.

なんぼく 南北 ～(に)വടക്കും തെക്കും. (vaṭakkuṃ tekkuṃ.)

(アメリカ)なんぼくせんそう (アメリカ)南北戦争 അമേരിക്കൻ ആഭ്യന്തരയുദ്ധം. (amērikkan ābhyantarayuddhaṃ.)

なんぼくもんだい 南北問題 വടക്ക് തെക്ക് പ്രശ്നങ്ങൾ. (vaṭakku tekku praśnaṅṅaḷ.)

なんみん 難民 ①(避難者)അഭയാർത്ഥികൾ. (abhayārtthikaḷ.) ②(被災者)പീഡിതർ. (pīḍitar.)

なんみんきゅうえんかつどう 難民救援活動 അഭയാർത്ഥി സഹായശ്രമങ്ങൾ. (abhayārtthi sahāyaśramaṅṅaḷ.)

なんみんしゅうようじょ 難民収容所 അഭയാർത്ഥികളെ സ്വീകരിക്കുന്ന കേന്ദ്രം. (abhayārtthikaḷe svīkarikkunna kēndraṃ.)

なんみんじょうやく 難民条約 അഭയാർത്ഥിപ്രശ്നം സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടി. (abhayārtthipraśnaṃ sambandhicca antārāṣṭra uṭampaṭi.)

なんもん 難問 വിഷമകരമായ പ്രശ്നം. (viṣamakaramāya praśnaṃ.)

なんよう 南洋 തെക്കൻ കടലുകൾ. (tekkan kaṭalukaḷ.)

なんようしょとう 南洋諸島 തെക്കൻ കടലുകളിലെ ദ്വീപ് സമൂഹം. (tekkan kaṭalukaḷile dvīpu samūhaṃ.)

なんようび 何曜日 ～ですか ഇന്ന് എന്താഴ്ച്ചയാണ്? (innu entāḻccayāṇu?)

なんら 何ら ☞ 何(なに)も.

なんらか 何らか ～の ചില. (cila.)

に

-に ①［時］(പത്ത് മണി)യ്ക്ക്; (ജൂണി)ൽ; ഞായറാഴ്ച്ചയ്ക്ക്. ((pattu maṇi)yykku; (jūṇi)l; ñāyaṟāḻcaykku.) ②［場所・方向］(ട്യോക്യോ)യിൽ; (അലമാര)യിൽ; ലേക്ക്. ((ṭyōkyō)yil; (alamāra)yil; lēkku.) ③(向かって)ലേക്ക് (പുറപ്പെടുക). (lēkku (puṟappeṭuka).) ④(മുറി)യിലോട്ട്. ((muṟi)yilōṭṭu.) ⑤［割合］(ദിവസത്തി)ൽ (ഒരിക്കൽ); (ആയിരത്തി)ൽ (ഒന്ന്). ((divasatti)l (orikkal); (āyiratti)l (onnu).) ⑥［原因］(കോപം)കൊണ്ട് വിറയ്ക്കുക. ((kōpaṃ)koṇṭu viṟaykkuka.)

二 (に) രണ്ട്. (raṇṭu.) 第～(の) രണ്ടാമത്തെ. (raṇṭāmatte.) ～位 രണ്ടാം സ്ഥാനം. (raṇṭāṃ sthānaṃ.) ～か月 രണ്ട് മാസം. (raṇṭu māsaṃ.)

に 荷 ①ഭാരം. (bhāraṃ.) ②(船荷)(കപ്പൽ) ചരക്ക്. ((kappal) carakku.) ③［貨物］കടത്തുന്ന ചരക്ക്; ഫ്രെയിറ്റ്. (kaṭattunna carakku; phreyiṟṟu.) ④［手荷物］ബാഗ്ഗേജ്; ലഗ്ഗേജ്. (bāggēju; laggēju.) ⑤［重荷］ഭാരം; ചുമതല. (bhāraṃ; cumatala.) ～になる (തന്റെ) ചുമലിൽ വീഴുക. ((tanṟe) cumalil vīḻuka.) ～を積む(降ろす) ചരക്ക് കയറ്റുക (ഇറക്കുക). (carakku kayaṟṟuka (iṟakkuka).) ～を下ろした気持ちになる ഒരു ഭാരം ഇറക്കിവെച്ചപോലുള്ള ആശ്വാസം തോന്നുക. (oru bhāraṃ iṟakkiveccapōluḷḷa āśvāsaṃ tōnnuka.)

ニ MUS പാശ്ചാത്യസംഗീതത്തിലെ ഡി. (pāścātyasaṃgītattile ḍi.)

にちょう(たん)ちょう 二長(短)調 ഡി മെജൊർ (മൈനർ). (ḍi mejor (mainar).)

にあう 似合う ചേർച്ചയുണ്ടാവുക; ചേർന്നുപോവുക. (cērccayuṇṭāvuka; cērnnupōvuka.) 似合いの നല്ല ചേർച്ചയുള്ള (ദമ്പതിമാർ). (nalla cērccayuḷḷa (dampatimār).)

にあげ 荷揚 ചരക്കിറക്കൽ; ഇറക്കിവയ്ക്കൽ. (carakkiṟakkal; iṟakkivaykkal.) ～する (കപ്പലിൽനിന്നും) ചരക്കിറക്കുക. ((kappalilninnuṃ) carakkiṟakkuka.)

にあげこう 荷揚港 ചരക്കിറക്കുന്ന തുറമുഖം. (carakkiṟakkunna tuṟamukhaṃ.)

にあげじょう 荷揚場 ചരക്കിറക്കുന്ന സ്ഥാനം. (carakkiṟakkunna sthānaṃ.)

ニアピン ～の (ഗോൾഫിലെ) നിയർപിൻ. ((gōlphile) niyarpin.)

ニアミス നിയർമിസ്. (niyarmisu.)

ニーズ ［需要］നീഡ്സ്. (nīḍsu.) お客様の～に応える അതിഥികളുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുക (പതിവുകാരുടെ). (atithikaḷuṭe āvaśyaṅṅaḷ nivartticcukoṭukkuka (pativukāruṭe).)

にいづま 新妻 നവവധു. (navavadhu.)

にいんせい 二院制 രണ്ട് നിയമസഭകളുള്ള സമ്പ്രദായം. (raṇṭu niyamasabhakaḷuḷḷa sampradāyaṃ.)

にうけ 荷受 ചരക്കുകൾ സ്വീകരിക്കൽ. (carakkukaḷ svīkarikkal.)

にうけにん 荷受人 ചരക്ക് ഏറ്റുവാങ്ങുന്ന ആൾ. (carakku ēṟṟuvāṅṅunna āḷ.)

にうごき 荷動き ചരക്ക് നീക്കം. (carakku nīkkaṃ.)

にうす 荷薄 ചരക്കുകളുടെ ദൗർലഭ്യം. (carakkukaḷuṭe daurlabhyaṃ.)

にえかえる 煮え返る തിളച്ചുകൊണ്ടേയിരിക്കുക. (tiḷaccukoṇṭēyirikkuka.) 腹が～കോപംകൊണ്ട് ജ്വലിക്കുക (ചോര തിളയ്ക്കുക). (kōpaṃkoṇṭu jvalikkuka (cōra tiḷaykkuka).)

にえきらない 煮え切らない ①(あいまい)അവ്യക്തമായ. (avyaktamāya.) ②(決断力のない)നിശ്ചയദാർഢ്യമില്ലാത്ത. (niścayadārḍhyamillātta.) ③(なまぬるい)തണുപ്പൻ മട്ടിലുള്ള. (taṇuppan maṭṭiluḷḷa.)

にえくりかえる 煮え繰り返る ☞ 煮え返る.

にえたぎる 煮え滾る 煮えたぎった湯 തിളയ്ക്കുന്ന വെള്ളം. (tiḷaykkunna veḷḷaṃ.)

にえたつ 煮え立つ　തിളച്ചുകൊണ്ടേയിരിക്കുക. (tiḷaccukoṇṭēyirikku-ka.)

にえゆ 煮え湯　തിളയ്ക്കുന്ന വെള്ളം. (tiḷaykkunna veḷḷam.) ～を飲ませる വിശ്വാസവഞ്ചന കാട്ടുക. (viśvāsavañcana kāṭṭuka.)

にえる 煮える　തിളപ്പിച്ചിരിയ്ക്കുക; തിളച്ചിരിയ്ക്കുക; വേവിച്ചിരിയ്ക്കുക. (tiḷappicciriykkuka; tiḷacciriykkuka; vēvicciriykkuka.) よく煮えている നല്ലവണ്ണം വെന്തിരിക്കുന്നു. (nallavaṇṇam ventirikkunnu.)

におい 匂い,臭い　① മണം; വാസന. (maṇam; vāsana.) 良い(悪い)～സു(ദുർ)ഗന്ധം; (su(dur)gandham;) ～の良い സുഗന്ധമുള്ള; (sugandhamuḷḷa;) ～の悪い ദുർഗന്ധമുള്ള; (durgandhamuḷḷa;) 良い(悪い)～がする നല്ല സുഗന്ധം (ചീത്ത മണം) വരുന്നു; (nalla sugandham (cītta maṇam) varunnu;) ペンキの～がする പെയ്ന്റ് മണക്കുന്നു. (peynṟu maṇakkunnu.) ②（芳香）സുഗന്ധം. (sugandham.)

におう 匂う,臭う　① മണക്കുക. (maṇakkuka.) ②（悪臭が）ദുർഗന്ധം വമിക്കുക. (durgandham vamikkuka.) ③（芳香が）സുഗന്ധം പരത്തുക. (sugandham parattuka.) *☞ 匂い.

におう 仁王　രണ്ടു ദേവരാജാക്കന്മാർ. (raṇṭu dēvarājākkanmār.)

におうもん 仁王門　ദേവകവാടം (ക്ഷേത്രങ്ങളുടെ). (dēvakavāṭam (kṣētraṅṅaḷuṭe).)

におくりにん 荷送り人　☞ 荷主.

ニオブ　CHEM*Symbol* Nb നിയൊബിയം (മൂലകം). (niyobiyam (mūlakam).)

におろし 荷降ろし　ചരക്കിറക്കൽ. (carakkiṟakkal.) ～する ചരക്കിറക്കിവയ്ക്കുക. (carakkiṟakkivaykkuka.) *☞ 荷.

におわす 匂わす　①［香を放つ］മണം പരത്തുക. (maṇam parattuka.) ②（芳香を）സുഗന്ധമുണ്ടായിരിക്കുക. (sugandhamuṇṭāyi-rikkuka.) ③［ほのめかす］സൂചന നല്കുക; സൂചിപ്പിക്കുക. (sūcana nalkuka; sūcippikkuka.)

にかい 二階　രണ്ടാംനില (അമേരിക്കൻ); ഒന്നാംനില (ഇംഗ്ലീഷ്). (raṇṭāmnila (amērikkan); onnāmnila (iṃglīṣu).) ～に［で］മുകളിൽ. (mukaḷil.)

にかいだてバス 二階建てバス　ഡബിൾ ഡക്കർ ബസ്സ്. (ḍabiḷ ḍakkar bassu.)

にかいや 二階家　ഇരുനില വീട്; രണ്ടുനില വീട്. (irunila vīṭu; raṇṭunila vīṭu.)

にかい 二回　രണ്ടുതവണ; രണ്ടുപ്രാവശ്യം. (raṇṭutavaṇa; raṇṭuprāva-śyam.) 月～の മാസം രണ്ടുതവണയായി. (māsam raṇṭutavaṇayāyi.)

にがい 苦い　കയ്പുള്ള. (kaypuḷḷa.) ～顔をする നെറ്റി ചുളിക്കുക. (neṟṟi cuḷikkuka.)

にがおえ 似顔絵　പോർട്രെയിറ്റ്. (pōrṭreyiṟṟu.)

にかこく 二か国　◇にかこくごほうそう 二か国語放送 ഇരുഭാഷകളിൽ പ്രക്ഷേപണം ചെയ്യൽ. (irubhāṣakaḷil prakṣēpaṇam ceyyal.)

にがす 逃がす　①［放す］വിട്ടയക്കുക. (viṭṭayakkuka.) ②［取り逃がす］(കള്ളനെ) രക്ഷപ്പെടാൻ അനുവദിയ്ക്കുക; കൈവിടുക; (അവസരം) നഷ്ടപ്പെടുത്തുക. ((kaḷḷane) rakṣappeṭān anuvadiykkuka; kaiviṭuka; (avasaram) naṣṭappeṭuttuka.)

にがつ 二月　（(*abbr.* Feb.)）ഫെബ്രുവരി (രണ്ടാംമാസം). (phebruvari (raṇṭāmmāsam).)

にがて 苦手　①［人］അനഭിലഷണനീയനായ എതിരാളി. (ana-bhilaṣaṇanīyanāya etirāḷi.) ②［事］ദൗർബല്യം. (daurbalyam.) 彼は～だ അവനുമായി ഇടപെടാൻ പാടാണ്. (avanumāyi iṭapeṭān pāṭāṇu.) …が～だ ...കഠിനം തന്നെ (ഇംഗ്ലീഷ്). (...kaṭhinam tanne (iṃglīṣu).)

にがにがしい 苦々しい　①（不快な）അസഹനീയമായ. (asaha-nīyamāya.) ②（恥ずべき）ലജ്ജാകരമായ. (lajjākaramāya.) 苦々しげに പരുഷമായി. (paruṣamāyi.)

にがみ 苦味　കയ്പ്; കയ്പ്പ് രസം. (kaypu; kayppu rasam.) ～がある കയ്ക്കുന്നു. (kaykkunnu.)

にがむし 苦虫　～をかみつぶしたような顔をする ചുളിഞ്ഞ മുഖവുമായിരിക്കുക (പുളിയിഞ്ചി കടിച്ച മുഖവുമായിരിക്കുക); നീരസപ്പെട്ടിരിക്കുക. (culiñña mukhavumāyirikkuka (puḷiyiñci kaṭicca mu-khavumāyirikkuka); nīrasappeṭṭirikkuka.)

にかよう 似通う　സാദൃശ്യം തോന്നിക്കുക. (sādṛśyam tōnnikkuka.) *☞ 似る.

ニガヨモギ 苦艾　BOT കാഞ്ഞിരം. (kāññiram.)

にがり 苦汁　ഉപ്പുകയ്ക്കുന്ന; ഉപ്പുകൂടിയ (വെള്ളം). (uppukaykkunna; uppukūṭiya (veḷḷam).)

にかわ 膠　～（でつける）പശവയ്ച്ച് ഒട്ടിക്കുക. (paśavayccu oṭṭikkuka.)

にがわせ 荷為替　～（を組む）ഡ്രാഫ്റ്റ് എടുക്കുക. (ḍrāphṟṟu eṭukkuka.)

にがわらい 苦笑い　വളിച്ച ചിരി. (vaḷicca ciri.) ～する വളിച്ച ചിരി ചിരിക്കുക. (vaḷicca ciri cirikkuka.)

にがんレフ 二眼レフ［カメラ］റ്റ്വിൻലെൻസ് റിഫ്ളെക്സ് (കേമറ). (ṟṟvinlensu ṟiphḷeksu (kēmaṟa).)

にき 二期　രണ്ടു തവണകൾ; രണ്ട് അവസരങ്ങൾ. (raṇṭu tavaṇakaḷ; raṇṭu avasaraṅṅaḷ.)

にぎ 二義　～的な രണ്ടാംതരമായ; മദ്ധ്യമമായ. (raṇṭāmtaramāya; maddhyamamāya.)

にきさく 二期作　ഇരട്ടവിളവെടുക്കൽ; അർദ്ധവാർഷിക കൊയ്ത്ത്. (iraṭṭaviḷaveṭukkal; arddhavārṣika koyttu.)

にきび 面皰　മുഖക്കുരു. (mukhakkuru.) ～のできた മുഖക്കുരുവുള്ള. (mukhakkuruvuḷḷa.)

にぎやか 賑やか　～な［雑踏］（繁盛）；［陽気な］തിരക്കേറിയ; അഭിവൃദ്ധിപ്പെടുന്ന; ജീവസ്സുറ്റ; ഉല്ലാസകരമായ. (tirakkēṟiya; abhivṛd-dhippeṭunna; jīvassuṟṟa; ullāsakaramāya.)

にきょく 二極　～の ദ്വികേന്ദ്രീകൃതമായ; ഇരട്ടധ്രുവങ്ങളുള്ള. (dvikē-ndrīkṛtamāya; iraṭṭadhruvaṅṅaḷuḷḷa.)

にきょく(ぶん)か 二極(分)化　ഇരട്ടധ്രുവീകരണം; ദ്വികേന്ദ്രീകരണം. (iraṭṭadhruvīkaraṇam; dvikēndrīkaraṇam.)

にぎらせる 握らせる ①（金を）കയ്യിൽ (പണം) വയ്ച്ച്കൊടുക്കുക. (kayyil (paṇam) vayckkoṭukkuka.) ② റ്റിപ്പു ചെയ്യുക; ഇനാം കൊടുക്കുക. (ṟṟippu ceyyuka; ināṃ koṭukkuka.) ③（わいろを）കൈക്കൂലി കൊടുക്കുക. (kaikkūli koṭukkuka.)

にぎり 握り　① പിടിത്തം; കൈപ്പിടി. (piṭittam; kaippiṭi.) ②［取っ手］പിടി. (piṭi.) 一～の ഒരുപിടി (അരി). (orupiṭi (ari).) *☞ 握り寿司.

にぎりこぶし 握り拳　(ചുരുട്ടിയ) മുഷ്ടി. ((curuṭṭiya) muṣṭi.)

にぎりしめる 握り締める　മുറുകെ പിടിക്കുക; പിടിച്ചു ഞെരിക്കുക; അള്ളിപ്പിടിക്കുക. (muṟuke piṭikkuka; piṭiccu ñerikkuka; aḷḷippiṭikkuka.)

にぎりずし 握り寿司　(ചോറ്) കൈകൊണ്ട് ഉരുട്ടിയെടുത്ത സുഷി. ((cōṟu) kaikoṇṭu uruṭṭiyeṭutta suṣi.)

にぎりつぶす 握り潰す　① കയ്യിലിട്ട് ഞെരിക്കുക. (kayyiliṭṭu ñerikkuka.) ②（書類などを）മാറ്റിവയ്ക്കുക. (māṟṟivaykkuka.) ③ പെട്ടിയിലിട്ടു വയ്ക്കുക; കൊല്ലുക; മേശപ്പുറത്ത് വയ്ക്കുക (ബില്ല്). (peṭṭiyiliṭṭu vaykkuka; kolluka; mēśappuṟattu vaykkuka (billu).)

にぎりめし 握飯 ഉരുളയാക്കിയ ചോറ്. (uruḷayākkiya cōṟu.)

にぎる 握る മുറുകെ പിടിക്കുക; കയ്യിൽ പിടിക്കുക. (muṟuke piṭikku-ka; kayyil piṭikkuka.)

にぎわい 賑わい ①（雑踏）ജനക്കൂട്ടം. (janakkūṭṭaṃ.) ②（繁盛）അഭിവൃദ്ധി. (abhivṛddhi.)

にぎわう 賑わう ①（雑踏する）തിരക്ക് കൂട്ടുക; തിക്കിത്തിരക്കുക. (tirakku kūṭṭuka; tikkittirakkuka.) ②（繁盛する）അഭിവൃദ്ധിപ്പെടുക. (abhivṛddhippeṭuka.)

にぎわす 賑わす （活気づける）സജീവമാക്കുക. (sajīvamākkuka.)

にく 肉 ① മാംസം. (māṃsaṃ.) ②（食用肉）ഭക്ഷ്യയോഗ്യമായ മാംസം. (bhakṣyayōgyamāya māṃsaṃ.) ③（牛肉）ഗോമാംസം. (gō-māṃsaṃ.) ④（豚肉）പന്നിയിറച്ചി. (panniyiṟacci.) ⑤（鶏肉）കോഴിമാംസം. (kōḻimāṃsaṃ.) ⑥（筋肉）പേശികൾ. (pēśikaḷ.) ⑦（肉体）ശരീരഭാഗം. (śarīrabhāgaṃ.) ～がつく（落ちる）ഇറച്ചിവയ്ക്കുക; പുഷ്ടിവയ്ക്കുക (മെലിയുക); (iṟaccivaykkuka; puṣṭivaykkuka (meliyuka);) ～の厚い（薄い）തടിച്ച / മെലിഞ്ഞ. (taṭicca / meliñña.) ⑧［印肉］ഇൻക് പാഡ് (മുദ്രണത്തിനുള്ള). (inku pāḍu (mudraṇattinnuḷḷa).)

- にくい - 難い ചെയ്യാൻ വിഷമമുള്ള. (ceyyān viṣamamuḷḷa.)

にくい 憎い ☞ 憎む.

にくいろ 肉色 ～（の）മാംസവർണ്ണത്തിലുള്ള. (māṃsavarṇṇattiluḷḷa.)

にくがん 肉眼 നഗ്നനേത്രങ്ങൾ. (nagnanētraṅṅaḷ.)

にくぎゅう 肉牛 ① ഗോമാംസം. (gōmāṃsaṃ.) ②《複数扱い》മാംസത്തിന്നായുള്ള കാലികൾ. (māṃsattinnāyuḷḷa kālikaḷ.)

にくこっぷん 肉骨粉 മാംസവും എല്ലുപൊടിയും. (māṃsavuṃ ellupo-ṭiyuṃ.)

にくしみ 憎しみ വെറുപ്പ്. (veṟuppu.) ～を受ける വെറുക്കപ്പെടുക. (veṟukkappeṭuka.)

にくしゅ 肉腫 MEDICAL ശരീരഭാഗങ്ങളിൽ കാണപ്പെടുന്ന മാരകമായ മുഴ. (śarīrabhāgaṅṅaḷil kāṇappeṭunna mārakamāya muḻa.)

にくじゅう 肉汁 ചാറ്; കറി; മാംസരസം; സൂപ്പ്. (cāṟu; kaṟi; māṃsa-rasaṃ; sūppu.)

にくしょく 肉食 ～する മാംസം കഴിക്കുക. (māṃsaṃ kaḻikkuka.)

にくしょくちょう（じゅう）肉食鳥（獣） ഇരകളെ പിടിച്ചുതിന്നുന്ന പക്ഷി (മൃഗം). (irakaḷe piṭiccutinnunna pakṣi (mṛgaṃ).)

にくしょくどうぶつ 肉食動物 മാംസഭുക്കായ മൃഗങ്ങൾ. (māṃsabhu-kkāya mṛgaṅṅaḷ.)

にくしん 肉親 രക്തബന്ധത്തിൽപ്പെട്ടവർ; വളരെ അടുത്ത (ബന്ധുക്കൾ). (raktabandhattilppeṭṭavar; vaḷare aṭutta (bandhukkaḷ).) ～の（実［ജിത്സു］の［നൊ］）വളരെ അടുത്ത (ബന്ധുക്കൾ); യഥാതഥമായ. (vaḷare aṭutta (bandhukkaḷ); yathātathamāya.)

ニクズク BOT ജാതിക്ക. (jātikka.)

にくずれ 荷崩れ കൂട്ടിവയ്ച്ച ചരക്ക് പൊട്ടിച്ചിതറൽ. (kūṭṭivaycca carakku poṭṭiccitaṟal.) ～が起きる കപ്പൽച്ചരക്ക് വേർപെട്ട് നീങ്ങുക. (kappalccarakku vērpeṭṭu nīṅṅuka.)

にくずれ 煮崩れ ～する പാചകം ചെയ്യുന്നതിനിടെ ചിതറിപ്പോവുക. (pācakaṃ ceyyunnatiniṭe citaṟippōvuka.)

にくせい 肉声 സ്വാഭാവികശബ്ദം. (svābhāvikaśabdaṃ.)

にくたい 肉体 ശരീരം; മാംസം. (śarīraṃ; māṃsaṃ.) ～の ശാരീരികമായ; ഭൗതികമായ. (śārīrikamāya; bhautikamāya.)

にくたいかんけい 肉体関係 ലൈംഗികബന്ധം. (laiṃgikabandhaṃ.)

にくたいび 肉体美 ശാരീരികസൗന്ദര്യം. (śārīrikasaundaryaṃ.)

にくたいろうどう（しゃ）肉体労働（者） ദേഹാദ്ധ്വാനം ചെയ്യുന്ന തൊഴിലാളി. (dēhāddhvānaṃ ceyyunna toḻilāḷi.)

にくたらしい 憎たらしい ☞ 憎らしい.

にくだん 肉弾 ◇にくだんせん 肉弾戦 മുഖാമുഖമായുള്ള (നേർക്കുനേരെയുള്ള) യുദ്ധം. (mukhāmukhamāyuḷḷa (nērkkunēreyuḷḷa) yuddhaṃ.)

にくだんご 肉団子 മാംസഉണ്ട (മീറ്റ്ബാൾ). (māṃsauṇṭa (mīṟṟbāḷ).)

にくづき 肉付き

～の良い തടിച്ചുകൊഴുത്ത; മാംസളമായ; (taṭiccukoḻutta; māṃsaḷamāya;) ～の悪い മെലിഞ്ഞ. (meliñña.)

にくづけ 肉付け ～する വിപുലീകരിക്കുക; സമൃദ്ധമാക്കുക. (vi-pulīkarikkuka; samṛddhamākkuka.)

にくにくしい 憎々しい ☞ 憎む.

にくはく 肉薄 ～する（競走で）. സമ്മർദ്ദത്തിന്നു വിധേയമാക്കുക (ശത്രുസൈന്യത്തേയോ; വ്യക്തിയേയോ); ഒപ്പത്തിനൊപ്പം ഓടുക. (sammarddattinnu vidhēyamākkuka (śatrusainyattēyō; vyaktiyēyō); oppatti-noppaṃ ōṭuka.)

にくばなれ 肉離れ ～する പേശിവലിയുക. (pēśivaliyuka.)

にくひき 肉挽 ◇にくひきき 肉挽器 മാംസം കൊത്തിയരിയുന്ന യന്ത്രം. (māṃsaṃ kottiyariyunna yantraṃ.)

にくひつ 肉筆 ആട്ടോഗ്രാഫ്; സ്വന്തം കയ്യക്ഷരം. (āṭṭōgrāphu; svantaṃ kayyakṣaraṃ.) ～の സ്വന്തം കൈപ്പടയിൽ. (svantaṃ kaippaṭayil.)

にくぶと 肉太

～の വെണ്ടക്ക അക്ഷരത്തിലുള്ള; (veṇṭakka akṣarattiluḷḷa;) ～に書く വെണ്ടക്കയക്ഷരത്തിൽ എഴുതുക. (veṇṭakkayakṣarattil eḻutuka.)

にくまれぐち 憎まれ口 ～をたたく പ്രകോപനപരമായ വാക്കുകൾ ഉപയോഗിക്കുക; നിന്ദാകരമാവുക. (prakōpanaparamāya vākkukaḷ upayōgikkuka; nindākaramāvuka.)

にくまれもの 憎まれ者 അവഹേളനാപാത്രം; ചതിയൻ. (avahēḷa-nāpātraṃ; catiyan.)

にくまれやく 憎まれ役 ജനപ്രിയമല്ലാത്ത പങ്ക്. (janapriyamallātta paṅku.)

にくまん 肉饅 ഒരുതരം ഇറച്ചിനിറച്ച ബൺ. (orutaraṃ iṟacciniṟacca baṇ.)

にくむ 憎む വെറുപ്പ്; അറപ്പ്. (veṟuppu; aṟappu.) ～べき വെറുപ്പിക്കുന്ന; അറപ്പുളവാക്കുന്ന. (veṟuppikkunna; aṟappuḷavākkunna.)

にくめない 憎めない മനസ്സിനിണങ്ങിയ; സന്മനസ്സുള്ള. (manassi-niṇaṅṅiya; sanmanassuḷḷa.)

にくや 肉屋 ①（人）കശാപ്പുകാരൻ. (kaśāppukāran.) ②［店］ഇറച്ചിക്കട. (iṟaccikkaṭa.)

にくよく 肉欲 കാമാവേശം; ലൈംഗികാവേശം. (kāmāvēśaṃ; laiṃgi-kāvēśaṃ.)

にくらしい 憎らしい വെറുപ്പുനിറഞ്ഞ; അറപ്പുതോന്നിപ്പിക്കുന്ന; ജുഗുപ്സാവഹമായ. (veṟuppuniṟañña; aṟapputōnnippikkunna; jugupsāvahamā-ya.)

にぐるま 荷車 കൈവണ്ടി; വാഗൺ. (kaivaṇṭi; vāgaṇ.) ～を引く കൈവണ്ടി വലിക്കുക. (kaivaṇṭi valikkuka.)

ニクロムせん ニクロム線 《商標》）［ナイクロウム］നൈക്രോം (ലോഹ)കമ്പി. (naikrōm (lōha)kampi.)

にぐん 二軍 ① രണ്ടാംനിര (ബെയ്സ്ബാൾ കളിക്കാർ). (raṇṭāṃ-nira (beysbāl kaḷikkār).) ② BASEBALL ഫാം ടീം (ബെയ്സ്ബാൾക്കളി). (phām ṭīṃ (beysbāḷkkaḷi).)

にぐんおちする 二軍落ちする രണ്ടാംനിര വളർത്തിയെടുക്കുക. (raṇṭāṃnira vaḷarttiyeṭukkuka.)

にげ 逃げ ～を打つ രക്ഷപ്പെടാൻ ശ്രമിക്കുക; ഒഴിഞ്ഞുമാറുക (കടമ). (rakṣappeṭān śramikkuka; oḻiññumāṟuka (kaṭama).)

にげあし 逃げ足 〜が速い ഓടിരക്ഷപ്പെടുന്നതിൽ വിരുതൻ. (ōṭirakṣappeṭunnatil virutan.)

にげうせる 逃げ失せる ഓടിപ്പോവുക; അപ്രത്യക്ഷമാവുക. (ōṭippōvuka; apratyakṣamāvuka.) *☞ 逃げる.

にげおくれる 逃げ遅れる രക്ഷപ്പെടാൻ താമസിച്ചുപോവുക; പിന്തള്ളപ്പെട്ടുപോവുക. (rakṣappeṭān tāmasiccupōvuka; pintaḷḷappeṭṭupōvuka.)

にげかえる 逃げ帰る ഓടിപ്പോയി തിരിച്ചുവരിക. (ōṭippōyi tiriccuvarika.)

にげかくれ 逃げ隠れ 〜する ഒളിച്ചിരിയ്ക്കുക; പതുങ്ങിയിരിക്കുക. (oḷicciriykkuka; patuṅṅiyirikkuka.)

にげきる 逃げ切る (കളിയുടെ) അന്ത്യംവരെ മുന്നേറ്റം നിലനിർത്തുക. ((kaḷiyuṭe) antyaṃvare munnēṟṟaṃ nilanirttuka.)

にげこうじょう 逃げ口上
〜(を言う) ഒഴികഴിവ് പറയുക; ഒഴികഴിവ് മറുപടി നല്കുക; (oḻikaḻivu paṟayuka; oḻikaḻivu maṟupaṭi nalkuka;) *☞ 口実.

にげごし 逃げ腰 〜になる((話))പിൻവലിയാൻ ശ്രമിക്കുക. (pinvaliyān śramikkuka.)

にげこむ 逃げ込む ഓടിച്ചെല്ലുക; ശരണം പ്രാപിക്കുക. (ōṭiccelluka; śaraṇaṃ prāpikkuka.)

にげじたく 逃げ支度 〜をする പിന്തിരിഞ്ഞോടാൻ ഒരുക്കം കൂട്ടുക; പിന്മാറാനൊരുങ്ങുക. (pintiriññōṭān orukkaṃ kūṭṭuka; pinmāṟānoruṅṅuka.)

にげそこなう 逃げ損なう ☞ 逃げ遅れる.

にげだす 逃げ出す ☞ 逃げる.

にげのびる 逃げ延びる ഓടിരക്ഷപ്പെടുക. (ōṭirakṣappeṭuka.)

にげば 逃げ場 ① അഭയകേന്ദ്രം. (abhayakēndraṃ.) ②(逃げ道) രക്ഷാമാർഗ്ഗം. (rakṣāmārggaṃ.) 〜を失う രക്ഷാമാർഗ്ഗം അടയ്ക്കപ്പെടുക. (rakṣāmārggaṃ aṭaykkappeṭuka.)

ぼうかけんちく 防火建築 തീപിടിക്കാത്ത കെട്ടിടം. (tīpiṭikkātta keṭṭiṭaṃ.)
ぼうかしゅうかん 防火週間 അഗ്നിശമനവാരം. (agniśamanavāraṃ.)
ぼうかせつび 防火設備 അഗ്നിശമന ഉപകരണങ്ങൾ. (agniśamana upakaraṇaṅṅaḷ.)
ぼうかたい 防火帯 ഫയർബ്രെയ്ക്ക് (കാട്ടുതീ പടരുന്നത് തടയാനുള്ള സംവിധാനം). (phayarbreykkɐ (kāṭṭutī paṭarunnatɐ taṭayānuḷḷa saṃvidhānaṃ).)
ぼうかふく 防火服 എളുപ്പം തീ പിടിക്കാത്ത വസ്ത്രങ്ങൾ. (eḷuppaṃ tī piṭikkātta vastraṅṅaḷ.)
ぼうかへき 防火壁 അഗ്നിമതിൽ. (agnimatil.)
ぼうかようすい 防火用水 അഗ്നിശമനത്തിനുപയോഗിക്കുന്ന ജലം. (agniśamanattinnupayōgikkunna jalaṃ.)
ぼうが 忘我 〜の境に入る ഹർഷോന്മാദത്തിലാവുക. (harṣōnmādattilāvuka.)
ほうかい 崩壊 ① തകർച്ച; നിലച്ചുപോകൽ. (takarcca; nilaccupōkal.) ② (山くずれ) ഉരുളുപൊട്ടൽ. (uruḷupoṭṭal.) 〜する തകരുക; പൊട്ടിവീഴുക. (takaruka; poṭṭivīḻuka.)
ほうかいかてい 崩壊家庭 തകർന്ന കുടുംബം (ബന്ധങ്ങൾ). (takarnna kuṭumbaṃ (bandhaṅṅaḷ).)
ほうがい 法外 〜な അസാധാരണമായ; അമിതമായ. (asādhāraṇamāya; amitamāya.)

ぼうがい 妨害 ① സമാധാനഭംഗം; തടസ്സം. (samādhānabhaṃgaṃ; taṭassaṃ.) ② （干渉）ഇടപെടൽ. (iṭapeṭal.) ③ （妨害物）പ്രതിബന്ധം. (pratibandhaṃ.) 〜する വഴിമുടക്കുക; ശല്യപ്പെടുത്തുക; ഇടപെടുക; മുടക്കം വരുത്തുക. (vaḻimuṭakkuka; śalyappeṭuttuka; iṭapeṭuka; muṭakkaṃ varuttuka.)

ぼうがい 望外 〜の അപ്രതീക്ഷിതമായ. (apratīkṣitamāya.)

- ほうがいいい - 方がいい

きみは行った（行かない）〜നീ(യവിടെ) പോകുന്നതാണ് (പോകാതിരിക്കുന്നതാണ്) നല്ലത്. (nī(yaviṭe) pōkunnatāṇụ (pōkātirikkunnatāṇụ) nallatụ.) *☞ いい, よい.

ほうかいせき 方解石 MINERALOGY കൽച്ചുണ്ണാമ്പ്. (kalccuṇṇāmpụ.)

ほうがく 方角 ദിശ; ലക്ഷ്യബോധം. (diśa; lakṣyabōdhaṃ.) 〜が分からなくなる വഴിതെറ്റിപ്പോവുക. (vaḻiteṟṟippōvuka.) 〜違いの方へ തെറ്റായദിശയിൽ. (teṟṟāyadiśayil.) …の〜へ ... ലോട്ട്;...ന്റെ ദിശയിൽ. (... lōṭṭụ;..nṟe diśayil.)

ほうがく 邦楽 ജാപ്പനീസ് സംഗീതം. (jāppanīsụ saṃgītaṃ.)

ほうがく 法学 നിയമശാസ്ത്രം; നിയമപഠനം. (niyamaśāstraṃ; niyamapaṭhanaṃ.)

ほうがくし 法学士 ① നിയമബിരുദധാരി. (niyamabirudadhāri.) ② 《*abbr.* ＬＬ．Ｂ.》（学位）എൽ. എൽ. ബി. ബിരുദധാരി. (el. el. bi. birudadhāri.)

ほうがくはくし 法学博士 ① ഡോക്ടർ ഓഫ് ലാസ്. (ḍōkṭar ōphụ lāsụ.) ② 《*abbr.* ＬＬ．Ｄ.》（学位）എൽ. എൽ. ഡി. ബിരുദധാരി. (el. el. ḍi. birudadhāri.)

ほうがくぶ 法学部 നിയമഫാക്കൽറ്റി. (niyamaphākkalṟṟi.)

ほうかご 放課後 സ്കൂൾ കഴിഞ്ഞ്. (skūḷ kaḻiññụ.)

ほうがちょう 奉加帳 〜を回す വരിസംഖ്യാ ബുക്ക് കൈമാറുക. (varisaṃkhyā bukkụ kaimāṟuka.)

ほうかつ 包括 ഉൾപ്പെടുത്തൽ; സംഗ്രഹിക്കൽ. (uḷppeṭuttal; saṃgrahikkal.) 〜的な ഉൾപ്പെടെയുള്ള; വ്യാപകമായ. (uḷppeṭeyuḷḷa; vyāpakamāya.) 〜する ഉൾപ്പെടുത്തുക; ഗ്രഹിക്കുക; അനേകസംഗതികൾ അടങ്ങുക. (uḷppeṭuttuka; grahikkuka; anēkasaṃgatikaḷ aṭaṅṅuka.)

ほうかつてきかくじっけんきんしじょうやく 包括的核実験禁止条約 《*abbr.* ＣＴＢＴ》 സമഗ്ര അണുവായുധ പരീക്ഷണനിരോധന ഉടമ്പടി (സീറ്റിബീറ്റി). (samagra aṇuvāyudha parīkṣaṇanirōdhana uṭampaṭi (sīṟṟibīṟṟi).)

ほうかん 砲艦 ചെറുപടക്കപ്പൽ. (ceṟupaṭakkappal.)

ほうがん 包含 〜する ☞ 含む

ほうがん 判官

ほうがんびいき 判官贔屓（びいき） ദുരന്തകഥാനായകനോടുള്ള സഹതാപം; ദുർബലരോടുള്ള സഹാനുഭൂതി. (durantakathānāyakanōṭuḷḷa sahatāpaṃ; durbalarōṭuḷḷa sahānubhūti.)

ほうがん 砲丸 （砲弾）പീരങ്കിഉണ്ട. (pīraṅkiuṇṭa.)

ほうがんなげ 砲丸投げ ഷോട്ട്പുട്ട്. (ṣōṭṭpuṭṭụ.)

ほうがんなげせんしゅ 砲丸投げ選手 ഷോട്ട്പുട്ടർ. (ṣōṭṭpuṭṭar.)

ぼうかん 防寒 തണുപ്പിൽനിന്നുള്ള സംരക്ഷണം. (taṇuppilninnuḷḷa saṃrakṣaṇaṃ.)

ぼうかんふく 防寒服 തണുത്ത കാലാവസ്ഥയ്ക്ക് പറ്റിയ വസ്ത്രങ്ങൾ. (taṇutta kālāvasthaykkụ paṟṟiya vastraṅṅaḷ.)

ぼうかん 傍観 〜する കയ്യുംകെട്ടി നോക്കിനിൽക്കുക. (kayyuṃkeṭṭi nōkkinilkkuka.)

ぼうかんしゃ 傍観者 കാഴ്ചക്കാരൻ. (kāḻcakkāran.)

ぼうかん 暴漢 〜（に襲われる）ചട്ടമ്പികളാൽ (കയ്യേറ്റം ചെയ്യപ്പെടുക). (caṭṭampikaḷāl (kayyēṟṟaṃ ceyyappeṭuka).)

ほうがんし 方眼紙 ഗ്രാഫ്പേപ്പർ; സെക്ഷൻപേപ്പർ. (grāphpēppar; sekṣanpēppar.)

ほうき 箒 ചൂൽ; ചുള്ളിക്കമ്പുകൾ കെട്ടിയുണ്ടാക്കുന്ന ചൂൽ. (cūl; cuḷḷikkampukaḷ keṭṭiyuṇṭākkunna cūl.)

ほうき 放棄 ① പരിത്യാഗം. (parityāgaṃ.) ② （主張・権利などの）(അവകാശങ്ങളുടെയും മറ്റും) ത്യാഗം. ((avakāśaṅṅaḷuṭeyuṃ maṟṟuṃ) tyāgaṃ.) 〜する ഉപേക്ഷിക്കുക; ത്യജിക്കുക. (upēkṣikkuka; tyajikkuka.)

ほうき 法規 ചട്ടങ്ങൾ; നിയമങ്ങൾ. (caṭṭaṅṅaḷ; niyamaṅṅaḷ.)

ほうき 蜂起 പ്രക്ഷോഭം; ലഹള. (prakṣōbhaṃ; lahaḷa.) 〜する പ്രക്ഷോഭിക്കുക. (prakṣōbhikkuka.)

ぼうぎ 謀議 ① ഗൂഢാലോചന. (gūḍhālōcana.) ② （相談）കൂടിയാലോചന. (kūṭiyālōcana.) 〜をこらす ഗൂഢാലോചന നടത്തുക; ഉപജാപം നടത്തുക. (gūḍhālōcana naṭattuka; upajāpaṃ naṭattuka.)

ほうきぼし 帚星 വാൽനക്ഷത്രം. (vālnakṣatraṃ.)

ぼうきゃく 忘却 വിസ്മൃതി. (vismṛti.) *☞ 忘れる.

ぼうぎゃく 暴虐 സ്വേച്ഛാധിപത്യം; ക്രൂരത. (svēcchādhipatyaṃ; krūrata.) 〜の സ്വേച്ഛാധിപത്യപരമായ. (svēcchādhipatyaparamāya.)

ほうきゅう 俸給 ☞ 給料.

ほうぎょ 崩御 ചരമം; മരണം. (caramaṃ; maraṇaṃ.)

ぼうきょ 暴挙 അക്രമം. (akramaṃ.) 〜に出る അക്രമം പ്രയോഗിക്കുക. (akramaṃ prayōgikkuka.)

ぼうぎょ 防御 ☞ 防衛.

ぼうぎょこうじ 防御工事 സുരക്ഷാനിർമ്മാണപ്രവർത്തികൾ. (surakṣānirmmāṇapravarttikaḷ.)

ぼうぎょせん 防御戦 പ്രതിരോധയുദ്ധം. (pratirōdhayuddhaṃ.)

ぼうぎょりつ 防御率 BASEBALL (ബെയിസ്ബാൾകളിയിൽ) ശരാശരി റൺനേട്ടം. ((beyisbāḷkaḷiyil) śarāśari ṟaṇṇēṭṭaṃ.)

ほうきょう 豊胸

ほうきょうしゅじゅつ 豊胸手術 സ്തനങ്ങളുടെ വലുപ്പം വർദ്ധിപ്പിക്കുവാനുള്ള ശസ്ത്രക്രിയ. (stanaṅṅaḷuṭe valuppaṃ varddhippikkuvānuḷḷa śastrakriya.)

ぼうきょう 望郷

〜の念 ഗൃഹാതുരത്വം; (gṛhāturatvaṃ;) 〜の念にかられる ഗൃഹാതുരത്വം അനുഭവപ്പെടുക. (gṛhāturatvaṃ anubhavappeṭuka.)

ぼうぐ 防具 രക്ഷകൻ; രക്ഷാധികാരി. (rakṣakan; rakṣādhikāri.) 〜をつける സംരക്ഷണകവചം ധരിക്കുക. (saṃrakṣaṇakavacaṃ dharikkuka.)

ぼうぐい 棒杙 തൂൺ; കുറ്റി. (tūṇ; kuṟṟi.)

ぼうくう 防空 ആകാശാക്രമണ പ്രതിരോധം. (ākāśākramaṇa pratirōdhaṃ.)

ぼうくうえんしゅう 防空演習 ആകാശാക്രമണ പ്രതിരോധ പരിശീലനം. (ākāśākramaṇa pratirōdha pariśīlanaṃ.)

ぼうくうごう 防空壕 എയർറെയിഡ് ഷെൽറ്റർ. (eyaṟṟeyiḍụ ṣelṟṟar.)

ぼうぐみ 棒組 PRINTING (അച്ചടിയിൽ) ആദ്യം എടുക്കുന്ന പ്രൂഫ് (ഗാലീപ്രൂഫ്). ((accaṭiyil) ādyaṃ eṭukkunna prūphụ (gālīprūphụ).) 〜に組む ആദ്യത്തെ പ്രൂഫിന്നായി ടൈപ്പ് നിരത്തുക. (ādyatte prūphinnāyi ṭaippụ nirattuka.)

ぼうくん 暴君 സ്വേച്ഛാധിപതി. (svēcchādhipati.)

ほうけい 方形 സമചതുരം. (samacaturaṃ.) 〜の സമചതുരമായ. (samacaturamāya.)

ほうけい 包茎 MEDICAL ശിശ്നാഗ്രത്തിലെ തൊലി പിന്നോട്ടു ചുരുങ്ങാതിരിക്കുന്ന പുരുഷരോഗാവസ്ഥ. (śiśnāgrattile toli pinnōṭṭu curuṅṅātirikkunna puruṣarōgāvastha.)

ぼうけい 傍系 〜の(副の). അടുത്തടുത്തായുള്ള; അന്യതാവഴിയിൽപ്പെട്ട; മറ്റൊരു കമ്പനിയുടെ നിയന്ത്രണത്തിലുള്ള (കമ്പനി). (aṭuttaṭuttāyuḷḷa; anyatāvaḻiyilppeṭṭa; maṟṟoru kampaniyuṭe niyantraṇattiluḷḷa (kampani).)

ぼうけいがいしゃ 傍系会社 അനുബന്ധകമ്പനി. (anubandhakampani.)

ぼうけいしんぞく 傍系親族 മറ്റൊരു താവഴിയിൽപ്പെട്ട ബന്ധു. (maṟṟoru tāvaḻiyilppeṭṭa bandhu.)

ほうげき 砲撃 ബോംബിടൽ; വെടിവയ്പ്പ്. (bōmbiṭal; veṭivayppu.) 〜する ബോംബ് വർഷിക്കുക; വെടിയുതിർക്കുക. (bōmbu varṣikkuka; veṭiyutirkkuka.)

ほうけん 封建 〜的な(保守的な). നാട്ടുവാഴിത്തരീതിയിലുള്ള; രീതിയിലുള്ള; ജന്മിത്തസമ്പ്രദായത്തിലുള്ള. (nāṭuvāḻittarītiyiluḷḷa; rītiyiluḷḷa; janmittasampradāyattiluḷḷa.)

ほうけんじだい 封建時代 നാട്ടുവാഴിത്ത കാലഘട്ടം (ജാപ്പാനിലെ). (nāṭuvāḻitta kālaghaṭṭam (jāppānile).)

ほうけんせいど(しゅぎ)封建制度(主義) നാട്ടുവാഴിത്തം; ജന്മികുടിയാൻ വ്യവസ്ഥിതി. (nāṭuvāḻittam; janmikuṭiyān vyavasthiti.)

ほうげん 方言 ഭാഷാഭേദം; ദേശ്യഭാഷ. (bhāṣābhēdam; dēśyabhāṣa.)
◇ほうげんがく 方言学 ദേശ്യഭാഷാപഠനം. (dēśyabhāṣāpaṭhanam.)
◇ちいき(かいきゅう)ほうげん 地域(階級)方言 പ്രാദേശികമായ (ജാതിതിരിച്ചുള്ള) ഭാഷാഭേദം. (prādēśikamāya (jātitiriccuḷḷa) bhāṣābhēdam.)

ほうげん 放言 ഉള്ളുതുറന്ന സംസാരം; ഒളിച്ചുവയ്ക്കാതെയുള്ള സംഭാഷണം. (uḷḷuturanna saṃsāram; oḷiccuvaykkāteyuḷḷa saṃbhāṣaṇam.) 〜する ധൈര്യമായി തുറന്നുപറയുക (സ്വന്തം അഭിപ്രായം);..........എന്ന് പറയാനുള്ള ധൈര്യമുണ്ടായിരിക്കുക. (dhairyamāyi turannuparayuka (svantaṃ abhiprāyam);..........ennu parayānuḷḷa dhairyamuṇṭāyirikkuka.)

ぼうけん 冒険 സാഹസികകൃത്യം. (sāhasikakṛtyam.) 〜的な സാഹസികമായ; അപകടസാദ്ധ്യതയുള്ള. (sāhasikamāya; apakaṭasāddhyatayuḷḷa.) 〜する അപകടം വിളിച്ചുവരുത്തുക. (apakaṭam viḷiccuvaruttuka.)

ぼうけんか 冒険家 സാഹസികൻ. (sāhasikan.)

ぼうげん 暴言 〜(を吐く) അസഭ്യമായ വാക്കുകൾ (ശകാരവാക്കുകൾ) ഉപയോഗിക്കുക. (asabhyamāya vākkukaḷ (śakāravākkukaḷ) upayōgikkuka.)

ほうこ 宝庫 ട്രഷറി. (ṭraṣari.) 知識の〜വിജ്ഞാനഭണ്ഡാഗാരം; പര്യായനിഘണ്ടു. (vijñānabhaṇḍāgāram; paryāyanighaṇṭu.)

ぼうご 防護 സംരക്ഷ; സുരക്ഷ. (saṃrakṣa; surakṣa.)

ほうこう 方向 ദിശ;ദിക്ക്. (diśa;dikku.) *☞ 方角. 〜を転換する ദിശമാറ്റുക. (diśamāṟṟuka.) その〜へ -ആ ദിശയിൽ. (-ā diśayil.)

ほうこうおんち(かんかく)方向音痴(感覚) ദിശാബോധമില്ലാതിരിക്കുക. (diśābōdhamillātirikkuka.)

ほうこうしじき 方向指示器 [自動車の](മോട്ടോർ വാഹനങ്ങളുടെ യാത്രാദിശ സൂചിപ്പിക്കുന്ന) ബ്ലിങ്കേഴ്സ്. ((mōṭṭōr vāhanaṅṅaḷuṭe yātrādiśa sūcippikkunna) bliṅkērsu.)

ほうこうだ 方向舵 AIRCRAFT (വിമാനത്തിന്റെ) കുത്തനെ ഉയരാനുള്ള ചുക്കാൻ. ((vimānattinṟe) kuttane uyarānuḷḷa cukkān.)

ほうこうたんちき 方向探知器 ഡയറക്ഷൻ ഫൈൻഡർ. (ḍayarakṣan phainḍar.)

ほうこう 芳香 ഹൃദയാവർജ്ജകമായ മണം; സുഗന്ധം. (hṛdayāvarjjakamāya maṇam; sugandham.) 〜のある സുഗന്ധമുള്ള. (sugandhamuḷḷa.)

ほうこうざい 芳香剤 വാസനയുള്ള; സുരഭിലമായ. (vāsanayuḷḷa; surabhilamāya.)

ほうこう 奉公 ① സേവനം. (sēvanam.) ② (徒弟の)പരിശീലനം നേടൽ. (pariśīlanam nēṭal.) 〜する (ഒരാളുടെ കീഴിൽ) ജോലിചെയ്യുക; സഹായി ആയി ജോലിനോക്കുക. ((orāḷuṭe kīḻil) jōliceyyuka; sahāyi āyi jōlinōkkuka.)

ほうこう 放校 വിദ്യാലയത്തിൽനിന്നും പുറത്താക്കൽ. (vidyālayattilninnum puṟattākkal.) 〜される വിദ്യാലയത്തിൽനിന്നും പുറത്താക്കപ്പെടുക. (vidyālayattilninnum puṟattākkappeṭuka.)

ほうこう 砲口 തോക്കിന്റെ വായ്; മോന്തപ്പട്ട. (tōkkinṟe vāyu; mōntappaṭṭa.)

ほうこう 彷徨 〜する അലഞ്ഞുതിരിയുക. (alaññutiriyuka.)

ほうごう 縫合 MEDICAL തുന്ന് (ശസ്ത്രക്രിയയിൽ). (tunnu (śastrakriyayil).) 〜する തുന്നുക. (tunnuka.)

ぼうこう 膀胱 മൂത്രസഞ്ചി. (mūtrasañci.)

ぼうこうえん 膀胱炎 MEDICAL മൂത്രസഞ്ചിവീക്കം. (mūtrasañcivīkkam.)

ぼうこう 暴行 ① അതിക്രമം; കയ്യേറ്റം. (atikramam; kayyēṟṟam.) ② [強姦] ബലാൽസംഗം. (balālsaṃgam.) 〜する [婦女 [ഫുജൊ] を [വൊ]] അതിക്രമം കാട്ടുക; ബലാൽക്കാരം ചെയ്യുക (സ്ത്രീകളെ). (atikramam kāṭṭuka; balālkkāram ceyyuka (strīkaḷe).)

ほうこく 報告 വാർത്ത; റിപ്പോർട്ട്. (vārtta; ṟippōrṭṭu.) 〜する വാർത്ത അയക്കുക; റിപ്പോർട്ട് ചെയ്യുക. (vārtta ayakkuka; ṟippōrṭṭu ceyyuka.)

ほうこくしゃ 報告者 ലേഖകൻ; ലേഖിക. (lēkhakan; lēkhika.)

ほうこくしょ 報告書 ① റിപ്പോർട്ട്. (ṟippōrṭṭu.) ② (紀要)ഇടപാട് സംബന്ധിച്ച വിവരങ്ങൾ. (iṭapāṭu sambandhicca vivaraṅṅaḷ.)

ぼうこく 亡国 സ്വന്തം രാജ്യത്തിന്റെ നാശാവശിഷ്ടങ്ങൾ; നാശോന്മുഖമായ രാജ്യം. (svantaṃ rājyattinṟe nāśāvaśiṣṭaṅṅaḷ; nāśōnmukhamāya rājyam.)

ぼうさい 防災 അത്യാഹിതപ്രതിരോധം. (atyāhitapratirōdham.)

ぼうさいアセスメント 防災アセスメント അത്യാഹിത പ്രതിരോധശേഷി നിർണ്ണയം. (atyāhita pratirōdhaśēṣi nirṇṇayam.)

ぼうさいくんれん 防災訓練 അത്യാഹിത പ്രതിരോധ പരിശീലനം. (atyāhita pratirōdha pariśīlanam.)

ぼうさいけいかく 防災計画 അത്യാഹിത പ്രതിരോധപദ്ധതി. (atyāhita pratirōdhapaddhati.)

ぼうさいセンター 防災センター അത്യാഹിത പ്രതിരോധകേന്ദ്രം. (atyāhita pratirōdhakēndram.)

ほうさく 方策 പരിപാടി; പദ്ധതി. (paripāṭi; paddhati.) 〜が尽きる ആശയദാരിദ്ര്യം അനുഭവപ്പെടുക. (āśayadāridryam anubhavappeṭuka.)

ほうさく 豊作 നല്ല വിളവ് (കൊയ്ത്ത്). (nalla viḷavu (koyttu).)

ぼうさつ 謀殺 മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ട കൊലപാതകം. (munkūṭṭi āsūtraṇam ceyyappeṭṭa kolapātakam.) 〜する കൊലചെയ്യുക. (kolaceyyuka.)

ぼうさつ 忙殺 〜される വളരെയധികം തിരക്കിലായിരിക്കുക. (vaḷareyadhikam tirakkilāyirikkuka.)

ほうさん 放散 ①(光熱の)വികിരണം. (vikiraṇam.) ② (拡散)പ്രസരണം. (prasaraṇam.) 〜する പ്രസരിക്കുക; വികിരണം ചെയ്യുക. (prasarikkuka; vikiraṇam ceyyuka.)

ほうさん ホウ酸, 硼酸 ബോറിക്ക് അമ്ലം. (bōṟikku amlam.)

ほうさんすい 硼酸水 ബോറിക് അമ്ലലായിനി. (bōṟiku amlalāyini.)

ほうし 奉仕 〜する സേവനം; ത്യാഗം. (sēvanam; tyāgam.)

ほうしかかく 奉仕価格 വിലക്കിഴിവ്. (vilakkiḻivu.)
ほうしかつどう 奉仕活動 സൗജന്യസേവനം. (saujanyasēvanaṃ.)
ほうし 法師 സന്ന്യാസി. (sannyāsi.)
ほうし 胞子 BOT (സസ്യശാസ്ത്രം) നിഷ്പുഷ്പ സസ്യബീജം. ((sasyaśāstraṃ) niṣpuṣpa sasyabījaṃ.)
ほうししょくぶつ 胞子植物 ① നിഷ്പുഷ്പ സസ്യം. (niṣpuṣpa sasyaṃ.) ② BOT (സസ്യശാസ്ത്രം) ക്രിപ്റ്റോ ഗാം സസ്യവിഭാഗം. ((sasyaśāstraṃ) kriprrō gāṃ sasyavibhāgaṃ.)
ほうじ 邦字
ほうじしんぶん 邦字新聞 ജാപ്പാനീസ് വൃത്താന്തപത്രം. (jāppānīsu vṛttāntapatraṃ.)
ほうじ 法事 〜(を行なう)അനുസ്മരണയോഗം ചേരുക. (anusmaraṇayōgaṃ cēruka.)
ぼうし 帽子 തൊപ്പി. (toppi.) 〜をかぶる(とる)തൊപ്പിവയ്ക്കുക (എടുക്കുക). (toppivaykkuka (eṭukkuka).)
ぼうしかけ 帽子掛け തൊപ്പി തൂക്കുന്ന കുറ്റി. (toppi tūkkunna kurri.)
ぼうしや 帽子屋 ① [人]തൊപ്പി വില്പനക്കാരൻ. (toppi vilpanakkāran.) ② (婦人用の)സ്ത്രീകൾക്കുള്ള തൊപ്പിയും മറ്റും നിർമ്മിക്കുന്ന (വില്ക്കുന്ന) ആൾ. (strīkaḷkkuḷḷa toppiyuṃ marruṃ nirmmikkunna (vilkkunna) āḷ.)
ぼうし 防止 ① പ്രതിരോധിക്കൽ. (pratirōdhikkal.) ② (抑制) നിയന്ത്രിക്കൽ. (niyantrikkal.) 〜する പ്രതിരോധിക്കുക. (pratirōdhikkuka.)
ほうしき 方式 ① ക്രമം. (kramaṃ.) ② (方法) മാർഗ്ഗം; രീതി. (mārggaṃ; rīti.)
ほうじちゃ 焙じ茶 വറുത്തെടുത്ത ചായ(പ്പൊടി). (varutteṭutta cāya(ppoṭi).)
ぼうしつ 防湿 〜の ഈർപ്പം ബാധിക്കാത്ത. (īrppaṃ bādhikkātta.)
ぼうじま 棒縞 വരകൾ. (varakaḷ.) 〜の വരയുള്ള. (varayuḷḷa.)
ほうしゃ 放射 വികിരണം. (vikiraṇaṃ.) 〜する വികിരണം ചെയ്യുക. (vikiraṇaṃ ceyyuka.) 〜状の വികിരണം ചെയ്യപ്പെട്ട. (vikiraṇaṃ ceyyappeṭṭa.) 〜性の രാദശക്തിയുള്ള. (rādaśaktiyuḷḷa.)
ほうしゃせいこうかぶつ 放射性降下物 രാദശക്തിയുള്ള വസ്തുക്കളുടെ വൃഷ്ടി. (rādaśaktiyuḷḷa vastukkaḷuṭe vṛṣṭi.)
ほうしゃせいどういげんそ 放射性同位元素 റേഡിയോ സമസ്ഥാനീയം (ഐസോറ്റോപ്പ്). (rēḍiyō samasthānīyaṃ (aisōrrōppu).)
ほうしゃせいはいきぶつ 放射性廃棄物 രാദശക്തിയുള്ള പാഴ്വസ്തുക്കൾ (മാലിന്യം). (rādaśaktiyuḷḷa pāḻvastukkaḷ (mālinyaṃ).)
ほうしゃせいぶっしつ 放射性物質 രാദശക്തിയുള്ള വസ്തു. (rādaśaktiyuḷḷa vastu.)
ほうしゃせいほうかい 放射性崩壊 രാദകജീർണ്ണത. (rādakajīrṇṇata.)
ほうしゃせん 放射線 വികിരണ രശ്മികൾ. (vikiraṇa raśmikaḷ.)
ほうしゃせんい 放射線医 എക്സ് രശ്മികളിലും അവയുപയോഗിച്ചുള്ള ചികിത്സയിലും വിദഗ്ധൻ. (eksu raśmikaḷiluṃ avayupayōgiccuḷḷa cikitsayiluṃ vidagddhan.)
ほうしゃせんしょうがい 放射線障害 വികിരണകിരണങ്ങളാലുള്ള അപകടം. (vikiraṇakiraṇaṅṅaḷāluḷḷa apakaṭaṃ.)
ほうしゃせんじょうの 放射線状の വണ്ടിച്ചക്രത്തിന്റെ അഴികൾപോലുള്ള. (vaṇṭiccakrattinre aḻikaḷpōluḷḷa.)
ほうしゃせんりょうほう 放射線療法 റേഡിയേഷൻ ചികിത്സ. (rēḍiyēṣan cikitsa.)
ほうしゃ(じょう)どうろ 放射(状)道路 കേന്ദ്രാപഗ്രാമിയായ പാതകൾ. (kēndrāpagrāmiyāya pātakaḷ.)
ほうしゃねつ 放射熱 റേഡിയന്റ് താപം. (rēḍiyanru tāpaṃ.)
ほうしゃれいきゃく 放射冷却 METEOROL (കാലാവസ്ഥാനിരീക്ഷണ ശാസ്ത്രം) ചുറ്റിലും പ്രസരിക്കുന്ന ശീതീകരണം. ((kālāvasthānirīkṣaṇa śāstraṃ) curriluṃ prasarikkunna śītīkaraṇaṃ.)
ほうしゃ ホウ砂, 硼砂 CHEM ബൊറാക്സ്; വെൺകാരം. (borāksu; veṇkāraṃ.)
ぼうじゃくぶじん 傍若無人
〜の ധിക്കാരിയായ; അഹംഭാവിയായ; (dhikkāriyāya; ahaṃbhāviyāya;) 〜にふるまう ധിക്കാരിയായിരിക്കുക; പിടിവാശിക്കാരനായിരിക്കുക. (dhikkāriyāyirikkuka; piṭivāśikkāranāyirikkuka.)
ほうしゃのう 放射能 രാദകശക്തി. (rādakaśakti.) 〜を持った രാദകശക്തിയുള്ള. (rādakaśaktiyuḷḷa.)
ほうしゃのうおせん 放射能汚染 രാദകമാലിന്യം. (rādakamālinyaṃ.)
ほうしゃのうしょうがい 放射能障害 രാദകവിഷബാധ. (rādakaviṣabādha.)
ほうしゃのうもれ 放射能漏れ രാദകചോർച്ച. (rādakacōrcca.)
ほうしゅ 砲手 പീരങ്കിഭടൻ. (pīraṅkibhaṭan.)
ぼうじゅ 傍受 വിഘ്നപ്പെടുത്തൽ; ഇടയ്ക്കുവയ്ച്ച് തടസ്സപ്പെടുത്തൽ. (vighnappeṭuttal; iṭaykkuvayccu taṭassappeṭuttal.) 〜する വിഘ്നപ്പെടുത്തുക. (vighnappeṭuttuka.)
ほうしゅう 報酬 ① പ്രതിഫലം (നല്കുക); കൂലി. (pratiphalaṃ (nalkuka); kūli.) ② (医師・弁護士などの) (ഡോക്ടറുടേയും വക്കീലിൻറെയും മറ്റും) ഫീസ്. ((ḍōkrraruṭēyuṃ vakkīlinreyuṃ marruṃ) phīsu.) ③ പ്രതിഫലം. (pratiphalaṃ.) 〜を出す പ്രതിഫലം നല്കുക. (pratiphalaṃ nalkuka.)
ほうじゅう 放縦 ലൈസൻസ്. (laisansu.) 〜な തന്നിഷ്ടമായി നടക്കുന്ന; ഭോഗാസക്തി മുഴുത്ത; ദുഃസ്വഭാവിയായ. (tanniṣṭamāyi naṭakkunna; bhōgāsakti muḻutta; duḥsvabhāviyāya.)
ぼうしゅう 防臭 വാസന നിർമ്മാർജ്ജനം ചെയ്യൽ. (vāsana nirmmārjjanaṃ ceyyal.)
ぼうしゅうざい 防臭剤 ദുർഗന്ധനാശകവസ്തു. (durgandhanāśakavastu.)
ぼうしゅく 防縮
ぼうしゅくかこうした 防縮加工した 《商標 Sanforize より》 സാൻഫൊറൈസ് ചെയ്ത (വാണിജ്യമുദ്ര). (sānphoraiḥsu ceyta (vāṇijyamudra).)
ほうしゅつ 放出 〜(する)(解放);(排出). വിട്ടയക്കുക; പുറത്തുവിടുക. (viṭṭayakkuka; purattuviṭuka.)
ほうじゅつ 砲術 പീരങ്കിവെടിവയ്പ്പ്; ആർട്ടില്ലറി. (pīraṅkiveṭivayppu; ārṭṭillari.)
ほうじゅん 芳醇 〜な സ്നിഗ്ധമായ; പാകത വന്ന (മദ്യം). (snigddhamāya; pākata vanna (madyaṃ).)
ほうじょ 幇助 സഹായം; സഹകരണം. (sahāyaṃ; sahakaraṇaṃ.) 〜する(犯罪[ഹൻസ്ഐ]を[വൊ])സഹായിക്കുക; സഹകരിക്കുക. (sahāyikkuka; sahakarikkuka.)
ぼうしょ 某所 ☞ 某.
ほうしょう 報償 നഷ്ടപരിഹാരം. (naṣṭaparihāraṃ.)
ほうしょうきん 報償金 നഷ്ടപരിഹാരത്തുക. (naṣṭaparihārattuka.)
ほうしょう 褒章 കീർത്തിമുദ്ര (മെഡൽ). (kīrttimudra (meḍal).) ◇らんじゅほうしょう 藍綬褒章 ഓർഡർ ഓഫ് ദ ബ്ലൂ റിബ്ബൺ. (ōrdar ōphu da blū ribban.)
ほうしょう 褒賞 ☞ 褒美.

ほうじょう 豊饒
～な സമൃദ്ധമായ; ഫലഭൂയിഷ്ഠമായ; (samṛddhamāya; phalabhūyiṣṭhamāya;) ～の角 സമൃദ്ധിയുടെ പ്രതീകമായ മൃഗക്കൊമ്പ്; അക്ഷയപാത്രം. (samṛddhiyuṭe pratīkamāya mṛgakkompu; akṣayapātram.)
ぼうしょう 傍証 പരോക്ഷമായ തെളിവ്; സാഹചര്യത്തെളിവ് (parōkṣamāya teḷivu; sāhacaryatteḷivu) ～する അനുമാനിക്കുക. (anumānikkuka.)
ほうしょうきん 報奨金 ബോണസ്. (bōṇasu.)
ほうしょく 奉職 ～する (പദവിയിൽ) സേവനമനുഷ്ഠിക്കുക; ജോലിചെയ്യുക. ((padaviyil) sēvanamanuṣṭhikkuka; jōliceyyuka.)
ほうしょく 飽食 ～する വയറുനിറയെ കഴിക്കുക. (vayaruniraye kaḻikkuka.)
ぼうしょく 暴食 അമിതാഹാരം. (amitāhāram.) ～する അമിതമായി ഭക്ഷിക്കുക. (amitamāyi bhakṣikkuka.)
ほうしょくひん 宝飾品 ആഭരണങ്ങൾ. (ābharaṇaṅṅaḷ.)
ほうじる 奉じる ① (信じる) വിശ്വസിക്കുക. (viśvasikkuka.) ② പദവിയിലിരിക്കുക. (padaviyilirikkuka.) ③ (奉る) സമർപ്പിക്കുക; നല്കുക. (samarppikkuka; nalkuka.)
ほうじる 焙じる ചൂടാക്കുക; വറുക്കുക. (cūṭākkuka; varukkuka.)
ほうじる 報じる ☞ 知らせる, 報告(する), 報いる.
ほうしん 方針 ① പദ്ധതി; മാർഗ്ഗരേഖ. (paddhati; märggarēkha.) ② (政策) നയം. (nayam.) ～を定める ഭാവിപരിപാടി നിശ്ചയിക്കുക. (bhāviparipāṭi niścayikkuka.)
ほうしん 放心 ～した മനസ്സ് മറ്റെങ്ങോ ആയ. (manassu marreṅṅō āya.)
ほうしんじょうたい 放心状態 മനസ്സ് മറ്റെങ്ങോ ആയ അവസ്ഥ. (manassu marreṅṅō āya avastha.)
ほうしん 砲身 (തോക്കിന്റെ) പാത്തി; തോക്കിന്റെ കുഴൽ. ((tōkkinre) pātti; tōkkinre kuḻal.)
ほうしん 疱疹 MEDICAL ഹെർപ്പിസ് (ഒരുതരം ചർമ്മരോഗം). (herppisu (orutaram carmmarōgam).)
ほうじん 方陣 ചതുരാകൃതിയായി അണിനിരത്തിയ സേനാവിഭാഗം. (caturākṛtiyāyi aṇinirattiya sēnāvibhāgam.)
ほうじん 邦人 ① ജപ്പാൻകാരൻ. (jappānkāran.) ② (総称) ജപ്പാൻകാർ. (jappānkār.)
ほうじん 法人 നിയമപാലന സംഘടന; കോർപ്പറേഷൻ. (niyamapālana saṃghaṭana; kōrpparēṣan.)
ほうじんぜい 法人税 കോർപ്പറേഷൻ നികുതി. (kōrpparēṣan nikuti.)
ぼうじん 防塵 ～の പൊടികടക്കാത്ത. (poṭikaṭakkātta.)
ぼうじんめがね 防塵めがね തടിമാടൻ കണ്ണട; കുതിരക്കൺമറ. (taṭimāṭan kaṇṇaṭa; kutirakkaṇmara.)
ぼうず 坊主 ① [僧] പൂജാരി; പുരോഹിതൻ. (pūjāri; purōhitan.) ② [頭] പറ്റെ മുടിവെട്ടിയ ശിരസ്സ്. (parre muṭiveṭṭiya śirassu.) ③ [子供] കൊച്ചൻ (കൊച്ചുമോൻ). (koccan (koccumōn).)
ぼうずがり 坊主刈り പറ്റെയുള്ള മുടിവെട്ട്. (parreyuḷḷa muṭiveṭṭu.)
ほうすい 放水
～(する) പുറത്തേക്ക് ഒഴുക്കുക (വെള്ളം); ധാരായന്ത്രം; ഊക്കോടെ തുപ്പുക. (purattēkku oḻukkuka (veḷḷam); dhārāyantram; ūkkōṭe tuppuka.) *☞ 排水.
ほうすいしゃ 放水車 വെള്ളം തളിക്കുന്ന വണ്ടി. (veḷḷam taḷikkunna vaṇṭi.)
ほうすいろ 放水路 അഴുക്കുചാൽ. (aḻukkucāl.)
ぼうすい 紡錘 റാട്ടുസൂചി; നെയ്ത്തുകുരുവി. (rāṭṭusūci; neyttukuruvi.) ～形の നെയ്ത്ത് കുരുവിയുടെ ആകൃതിയിലുള്ള (അറ്റം കൂർത്ത് നടുഭാഗം തടിച്ച). (neyttu kuruviyuṭe ākṛtiyiluḷḷa (arram kūrttu naṭubhāgam taṭicca).)
ぼうすい 防水 ～の വെള്ളം കടക്കാത്ത. (veḷḷam kaṭakkātta.)
ぼうすいかこう 防水加工 വെള്ളം കടക്കാതെയാക്കുന്ന ജോലി. (veḷḷam kaṭakkāteyākkunna jōli.)
ぼうすいかこうする 防水加工する വെള്ളം കടക്കാത്ത വിധത്തിലാക്കുക. (veḷḷam kaṭakkātta vidhattilākkuka.)
ほうせい 法制 ① നിയമങ്ങൾ. (niyamaṅṅaḷ.) ② (立法) നിയമനിർമ്മാണം. (niyamanirmmāṇam.) ～化する നിയമത്തിലുൾപ്പെടുക; നിയമനിർമ്മാണം നടത്തുക. (niyamattiluḷppeṭuka; niyamanirmmāṇam naṭattuka.) ◇ないかくほうせいきょく 内閣法制局 മന്ത്രിസഭയുടെ നിയമനിർമ്മാണ കാര്യാലയം. (mantrisabhayuṭe niyamanirmmāṇa kāryālayam.)
ほうせい 砲声 തോക്കുകളുടെ ശബ്ദം. (tōkkukaḷuṭe śabdam.)
ほうせい 縫製 തയ്യൽ. (tayyal.)
ほうせいこう 縫製工 തയ്യൽക്കാരി. (tayyalkkāri.)
ぼうせい 暴政 സ്വേച്ഛാധിപത്യം. (svēcchādhipatyam.)
ほうせき 宝石 രത്നക്കല്ല്. (ratnakkallu.)
ほうせきしょう 宝石商 ആഭരണക്കട. (ābharaṇakkaṭa.)
ほうせきばこ 宝石箱 ആഭരണപ്പെട്ടി. (ābharaṇappeṭṭi.)
ぼうせき 紡績 നൂൽനൂൽപ്പ്. (nūlnūlppu.)
ぼうせきぎょう 紡績業 നൂൽനൂൽപ്പ് വ്യവസായം. (nūlnūlppu vyavasāyam.)
ぼうせきこうじょう 紡績工場 നെയ്ത്തുമില്ല്. (neyttumillu.)
ぼうせつりん 防雪林 വനമേഖലകളിൽ (റെയിൽപ്പാളത്തിന്മേലുള്ള) മഞ്ഞുവീഴ്ച ലഘൂകരിക്കാനുള്ള കാട്. (vanamēkhalakaḷil (reyilppāḷattinmēluḷḷa) maññuvīḻca laghūkarikkānuḷḷa kāṭu.)
ぼうせん 防戦 പ്രതിരോധസമരം; സ്വന്തം സുരക്ഷയ്ക്കുവേണ്ടിയുള്ള സമരം (pratirōdhasamaram; svantam surakṣaykkuvēṇṭiyuḷḷa samaram) ～する സ്വന്തം സുരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുക. (svantam surakṣaykkuvēṇṭi yuddham ceyyuka.)
ぼうせん 傍線 ① പാർശ്വരേഖ. (pārśvarēkha.) ② (下線) അടിവര. (aṭivara.)
ぼうぜん 茫然 ～と ശൂന്യഭാവത്തിൽ; നിർവികാരമായി; മനസ്സ് മറ്റെങ്ങോ ആയ നിലയിൽ. (śūnyabhāvattil; nirvikāramāyi; manassu marreṅṅō āya nilayil.)
ホウセンカ 鳳仙花 BOT (സസ്യശാസ്ത്രം) തൊട്ടാവാടിപോലുള്ള ഒരുതരം പൂച്ചെടി. ((sasyaśāstram) toṭṭāvāṭipōluḷḷa orutaram pūcceṭi.)
ほうそ ホウ素, 硼素 CHEM 《*Symbol* B》 ബൊറൊൺ (മൂലകം). (boron (mūlakam).)
ほうそう 包装 പായ്ക്കിംഗ്. (pāykkiṃgu.) ～する പായ്ക്ക് ചെയ്യുക; പൊതിയുക. (pāykku ceyyuka; potiyuka.)
ほうそうし 包装紙 പൊതിക്കടലാസ്സ്. (potikkaṭalāssu.)
ほうそう 放送 ബ്രോഡ്കാസ്റ്റ്; ടെലികാസ്റ്റ്; പ്രസരണം; പ്രക്ഷേപണം. (brōḍkāsrru; ṭelikāsrru; prasaraṇam; prakṣēpaṇam.) ～する പ്രക്ഷേപണം ചെയ്യുക. (prakṣēpaṇam ceyyuka.) ◇ほうそうえいせい 放送衛星 പ്രക്ഷേപണ ഉപഗ്രഹം. (prakṣēpaṇa upagraham.) ◇ほうそうかい 放送界 പ്രക്ഷേപണവൃത്തങ്ങൾ. (prakṣēpaṇavṛttaṅṅaḷ.) ◇ほうそうきょく 放送局 ടെലിവിഷൻ/റേഡിയോ സ്റ്റേഷൻ. (ṭeliviṣan/rēḍiyō srrēṣan.) ◇ほうそうげき 放送劇 റേഡിയോ/ടെലിവിഷൻ നാടകം. (rēḍiyō/ṭeliviṣan nāṭakam.) ◇ほうそうだいがく 放送大学 പ്രക്ഷേപണ സർവകലാശാല; ഓപ്പൺ സർവകലാശാല. (prakṣēpaṇa

sarvakalāśāla; ōppaṇ sarvakalāśāla.) ◇ほうそうもう 放送網 റേഡിയോ (ടെലിവിഷൻ) നെറ്റ് വർക്ക്. (rēḍiyō (ṭeliviṣan) neṟṟʉ varkkʉ.) ◇だいいちほうそう 第一放送 ആദ്യത്തെ പരിപാടിയായി പ്രക്ഷേപണം ചെയ്യൽ. (ādyatte paripāṭiyāyi prakṣēpaṇaṃ ceyyal.)

ほうそう 疱瘡 [天然痘]വസൂരി. (vasūri.) *☞ 種痘.

ぼうそう 暴走 ～する(電車などが). അശ്രദ്ധമായും സാഹസികമായും വാഹനമോടിക്കുക; ഓടിപ്പോവുക (വാഹനങ്ങൾ, നിയന്ത്രണം വിട്ട്). (aśraddhamāyuṃ sāhasikamāyuṃ vāhanamōṭikkuka; ōṭippōvuka (vāhanaṅṅaḷ, niyantraṇaṃ viṭṭʉ).)

ぼうそうぞく 暴走族 ① (集団) മോട്ടോർ സൈക്കിളിൽ തലങ്ങും വിലങ്ങും അതിവേഗം ഓടിച്ചുപോകുന്ന തെമ്മാടിസംഘം. (mōṭṭōr saikkiḷil talaṅṅuṃ vilaṅṅuṃ ativēgaṃ ōṭiccupōkunna temmāṭisaṃghaṃ.) ② *slang* (1 人) സാഹസികമായി മോട്ടോർ സൈക്കിൾ ഓടിക്കുന്ന ആൾ. (sāhasikamāyi mōṭṭōr saikkiḷ ōṭikkunna āḷ.)

ほうそうかい 法曹界 നീതിന്യായ വൃത്തങ്ങൾ. (nītinyāya vṛttaṅṅaḷ.)

ほうそく 法則 നിയമം; ചട്ടം. (niyamaṃ; caṭṭaṃ.)

ほうたい 包帯 മുറിവ് വയ്ച്ച് കെട്ടൽ; ബാന്റേജ്. (muṟivʉ vayccʉ keṭṭal; bānṟējʉ.) ～する മുറിവ് വയ്ച്ച് കെട്ടുക. (muṟivʉ vayccʉ keṭṭuka.)

- ほうだい - 放題

言いたい～のことを言う പറയാൻ തോന്നുന്നത് പറയുക (paṟayān tōnnunnatʉ paṟayuka) したい～のことをする ചെയ്യാൻ തോന്നുന്ന കാര്യം ചെയ്യുക; സ്വേച്ഛപോലെ നടക്കുക. (ceyyān tōnnunna kāryaṃ ceyyuka; svēcchapōle naṭakkuka.)

ほうだい 砲台 പീരങ്കിനിര. (pīraṅkinira.)

ぼうだい 膨大 ～な അപാരമായ; ബൃഹത്തായ. (apāramāya; bṛhattāya.)

ぼうたかとび 棒高跳び പോൾവാൾട്ട് (ചാട്ടം). (pōlvāḷṭṭʉ (cāṭṭaṃ).)

ぼうたかとびせんしゅ 棒高跳び選手 പോൾവാൾട്ട് ചാട്ടക്കാരൻ. (pōlvāḷṭṭʉ cāṭṭakkāran.)

ぼうだち 棒立ち ～になる(馬が). (കുതിരയും മറ്റും) കുതിക്കാനൊരുങ്ങി നില്ക്കുക. ((kutirayuṃ maṟṟuṃ) kutikkānoruṅṅi nilkkuka.)

ぼうだら 棒鱈 ഉണങ്ങിയ കോഡ് മത്സ്യം. (uṇaṅṅiya kōḍʉ matsyaṃ.)

ほうだん 放談 ☞ 放言.

ほうだん 砲弾 പീരങ്കി ഉണ്ട. (pīraṅki uṇṭa.)

ぼうだん 防弾 ～の വെടിയുണ്ട ഏശാത്ത; ബുള്ളറ്റ് പ്രൂഫ് ആയ. (veṭiyuṇṭa ēśātta; bullaṟṟʉ prūphʉ āya.)

ほうち 放置 ～する വെറുതെ വിട്ടുകളയുക; അവഗണിക്കുക. (veṟute viṭṭukaḷayuka; avagaṇikkuka.)

ほうち 報知 വാർത്ത; വിവരം. (vārtta; vivaraṃ.) ～する വിവരം അറിയിക്കുക. (vivaraṃ aṟiyikkuka.)

ほうち 法治

ほうちこく 法治国 ഭരണഘടനാനുസൃതമായ രാഷ്ട്രം. (bharaṇaghaṭanānusṛtamāya rāṣṭraṃ.)

ほうちしゅぎ 法治主義 ഭരണഘടനാവാദം. (bharaṇaghaṭanāvādaṃ.)

ほうちく 放逐 ～する നാടുകടത്തുക; പുറത്താക്കുക. (nāṭukaṭattuka; puṟattākkuka.)

ぼうちゅう 傍注 അടിക്കുറിപ്പുകൾ. (aṭikkuṟippukaḷ.)

ぼうちゅうざい 防虫剤 കീടനാശിനി. (kīṭanāśini.)

ほうちょう 包丁 അടുക്കളക്കത്തി. (aṭukkaḷakkatti.)

ぼうちょう 傍聴

～する(出席[ശ്രുസ്സെക്കി]) കേൾക്കുക; ശ്രദ്ധിക്കുക; അനുസരിക്കുക; (kēḷkkuka; śraddhikkuka; anusarikkuka;) ～を許す (禁止する) പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കപ്പെടുക (പ്രവേശനം നിഷേധിക്കപ്പെടുക). (potujanaṅṅaḷkkʉ tuṟannukoṭukkappeṭuka (pravēśanaṃ niṣēdhikkappeṭuka).) ◇ぼうちょうけん 傍聴券 പ്രവേശനടിക്കറ്റ്. (pravēśanaṭikkaṟṟʉ.) ◇ぼうちょうずいい 傍聴随意 《掲示》(നോട്ടീസ്) സൗജന്യപ്രവേശനം. ((nōṭṭīsʉ) saujanyapravēśanaṃ.) ◇ぼうちょうせき 傍聴席 (議会などの) ഗാലറി (നിയമസഭയുടെയും മറ്റും). (gālaṟi (niyamasabhayuṭeyuṃ maṟṟuṃ).) ◇ぼうちょうにん 傍聴人 ശ്രോതാവ്; കേൾവിക്കാർ (śrōtāv; kēḷvikkār)

ぼうちょう 膨張 ① വിപുലീകരണം. (vipulīkaraṇaṃ.) ② (増大) വർദ്ധനവ്. (varddhanavʉ.) ③ വികസനം. (vikasanaṃ.) ～する വിപുലീകരിക്കുക; വർദ്ധിക്കുക. (vipulīkarikkuka; varddhikkuka.)

ほうっておく 放っておく ☞ 放置(する).

ぼうっと അവ്യക്തമായി. (avyaktamāyi.) ～なる(呆然[ബോസ്സെൻ] と [തൊ]) (魅 [മി] せられて [സെരരെത്തെ]) അവ്യക്തമാവുക; കണ്ണഞ്ചിപ്പിക്കുക; ആകർഷിക്കപ്പെടുക; (avyaktamāvuka; kaṇṇañcippikkuka; ākarṣikkappeṭuka;) ～した男 മനസ്സ് മറ്റെങ്ങോ ആയ പുരുഷൻ. (manassʉ maṟṟeṅṅō āya puruṣan.)

ほうてい 法廷 കോടതി. (kōṭati.) ～で争う (ആരുടെയെങ്കിലും കൂടെ/ആർക്കെങ്കിലും എതിരായി) കോടതി കയറുക; ((āruṭeyeṅkiluṃ kūṭe/ārkkeṅkiluṃ etirāyi) kōṭati kayaṟuka;) ～に持ち出す കോടതിയിലെത്തിക്കുക. (kōṭatiyilettikkuka.)

ほうていぶじょく(ざい)法廷侮辱(罪) കോടതിയലക്ഷ്യം (കുറ്റം). (kōṭatiyalakṣyaṃ (kuṟṟaṃ).)

ほうてい 法定 ～の നിയമപരമായ. (niyamaparamāya.)

ほうていじゅんびきん 法定準備金 《資本の欠損補填のための積立金》 നിയമപരമായി ആവശ്യമായ കരുതൽധനം. (niyamaparamāyi āvaśyamāya karutaldhanaṃ.)

ほうていそうぞくにん 法定相続人 നിയമാനുസൃത അനന്തരാവകാശി. (niyamānusṛta anantarāvakāśi.)

ほうていでんせんびょう 法定伝染病 നിയമാനുസൃത (പ്രഖ്യാപിക്കപ്പെട്ട) പകർച്ചവ്യാധി. (niyamānusṛta (prakhyāpikkappeṭṭa) pakarccavyādhi.)

ほうていとくひょうすう 法定得票数 നിയമാനുസാരം തിരഞ്ഞെടുക്കപ്പെടുവാനാവശ്യമായ ഏറ്റവും കുറഞ്ഞ വോട്ടുകളുടെ എണ്ണം. (niyamānusāraṃ tiraññeṭukkappeṭuvānāvaśyamāya ēṟṟavuṃ kuṟañña vōṭṭukaḷuṭe eṇṇaṃ.)

ほうていりそく 法定利息 നിയമാനുസൃത പലിശനിരക്ക്. (niyamānusṛta paliśanirakkʉ.)

ほうていろうどうじかん 法定労働時間 നിയമാനുസൃത തൊഴിൽസമയം. (niyamānusṛta toḻilsamayaṃ.)

ほうていしき 方程式 സമവാക്യം. (samavākyaṃ.) ～を立てる സമവാക്യം പൂർത്തിയാക്കുക; സമവായത്തിലെത്തുക. (samavākyaṃ pūrttiyākkuka; samavāyattilettuka.)

ほうてき 放擲 ～する ഉപേക്ഷിക്കുക. (upēkṣikkuka.)

ほうてき 法的 ～な നിയമാനുസൃതമായ. (niyamānusṛtamāya.)

ほうてきこんきょ 法的根拠 നിയമാനുസൃതമായ അടിസ്ഥാനം. (niyamānusṛtamāya aṭisthānaṃ.)

ほうてん 法典 പെരുമാറ്റച്ചട്ടം. (perumāṟṟaccaṭṭaṃ.)

ほうてん 宝典 സംഗ്രഹഗ്രന്ഥം; വിശിഷ്ടഗ്രന്ഥം. (saṃgrahagranthaṃ; viśiṣṭagranthaṃ.)

ほうでん 放電 ഇലക്ട്രിക് ഡിസ്ചാർജ്. (ilaktrikʉ ḍiscārjʉ.) ～する ഡിസ്ചാർജ് ചെയ്യുക. (ḍiscārjʉ ceyyuka.)

ほうでんかん 放電管 ഡിസ്ചാർജ് ട്യൂബ് (വൈദ്യുതി). (ḍiscārjʉ tyūbʉ (vaidyuti).)

ぼうと 暴徒 ആൾക്കൂട്ടം; ലഹളക്കാർ. (āḷkkūṭṭam; lahaḷakkār.)
ほうとう 宝刀 നിധിപോലെ കാത്തുസൂക്ഷിക്കുന്ന വാൾ. (nidhipōle kāttusūkṣikkunna vāḷ.) 伝家の～を抜く തുറുപ്പ് ശീട്ടിറക്കുക. (tuṟuppŧ śīṭṭiṟakkuka.)
ほうとう 放蕩 ദുർവ്യയം; ദുർന്നടത്ത. (durvyayaṃ; durnnaṭatta.) ～な സുഖലോലുപമായ. (sukhalōlupamāya.) ～する സുഖലോലുപമായി ജീവിക്കുക; ദുർവൃത്തിയിൽപ്പെടുക. (sukhalōlupamāyi jīvikkuka; durvṛttiyilppeṭuka.)
ほうとうむすこ 放蕩息子 BIB മുടിയനായ പുത്രൻ. (muṭiyanāya putran.) *☞ 道楽.
ほうとう 砲塔 ചെറുഗോപുരം; പ്രാസാദശൃംഗം. (ceṟugōpuraṃ; prāsādaśṛṃgaṃ.)
ほうどう 報道 വാർത്ത; റിപ്പോർട്ട്. (vārtta; ṟippōrṭṭŧ.) ～する വാർത്തകൊടുക്കുക; അറിയിക്കുക. (vārttakoṭukkuka; aṟiyikkuka.)
ほうどういん 報道員 റിപ്പോർട്ടർ. (ṟippōrṭṭar.)
ほうどうかんせい 報道管制 വാർത്താനിയന്ത്രണം; വാർത്താ സെൻസർഷിപ്പ്. (vārttāniyantraṇaṃ; vārttā sensarṣippŧ.)
ほうどうきかん 報道機関 സമഗ്രവാർത്താവിതരണസംവിധാനം. (samagravārttāvitaraṇasaṃvidhānaṃ.)
ほうどうしゃしん 報道写真 ന്യൂസ് ഫോട്ടോ. (nyūsŧ phōṭṭō.)
ほうどうじん 報道陣 വാർത്താപ്രവർത്തന രംഗം. (vārttāpravarttana raṃgaṃ.)
ぼうとう 冒頭 തുടക്കം; ആരംഭം. (tuṭakkaṃ; ārambhaṃ.)
ぼうとうちんじゅつ 冒頭陳述 ഉദ്ഘാടന പ്രസംഗം. (udghāṭana prasaṃgaṃ.)
ぼうとう 暴投 BASEBALL (ബെയ്സ്ബാൾ) വൈൽഡ് പിച്ച്(ഏറ്) ((beysbāḷ) vaildŧ piccŧ(ēṟŧ)) ～する (ബെയ്സ്ബാൾ) വൈൽഡ് പിച്ച്(എറിയുക). ((beysbāḷ) vaildŧ piccŧ(eṟiyuka).)
ぼうとう 暴騰 പൊടുന്നനവേയുള്ള കയറ്റം; ചാട്ടം. (poṭunnanavēyuḷḷa kayaṟṟaṃ; cāṭṭaṃ.) ～する പെട്ടെന്ന് ഉയരുക. (peṭṭennŧ uyaruka.)
ぼうどう 暴動 ലഹള; പ്രക്ഷോഭം. (lahaḷa; prakṣōbhaṃ.) ～を起こす(鎮圧する)ലഹള തുടങ്ങുക (അടിച്ചമർത്തുക). (lahaḷa tuṭaṅṅuka (aṭiccamarttuka).)
ぼうとく 冒涜 ദൈവദൂഷണം; ദൈവനിന്ദ. (daivadūṣaṇaṃ; daivanindа.) ～的な ദൈവനിന്ദാപരമായ. (daivanindāparamāya.) ～する ദൈവനിന്ദ ചെയ്യുക; അശുദ്ധമാക്കുക. (daivaninda ceyyuka; aśuddhamākkuka.)
ぼうどく 防毒
ぼうどくマスク 防毒マスク ഗ്യാസ് മാസ്ക്. (gāsŧ māskŧ.)
ほうにち 訪日 ജപ്പാൻ സന്ദർശനം. (jappān sandarśanaṃ.)
ほうにょう 放尿 മൂത്രമൊഴിക്കൽ. (mūtramoḻikkal.) ～する മൂത്രമൊഴിക്കുക. (mūtramoḻikkuka.)
ほうにん 放任 ഇടപെടാതിരിക്കൽ. (iṭapeṭātirikkal.) ～する വെറുതെ വിട്ടേക്കുക. (veṟute viṭṭēkkuka.)
ほうにんしゅぎ 放任主義 ഇടപെടാനയം. (iṭapeṭānayaṃ.)
ほうねつ 放熱 (താപ)വികിരണം. ((tāpa)vikiraṇaṃ.)
ほうねつき 放熱器 റേഡിയേറ്റർ. (ṟēḍiyēṟṟar.)
ほうねん 豊年 ☞ 豊作. സമൃദ്ധിയുടെ വർഷം; (samṛddhiyuṭe varṣaṃ;)
ぼうねんかい 忘年会 വർഷാന്ത സൽക്കാരം. (varṣānta salkkāraṃ.)
ほうのう 奉納 ～する സമർപ്പിക്കുക. (samarppikkuka.)
ぼうばく 茫漠 ～とした ബൃഹത്തായ; വലിയ. (bṛhattāya; valiya.)
ぼうはつ 暴発 ആകസ്മിക സ്ഫോടനം. (ākasmika sphōṭanaṃ.) ～する ആകസ്മികമായി പൊട്ടുക. (ākasmikamāyi poṭṭuka.)
ぼうはてい 防波堤 പുലിമുട്ട്; അലതാങ്ങി. (pulimuṭṭŧ; alatāṅṅi.)
ぼうはん 防犯 കുറ്റകൃത്യങ്ങൾ തടയൽ. (kuṟṟakṛtyaṅṅaḷ taṭayal.)
ぼうはんカメラ 防犯カメラ സെക്യൂരിറ്റി കാമെറ. (sekyūriṟṟi kāmeṟa.)
ぼうはんしゅうかん(か) 防犯週間(課) കുറ്റകൃത്യങ്ങൾ തടയൽവാരം (വിഭാഗം). (kuṟṟakṛtyaṅṅaḷ taṭayalvāraṃ (vibhāgaṃ).)
ぼうはんパトロール 防犯パトロール കുറ്റകൃത്യങ്ങൾ തടയാനുള്ള റോന്തുചുറ്റൽ. (kuṟṟakṛtyaṅṅaḷ taṭayānuḷḷa ṟōntucuṟṟal.)
ぼうはんベル 防犯ベル ബർഗ്ലർ അലാറം (കവർച്ചാമുന്നറിയിപ്പ്). (barglar alāṟaṃ (kavarccāmunnaṟiyippŧ).)
ほうひ 包皮 ANAT ശിശ്നാഗ്രചർമ്മം. (śiśnāgracarmmaṃ.)
ほうび 褒美 പ്രതിഫലം; സമ്മാനം. (pratiphalaṃ; sammānaṃ.) ～をやる സമ്മാനം നല്കുക; പ്രതിഫലം കൊടുക്കുക. (sammānaṃ nalkuka; pratiphalaṃ koṭukkuka.)
ぼうび 防備 പ്രതിരോധം. (pratirōdhaṃ.) ～する പ്രതിരോധിക്കുക. (pratirōdhikkuka.) ～のある(ない)പ്രതിരോധനിര കെട്ടിയുയർത്തിയ (ഇല്ലാത്ത). (pratirōdhanira keṭṭiyuyarttiya (illātta).) ～を施す (നഗരത്തിന്ന്) പ്രതിരോധമതിൽ കെട്ടിപ്പടുക്കുക. ((nagarattinnŧ) pratirōdhamatil keṭṭippaṭukkuka.)
ぼうびき 棒引き ～にする റദ്ദുചെയ്യുക; വെട്ടിക്കളയുക. (ṟadduceyyuka; veṭṭikkaḷayuka.)
ほうふ 抱負 ഭാവിയെക്കുറിച്ചുള്ള ഉയർന്ന പ്രതീക്ഷ; ഉൽക്കർഷേച്ഛ; അതിമോഹം. (bhāviyekkuṟiccuḷḷa uyarnna pratīkṣa; ulkkarṣēccha; atimōhaṃ.) ～をいだく അതിമോഹം ഉണ്ടായിരിക്കുക. (atimōhaṃ uṇṭāyirikkuka.)
ほうふ 豊富
～な സുലഭമായ; സമൃദ്ധമായ; (sulabhamāya; samṛddhamāya;) 経験が～である പരിചയസമ്പന്നമായിരിക്കുക. (paricayasampannamāyirikkuka.)
ぼうふう 暴風 ① കൊടുങ്കാറ്റ്. (koṭuṅkāṟṟŧ.) ②（強風）ചുഴലിക്കാറ്റ്. (cuḻalikkāṟṟŧ.)～の കൊടുങ്കാറ്റടിക്കുന്ന. (koṭuṅkāṟṟaṭikkunna.) ◇ぼうふううけいほう 暴風雨警報 കാറ്റും മഴയും വരുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പ്. (kāṟṟuṃ maḻayuṃ varunnatinekkuṟiccuḷḷa munnaṟiyippŧ.)
ぼうふうりん 防風林 കാറ്റിന്റെ ശക്തി കുറയ്ക്കാൻ വെച്ചുപിടിപ്പിച്ച വനപ്രദേശം. (kāṟṟinṟe śakti kuṟaykkān veccupiṭippicca vanapradēśaṃ.)
ほうふく 法服 അങ്കി; ഗൗൺ. (aṅki; gauṇ.)
ほうふく 報復 തിരിച്ചടി; പ്രതികാരം. (tiriccaṭi; pratikāraṃ.) ～する തിരിച്ചടിക്കുക; പ്രതികാരം വീട്ടുക. (tiriccaṭikkuka; pratikāraṃ vīṭṭuka.) ～の പ്രതിക്രിയാ രൂപമായ. (pratikriyā rūpamāya.)
ほうふくそち 報復措置 പ്രതികാരനടപടികൾ. (pratikāranaṭapaṭikaḷ.)
ほうふくぜっとう 抱腹絶倒
～する ചിരിച്ചുചിരിച്ചു മതിമറക്കുക; (ciriccuciriccu matimaṟakkuka;) ～の പൊട്ടിച്ചിരിപ്പിക്കുന്ന. (poṭṭiccirippikkunna.)
ぼうふざい 防腐剤 കേട്ടുകൂടാതെ സൂക്ഷിക്കുവാൻ കഴിയുന്ന. (kēṭukūṭāte sūkṣikkuvān kaḻiyunna.)
ほうふつ 彷彿 ～する(似る);(思い出させる). സാദൃശ്യം തോന്നിപ്പിക്കുക. (sādṛśyaṃ tōnnippikkuka.)
ほうぶつせん 放物線 MATH ക്ഷേത്രഗണിതത്തിലെ പാരബോള. (kṣētragaṇitattile pārabōḷa.)
ボウフラ 孑孑 കൂത്താടി; കൊതുകിന്റെ ലാർവ. (kūttāṭi; kotukinṟe lārva.)
ほうぶん 法文 നിയമസംഹിത. (niyamasaṃhita.) ～化する നിയമസംഹിതയിൽ ഉൾപ്പെടുത്തുക. (niyamasaṃhitayil uḷppeṭuttuka.)

ほうへい 砲兵 ① പീരങ്കിപ്പടയിലെ ഭടൻ. (pīraṅkippaṭayile bhaṭan.) ②（砲兵隊）പീരങ്കിപ്പട. (pīraṅkippaṭa.)
ぼうへき 防壁 മതിൽ; വേലി; തടസ്സം. (matil; vēli; taṭassaṃ.)
ほうべん 方便 കാര്യസാധകമായ ഘടകം; ഉപാധി. (kāryasādhakamāya ghaṭakaṃ; upādhi.) うそも～だ ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു. (lakṣyaṃ mārggatte nyāyīkarikkunnu.)
ほうほう 方法 ഉപായം; ചെയ്യുന്ന രീതി; മാർഗ്ഗം. (upāyaṃ; ceyyunnarīti; mārggaṃ.) この～で ഈ വിധത്തിൽ. (ī vidhattil.)
ほうほうろん 方法論 പ്രവർത്തന സമ്പ്രദായങ്ങൾ; പദ്ധതിശാസ്ത്രം. (pravarttana sampradāyaṅṅaḷ; paddhatiśāstraṃ.)
ほうぼう 方々
～（に）എല്ലായിടത്തും; സകലഭാഗത്തും; (ellāyiṭattuṃ; sakalabhāgattuṃ;) ～から എല്ലാ ദിശകളിൽനിന്നും. (ellā diśakaḷilninnuṃ.)
ホウボウ 魴? ICHTHYOLOGY ഗർനാഡ് (കടൽമത്സ്യം). (garnāḍu (kaṭalmatsyaṃ).)
ぼうぼう
～した（草［കുസ］が［ഗ］）（髪［കമി］などが［നദൊഗ］）ഇടതൂർന്ന; ജടപിടിച്ച (തലമുടി); (iṭatūrnna; jaṭapiṭicca (talamuṭi);) ～と茂る [場所［ബശൊ］が［ഗ］主語［ശുഗൊ］] തഴച്ചുവളരുക; കാടു പിടിച്ചിരിക്കുക (taḻaccuvaḷaruka; kāṭu piṭiccirikkuka) ～燃える തീനാളങ്ങളുയർന്നു കത്തുക. (tīnāḷaṅṅaḷuyarnnu kattuka.)
ほうほうのてい 這々の体 ～で逃げる വാലും ചുരുട്ടി ഓടിരക്ഷപ്പെടുക. (vāluṃ curuṭṭi ōṭirakṣappeṭuka.)
ほうぼく 放牧 മേച്ചിൽപ്പുറം. (mēccilppuṟaṃ.) ～する മേയുക; മേയ്ക്കുക. (mēyuka; mēykkuka.)
ほうまつ 泡沫 കുമിള; പത. (kumiḷa; pata.)
ほうまつこうほ 泡沫候補 വ്യാജസ്ഥാനാർത്ഥി. (vyājasthānārtthi.)
ほうまん 放漫 ～な അയഞ്ഞ; അശ്രദ്ധമായ. (ayañña; aśraddhamāya.)
ほうまん 豊満 ～な കൊഴുത്ത; നിറഞ്ഞ മാറിടമുള്ള. (koḻutta; niṟañña māṟiṭamuḷḷa.)
ほうむ 法務
ほうむしょう（だいじん）法務省（大臣） നീതിന്യായമന്ത്രാലയം (മന്ത്രി). (nītinyāyamantrālayaṃ (mantri).)
ほうむる 葬る ① കുഴിച്ചുമൂടുക. (kuḻiccumūṭuka.) ②（握りつぶす）(കരടുനിയമം) മാറ്റിവെപ്പിക്കുക. ((karaṭuniyamaṃ) māṟṟiveppikkuka.)
ほうめい 芳名 അങ്ങയുടെ പേര്. (aṅṅayuṭe pēru.)
ほうめいろく 芳名録 പേർപ്പട്ടിക; സന്ദർശകരുടെ പേർവിവരം. (pērppaṭṭika; sandarśakaruṭe pērvivaraṃ.)
ぼうめい 亡命 ①（政治的）രാഷ്ട്രീയാഭയം. (rāṣṭrīyābhayaṃ.) ② കൂറുമാറ്റം. (kūṟumāṟṟaṃ.) ～する അഭയം തേടുക. (abhayaṃ tēṭuka.)
ぼうめいしゃ 亡命者 (രാഷ്ട്രീയ) അഭയാർത്ഥി. ((rāṣṭrīya) abhayārtthi.)
ぼうめいせいけん 亡命政権 അഭയാർത്ഥി ഭരണകൂടം. (abhayārtthi bharaṇakūṭaṃ.)
ほうめん 方面 ①［地区］ജില്ല. (jilla.) ②（方向）ദിശ. (diśa.) ③（局面）പ്രകൃതം. (prakṛtaṃ.) あらゆる～から考える എല്ലാവശങ്ങളും പരിഗണിക്കുക. (ellāvaśaṅṅaḷuṃ parigaṇikkuka.) 各～で എല്ലാ വശങ്ങളിലേക്കും. (ellā vaśaṅṅaḷilēkkuṃ.)
ほうめん 放免 ① വിട്ടയക്കൽ. (viṭṭayakkal.) ②（無罪）സ്വതന്ത്രനാക്കൽ. (svatantranākkal.) ～する വെറുതെ വിട്ടയക്കുക (ശിക്ഷിക്കാതെ). (veṟute viṭṭayakkuka (śikṣikkāte).)
ほうもう 法網 ～をくぐる നിയമത്തിൽനിന്നും ഒഴിഞ്ഞുമാറുക. (niyamattilninnuṃ oḻiññumāṟuka.)
ほうもつ 宝物 നിധി. (nidhi.)
ほうもつでん 宝物殿 ട്രഷറി (ഭണ്ഡാരം). (ṭraṣaṟi (bhaṇḍāraṃ).)
ほうもん 訪問 സന്ദർശനം. (sandarśanaṃ.) ～する സന്ദർശിക്കുക; കാണാൻ ചെല്ലുക. (sandarśikkuka; kāṇān celluka.)
ほうもんかいご 訪問介護 രോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കൽ. (rōgikaḷe vīṭṭil cennu śuśrūṣikkal.)
ほうもんぎ 訪問着 സന്ദർശനവേഷം. (sandarśanavēṣaṃ.)
ほうもんしゃ 訪問者 സന്ദർശകൻ. (sandarśakan.)
ほうもんはんばい 訪問販売 വീടുതോറും നടന്നുവില്പന. (vīṭutōṟuṃ naṭannuvilpana.)
ぼうや 坊や （呼びかけ）എന്റെ മകൻ (വിളിക്കുന്ന പ്രയോഗം). (enṟe makan (viḷikkunna prayōgaṃ).) *☞ 坊っちゃん.
ほうよう 抱擁 ആലിംഗനം; കെട്ടിപ്പിടിത്തം. (āliṃganaṃ; keṭṭippiṭittaṃ.) *☞ 抱く.
ほうよう 法要 ☞ 法事.
ほうようりょく 包容力 ～の大きい(人が). വിശാലമനസ്കനായ (വ്യക്തി). (viśālamanaskanāya (vyakti).)
ぼうよみ 棒読み ～する വെറുതെ വായിക്കുക; പാട്ട് പാടുന്നപോലെ വായിക്കുക. (veṟute vāyikkuka; pāṭṭu pāṭunnapōle vāyikkuka.)
ぼうらく 暴落 കൊടുംപതനം; പൊടുന്നനവേയുള്ള വീഴ്ച; (ഓഹരിവിപണിയിൽ) പെട്ടെന്നുള്ള ഇടിവ്. (koṭumpatanaṃ; poṭunnanavēyuḷḷa vīḻca; (ōharivipaṇiyil) peṭṭennuḷḷa iṭivu.) ～する പെട്ടെന്ന് ഇടിയുക. (peṭṭennu iṭiyuka.)
ほうらつ 放埒 ☞ 放蕩(ほうとう).
ぼうり 暴利 അമിതലാഭം; അമിതലാഭമെടുക്കൽ. (amitalābhaṃ; amitalābhameṭukkal.) ～をむさぼる അമിതലാഭമെടുക്കുക. (amitalābhameṭukkuka.)
ほうりあげる 放り上げる ചുഴറ്റിയെറിയുക. (cuḻaṟṟiyeṟiyuka.)
ほうりがく 法理学 നിയമശാസ്ത്രം; നിയമത്തിന്റെ തത്ത്വസംഹിത. (niyamaśāstraṃ; niyamattinṟe tattvasaṃhita.)
ほうりこむ 放り込む ...ലോട്ട് വലിച്ചെറിയുക. (...lōṭṭu valicceṟiyuka.)
ほうりだす 放り出す ①［投げ出す］വലിച്ചെറിയുക; പുറത്തേക്കെറിയുക. (valicceṟiyuka; puṟattēkkeṟiyuka.) ②［放棄］ഉപേക്ഷിക്കുക; വേണ്ടെന്നുവയ്ക്കുക. (upēkṣikkuka; vēṇṭennuvaykkuka.) ③（解雇）ബഹിഷ്കരിക്കുക. (bahiṣkarikkuka.)
ほうりつ 法律 ① നിയമം. (niyamaṃ.) ②（総称）നിയമങ്ങൾ. (niyamaṅṅaḷ.) ～の നിയമപരമായ. (niyamaparamāya.) ～を守る（破る）നിയമം പാലിക്കുക (ലംഘിക്കുക). (niyamaṃ pālikkuka (laṃghikkuka).) ～に訴える നിയമനടപടിയെടുക്കുക (കോടതികയറുക). (niyamanaṭapaṭiyeṭukkuka (kōṭatikayaṟuka).) ～にかなった（反した）നിയമാനുസൃതമായ (നിയമവിരുദ്ധമായ); (അ)ന്യായമായ. (niyamānusṛtamāya (niyamaviruddhamāya); (a)nyāyamāya.)
ほうりついはん 法律違反 നിയമലംഘനം. (niyamalaṃghanaṃ.)
ほうりつか 法律家 നിയമവിദഗ്ധൻ; അഭിഭാഷകൻ. (niyamavidagddhan; abhibhāṣakan.)
ほうりつこもん 法律顧問 നിയമോപദേശകൻ. (niyamōpadēśakan.)
ほうりなげる 放り投げる എറിയുക. (eṟiyuka.)
ほうりゃく 方略 ☞ 方策.
ぼうりゃく 謀略 ഗൂഢാലോചന; ഉപജാപം; പദ്ധതി. (gūḍhālōcana; upajāpaṃ; paddhati.) *☞ 計略.
ほうりゅう 放流 ①（水を）(വെള്ളം) പുറത്തേക്ക് കളയുക. ((veḷḷaṃ) puṟattēkku kaḷayuka.) ②（魚を）(പുഴയിൽ മത്സ്യങ്ങളെ) വളർത്താനിടുക, ((puḻayil matsyaṅṅaḷe) vaḷarttāniṭuka,)
ほうりょう 豊漁 ധാരാളമായി പിടിക്കപ്പെട്ട മത്സ്യം. (dhārāḷamāyi piṭikkappeṭṭa matsyaṃ.)

ぼうりょく 暴力 അക്രമം; ശക്തി. (akramaṃ; śakti.) ～で ശക്തിയുപയോഗിച്ച്. (śaktiyupayōgiccu.) ～をふるう അക്രമം പ്രയോഗിക്കുക. (akramaṃ prayōgikkuka.)

ぼうりょくだん 暴力団 കുറ്റവാളിസംഘം. (kuṟṟavāḷisaṃghaṃ.) 暴力団員 (ぼうりょくだんいん) ഗുണ്ട (അംഗം). (gūṇṭa (aṃgaṃ).)

ボウリング ［球技］ബൗളിംഗ് (കളി). (bauḷiṃgu (kaḷi).) ～をする ബൗൾ ചെയ്യുക. (bauḷ ceyyuka.)

ボウリングじょう ボウリング場 "ബൗളിംഗ് അലി". ("bauḷiṃgu ali".)

ほうる 放る ① എറിയുക; മേലോട്ടെറിയുക. (eṟiyuka; mēlōṭṭeṟiyuka.) ② ☞ 捨てる, 放置(する).

ボウル ☞ ボール.

ほうれい 法令 നിയമം; ഓർഡിനൻസ്. (niyamaṃ; ōrḍinansu.)

ほうれんじゅんしゅ 法令遵守 നിയമം അനുസരിക്കൽ. (niyamaṃ anusarikkal.)

ぼうれい 亡霊 ☞ 幽霊.

ほうれつ 砲列 പീരങ്കിപ്പട. (pīraṅkippaṭa.) ～を敷く പീരങ്കികൾ യഥാസ്ഥാനത്ത് സ്ഥാപിക്കുക. (pīraṅkikaḷ yathāsthānattu sthāpikkuka.)

ホウレンソウ 菠薐草 ചീരപോലെയുള്ള ഒരുതരം ഇലക്കറി. (cīrapōleyuḷḷa orutaraṃ ilakkaṟi.)

ほうろう 放浪 ～する അലഞ്ഞുതിരിയുക. (alaññutiriyuka.)

ほうろうしゃ 放浪者 ① അലഞ്ഞുതിരിയുന്നവൻ. (alaññutiriyunnavan.) ② (浮浪者)തെണ്ടി. (teṇṭi.)

ほうろうへき 放浪癖 സഞ്ചാരതൃഷ്ണ. (sañcāratṛṣṇa.)

ほうろう 琺瑯

ほうろうしつ 琺瑯質 ഇനാമൽ; കാചദ്രവ്യം; ദന്തകാചം. (ināmal; kācadravyaṃ; dantakācaṃ.)

ほうろうなべ 琺瑯鍋 ഇനാമൽപ്പാത്രം. (ināmalppātraṃ.)

ほうろうびきの 琺瑯引きの ഇനാമൽ പൂശിയ. (ināmal pūśiya.)

ほうろく 焙烙 വറവുചട്ടി; ബേയ്ക്ക് ചെയ്യാനുപയോഗിക്കുന്ന പാത്രം. (vaṟavucaṭṭi; bēykku ceyyānupayōgikkunna pātraṃ.)

ぼうろん 暴論 അസംബന്ധപ്രസ്താവനകൾ; അർത്ഥമില്ലാത്ത വാദം. (asaṃbandhaprastāvanakaḷ; artthamillātta vādaṃ.)

ほうわ 法話 പ്രബോധനം; പ്രഭാഷണം. (prabōdhanaṃ; prabhāṣaṇaṃ.)

ほうわ 飽和 ～する പൂരിതമാക്കുക; പൂരിതമായിരിക്കുക. (pūritamākkuka; pūritamāyirikkuka.)

ほうわじょうたい 飽和状態 പൂരിതാവസ്ഥ. (pūritāvastha.)

ほうわてん 飽和点 പൂരകബിന്ദു (പൂരിതമാകുന്ന ഘട്ടം). (pūrakabindu (pūritamākunna ghaṭṭaṃ).)

ほうわようえき 飽和溶液 പൂരിതലായനി. (pūritalāyani.)

ほえごえ 吠え声 ഓളി; കുര; ഗർജ്ജനം. (ōḷi; kura; garjjanaṃ.)

ほえづら 吠え面 ～をかくな ഇതിന് നീ അനുഭവിക്കും. (itinu nī anubhavikkuṃ.)

ほえる 吠える ①(犬が)《നായ》കുരയ്ക്കുക. (《nāya》 kuraykkuka.) ② ഓളിയിടുക. (ōḷiyiṭuka.) ③ (猛獣が)ഗർജ്ജിക്കുക. (garjjikkuka.)

ほお 頬 കവിൾ. (kaviḷ.) ～を染める കവിൾ ചുവന്നുതുടുക്കുക. (kaviḷ cuvannututuṭukkuka.) ～を膨らます കവിളുകൾ വീർപ്പിക്കുക. (kaviḷukaḷ vīrppikkuka.)

ボーイ ① ബോയ്. (bōyu.) ② (食堂の)(ഭോജനശാല) വെയ്റ്റർ. ((bhōjanaśāla) veyṟṟar.) ③ (船などの)(കപ്പലും മറ്റും) പരിചാരകൻ. ((kappaluṃ maṟṟuṃ) paricārakan.) ④ (列車などの) (തീവണ്ടിയും മറ്റും) പോർട്ടർ. ((tīvaṇṭiyuṃ maṟṟuṃ) pōrṭṭar.) ⑤ ［ホテルの］(ഹോട്ടൽ) ബെൽബോയി. ((hōṭṭal) belbōyi.)

ボーイスカウト ①(団体)ബോയ്സ്കൗട്ടുകൾ. (bōyskauṭṭukaḷ.) ② (一員)ബോയ്സ്കൗട്ട്. (bōyskauṭṭu.)

ボーイフレンド ബോയ്ഫ്രണ്ട്. (bōyphraṇṭu.)

ポーカー

ポーカー(フェイス) പോക്കർ തീ ഇളക്കുന്നതിനുള്ള കോൽ; ഒരുതരം ചീട്ട് കളി; (ഫെയിസ്) ഭാവഭേദം കാട്ടാത്ത മുഖം. (pōkkar tī iḷakkunnatinnuḷḷa kōl; orutaraṃ cīṭṭu kaḷi; (pheyisu) bhāvabhēdaṃ kāṭṭātta mukhaṃ.)

ほおかぶり 頬被り ① തലയിൽ തുണിയിട്ടുമൂടുക. (talayil tuṇiyiṭṭu-mūṭuka.) ② ［無視］(ഒരു കാര്യത്തിൽ) കണ്ണടയ്ക്കുക. ((oru kāryattil) kaṇṇaṭaykkuka.)

ボーカル MUS വായ്പ്പാട്ടുകൾ (സംഗീതം). (vāyppāṭṭukaḷ (saṃgītaṃ).)

ボーキサイト അലൂമിനിയത്തിന്റെ അയിർ അടങ്ങിയ ഒരുതരം കളിമണ്ണ് (ബോക്സയിറ്റ്). (alūminiyattinṟe ayir aṭaṅṅiya orutaraṃ kaḷimaṇṇu (bōksayiṟṟu).)

ボーク BASEBALL (ബെയ്സ്ബാൾക്കളിയിലെ) ബാക്ക്. ((beysbāḷkkaḷiyile) bākku.)

ポーク പോർക്ക്; പന്നിയിറച്ചി. (pōrkku; panniyiṟacci.)

ポークソテー പോർക്ക് ഫ്രൈ. (pōrkku phrai.)

ホオジロ 頬白 ORNITHOL ഒരുതരം കൊച്ചുപക്ഷി (ബന്റിംഗ്). (orutaraṃ koccupakṣi (banṟimgu).)

ホース [Du. *hoos*] മുഴംകാൽ വരെയെത്തുന്ന ഒരിനം നിക്കർ. (muḻaṃkāl vareyettunna orinaṃ nikkar.)

ポーズ പോസ് (ഫോട്ടോ എടുക്കാനുള്ള). (pōsu (phōṭṭō eṭukkānuḷḷa).) ～をとる പോസ് ചെയ്യുക (ഫോട്ടോ എടുക്കാൻ). (pōsu ceyyuka (phōṭṭō eṭukkān).)

ほおずき 鬼灯, 酸漿 (പഴം) "ഗ്രൗണ്ട് ചെറി"; "സ്ട്രോബറി തക്കാളി". ((paḻaṃ) "grauṇṭu ceṟi"; "sṭrōbaṟi takkāḷi".)

ほおずり 頬擦り ～する കവിളുകൾ കൂട്ടിയമർത്തുക (പരസ്പരം). (kaviḷukaḷ kūṭṭiyamarttuka (parasparaṃ).)

ボーダー ബോർഡർ. (bōrḍar.)

ボーダーライン ബോർഡർ ലൈൻ. (bōrḍar lain.)

ボーダーレスエコノミー ബോർഡർലെസ് എക്കൊണൊമി (ആഗോളീകരണത്തിൻറെയും വാർത്താവിനിമയ വിസ്ഫോടനത്തിൻറെയും അനുബന്ധമായ -അതിരുകളില്ലാത്ത വാണിജ്യവ്യാപാര-സാമ്പത്തിക പ്രക്രിയ). (bōrḍarlesu ekkoṇomi (āgōḷīkaraṇattinṟeyuṃ vārttāvinimaya visphōṭanattinṟeyuṃ anubandhamāya -atirukaḷillātta vāṇijyavyāpāra-sāmpattika prakriya).)

ボーダーレスじだい ボーダーレス時代 അതിരുകളില്ലാത്ത കാലഘട്ടം. (atirukaḷillātta kālaghaṭṭaṃ.)

ポーター പോർട്ടർ. (pōrṭṭar.)

ポータブル ～の പോർട്ടബിൾ ആയ;ചെറിയ; കൊണ്ടുനടക്കാവുന്ന. (pōrṭṭabiḷ āya;ceṟiya; koṇṭunaṭakkāvunna.)

ポータルサイト പോർട്ടൽ സൈറ്റ് (ഇന്റർനെറ്റ്). (pōrṭṭal saiṟṟu (inṟarneṟṟu).)

ポーチ പോർച്ച്. (pōrccu.)

ほおづえ 頬杖 ～をつく താടിക്ക് കയ്യുംകൊടുത്തിരിക്കുക). (tāṭikku kayyuṃkoṭuttirikkuka).)

ホーデン ANAT വൃഷണങ്ങൾ. (vṛṣaṇaṅṅaḷ.)

ボート ബോട്ട്. (bōṭṭu.) ～をこぎに行く ബോട്ടിംഗിന് പോവുക (തുഴയാൻ പോവുക). (bōṭṭiṃginnu pōvuka (tuḻayān pōvuka).)

ボートピープル "ബോട്ട് പീപ്പിൾ" (അഭയാർത്ഥികൾ). ("bōṭṭu pīppiḷ" (abhayārtthikaḷ).)

ボートレース “ബോട്ട്റേസ്”; വള്ളംകളി മത്സരം. (“bōṭṭrēsu”; vaḷḷaṃkaḷi matsaraṃ.)
ボードセーリング “ബോഡ്സെയിലിംഗ്” (ജലവിനോദം). (“bōḍseyilimgu” (jalavinōdaṃ).)
ボードビル ［演芸］“വോഡ്വിൽ” (ഒരുതരം ഹാസ്യനാടകം). (“vōḍvil” (orutaraṃ hāsyanāṭakaṃ).)
ポートフォリオ പോർട്ട് ഫോളിയോ; കടലാസ്സ് സഞ്ചി; ഓഹരിവിപണിസംബന്ധിച്ച രേഖകൾ; രേഖകളടങ്ങുന്ന ഫയൽ; മന്ത്രിതലവകുപ്പുകൾ. (pōrṭṭu phōḷiyō; kaṭalāssu sañci; ōharivipaṇisaṃbandhicca rēkhakaḷ; rēkhakaḷaṭaṅṅunna phayal; mantritalavakuppukaḷ.)
ポートレート പോർട്രെയിറ്റ്. (pōrṭreyiṟṟu.)
ポートワイン പോർട്ട് വയിൻ (വീഞ്ഞ്). (pōrṭṭu vayin (vīññu).)
ボーナス (കൊല്ലാവസാന) ബോണസ്. ((kollāvasāna) bōṇasu.)
ほおばる 頬張る വായനിറച്ചു (തിന്നുക). (vāyaniṟaccu (tinnuka).) 頬張って വായനിറച്ചപാടെ. (vāyaniṟaccapāṭe.)
ほおひげ 頬髭 മേൽമീശ; താടിരോമം. (mēlmīśa; tāṭirōmaṃ.)
ホープ ഹോപ്പ് (പ്രതീക്ഷ). (hōppu (pratīkṣa).)
ほおべに 頬紅 മുഖത്തിടുന്ന ചായം (റോഷ്). (mukhattiṭunna cāyaṃ (rōṣu).)
ほおぼね 頬骨 താടിയെല്ല്. (tāṭiyellu.)
ホーマー ☞ ホーム(ラン).
ホーム ①［家庭］സ്വന്തംവീട്. (svantaṃvīṭu.) ② ☞ 本塁. ③［駅の］(സ്റ്റേഷൻ) പ്ലാറ്റ്ഫോം. ((sṟṟēṣan) plāṟṟphōṃ.) ～にはいる(を出る)［列車が］(തീവണ്ടി) പ്ലാറ്റ്ഫോമിലെത്തുക (വിടുക). ((tīvaṇṭi) plāṟṟphōmilettuka (viṭuka).)
ホームインする BASEBALL (ബെയിസ്ബാൾക്കളിയിൽ) ഹോമിലെത്തുക. ((beyisbāḷkkaḷiyil) hōmilettuka.)
ホームエレクトロニクス ഹോം ഇലക്ട്രോണിക്സ്. (hōṃ ilakṭrōṇiksu.)
ホームオートメーション ഹോം ഓട്ടോമേഷൻ. (hōṃ ōṭṭomēṣan.)
ホームグラウンド ഹോം ഗ്രൗണ്ട്. (hōṃ grauṇṭu.)
ホームゲーム ഹോം ഗെയിം (മത്സരം). (hōṃ geyiṃ (matsaraṃ).)
ホームシック ഹോം സിക്നെസ്സ് (ഗൃഹാതുരത്വം). (hōṃ siknessu (gr̥hāturatvaṃ).)
ホームシックにかかる ഗൃഹാതുരത്വം അനുഭവപ്പെടുക. (gr̥hāturatvaṃ anubhavappeṭuka.)
ホームショッピング ഹോം ഷോപ്പിംഗ് (വീട്ടിലിരുന്നുകൊണ്ട് ഇന്റർനെറ്റ് വഴിയും മറ്റും ഷോപ്പിംഗ് നടത്തൽ). (hōṃ ṣōppiṃgu (vīṭṭilirunnukoṇṭu inṟarneṟṟu vaḻiyuṃ maṟṟuṃ ṣōppiṃgu naṭattal).)
ホームステイする ഹോം സ്റ്റേ ചെയ്യുക (ഒരു കുടുംബത്തോടൊപ്പം താമസിക്കുക). (hōṃ sṟṟe ceyyuka (oru kuṭumbattōṭoppaṃ tāmasikkuka).)
ホームスパンの ഹോംസ്പൺ; സ്വഗൃഹത്തിൽ നൂറ്റെടുത്ത വസ്ത്രം. (hōṃspaṇ; svagr̥hattil nūṟṟeṭutta vastraṃ.)
ホームセキュリティシステム ഹോം സെക്യൂരിറ്റി സിസ്റ്റം. (hōṃ sekyūriṟṟi sisṟṟaṃ.)
ホームセンター ഹോം സെന്റർ (വീടിന്നാവശ്യമായ ഫർണിച്ചറും മറ്റെല്ലാ സാധനങ്ങളും ഒരേ കൂരയ്ക്കു കീഴെവാങ്ങാൻ കിട്ടുന്ന സ്ഥലം). (hōṃ senṟar (vīṭinnāvaśyamāya pharṇiccaṟuṃ maṟṟellā sādhanaṅṅaḷuṃ orē kūraykku kīḻevāṅṅān kiṭṭunna sthalaṃ).)
ホームチーム ഹോം ടീം. (hōṃ ṭīṃ.)
ホームドクター കുടുംബഡോക്ടർ. (kuṭumbaḍōkṭar.)
ホームドラマ ഹോംഡ്രാമ (സിറ്റ്കോം). (hōṃḍrāma (siṟṟkōṃ).)
ホームパーティー ഹൗസ് പാർട്ടി. (hausu pārṭṭi.)
ホームバンキング ഹോം ബാങ്കിംഗ്. (hōṃ bāṅkiṃgu.)
ホームプレート ഹോം പ്ലേറ്റ് (ബെയ്സ്ബാൾ). (hōṃ plēṟṟu (beysbāḷ).)
ホームページ ഹോംപേജ്; വെബ്ബ്സൈറ്റ്. (hōṃpēju; vebbsaiṟṟu.)
ホームヘルパー ഹോംഹെൽപ്പ്. (hōṃhelppu.)
ホームラン BASEBALL (ബെയ്സ്ബാൾ) ഹോംറൺ. ((beysbāḷ) hōṃṟaṇ.) ◇じょうがいホームラン 場外ホームラン പാർക്കിന്ന് പുറത്തെ ഹോമർ (ബെയ്സ്ബാൾ). (pārkkinnu puṟatte hōmar (beysbāḷ).)
ホームルーム ഹോം റൂം (വിദ്യാർത്ഥികളുടെ ഹാജർ എടുക്കുവാനും മറ്റും ഉപയോഗിക്കുന്ന ക്ളാസ്സ് മുറി). (hōṃ ṟūṃ (vidyārtthikaḷuṭe hājar eṭukkuvānuṃ maṟṟuṃ upayōgikkunna kḷāssu muṟi).)
ホームレス (集合的)ഹോംലെസ്സ്. (hōṃlessu.)
ボーリング ［穿孔(せんこう)］തുളയുണ്ടാക്കൽ. (tuḷayuṇṭākkal.)
ホール ① ഹാൾ. (hāḷ.) ② (ഗോൾഫിലെ) ഹോൾ. ((gōlphile) hōḷ.)
ホールインワン ഹോൾഇൻവൺ (ഗോൾഫ്). (hōḷinvaṇ (gōlphu).)
ボール ①［球］ബാൾ. (bāḷ.) ②［容器］പരന്ന പിഞ്ഞാണം; ബൗൾ. (paranna piññāṇaṃ; bauḷ.)
ボールがみ ボール紙 (നിരനധി കടലാസ്സ്പാളികൾ മേൽക്ക് മേൽ ഒട്ടിച്ച് നിർമ്മിക്കുന്ന) കാഡ്ബോർഡ്. ((niranadhi kaṭalāsspāḷikaḷ mēlkku mēl oṭṭiccu nirmmikkunna) kāḍbōrḍu.)
ボールなげをする ボール投げをする പന്തെറിഞ്ഞുപിടിക്കൽ (കളി). (panteṟiññupiṭikkal (kaḷi).)
ボールばこ ボール箱 കാർട്ടൺ. (kārṭṭaṇ.)
ボールペン ബാൾപെൻ. (bālpen.)
ポール പോൾ (കുറ്റി). (pōḷ (kuṟṟi).)
ポールポジション (自動車レースの)പോൾപൊസിഷൻ (കാറോട്ടപ്പന്തയം). (pōlposiṣan (kārōṭṭappantayaṃ).)
ホールセラー (卸売業者)ഹോൾസെയിലർ; മൊത്തവ്യാപാരി. (hōḷseyilar; mottavyāpāri.)
ホールディング ഹോൾഡിംഗ്. (hōḷḍiṃgu.)
ほおん 保温 ചൂടാക്കൽ. (cūṭākkal.) ～する ചൂടാക്കിവയ്ക്കുക. (cūṭākkivaykkuka.)
ホーン ［警笛］ഹോറൺ (വാഹനങ്ങളുടെ). (hōṟaṇ (vāhanaṅṅaḷuṭe).)
ほか 外, 他 ①［よそ］മറ്റേതെങ്കിലും സ്ഥലം. (maṟṟēteṅkiluṃ sthalaṃ.) ②［…を除いて］ഒഴിച്ച്. (oḻiccu.) ③［…の他にも］...പുറമെ. (...puṟame.) ④［他の物・人］(他の一つ) മറ്റൊരു (വ്യക്തി). (maṟṟoru (vyakti).) ⑤ വേറെ; മറ്റേ. (vēṟe; maṟṟē.) ⑥ (他の全部) ബാക്കിയുള്ള. (bākkiyuḷḷa.) ～で മറ്റെവിടെയെങ്കിലും. (maṟṟeviṭeyeṅkiluṃ.) ～の മറ്റൊരു; വേറെയുള്ള. (maṟṟoru; vēṟeyuḷḷa.)
ぼがい 簿外
ぼがいしさん 簿外資産 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വസ്തുവഹകൾ. (paṭṭikayil uḷppeṭuttiyiṭṭillātta vastuvahakaḷ.)
ほかく 捕獲 കീഴ്പ്പെടുത്തൽ; പിടിച്ചെടുക്കൽ. (kīḻppeṭuttal; piṭicceṭukkal.) ～する പിടിച്ചെടുക്കുക. (piṭicceṭukkuka.)
ほかくだか 捕獲高 കടലിൽനിന്നോ ശുദ്ധജലത്തിൽനിന്നോ പിടിച്ചെടുക്കുന്ന ജീവികൾ (മത്സ്യം). (kaṭalilninnō śuddhajalattilninnō piṭicceṭukkunna jīvikaḷ (matsyaṃ).)
ほかく 補角 MATH പൂരകകോൺ (ഗണിതം). (pūrakakōṇ (gaṇitaṃ).)
ほかげ 火影 വെളിച്ചം. (veḷiccaṃ.)
ほかけぶね 帆掛け船 നാവികൻ; പായ്ക്കപ്പൽ. (nāvikan; pāykkappal.)
ぼかし 暈し മറക്കൽ; (ചിത്രം); ഇരുളിക്കൽ. (maṟakkal; (citraṃ); iruḷikkal.)
ぼかす 暈す മറക്കുക. (maṟakkuka.) 態度を～ അവ്യക്തമായ നിലപാടെടുക്കുക. (avyaktamāya nilapāṭeṭukkuka.)

ぽかぽか
〜殴る തെരുതെരെ ഇടിക്കുക; (terutere iṭikkuka;) 〜する ചൂട് അനുഭവപ്പെടുക. (cūṭ anubhavappeṭuka.)

ほがらか 朗らか
〜な[気分などの] ഉന്മേഷം തോന്നുന്ന; ഉല്ലാസപ്രദമായ; (unmēṣaṃ tōnnunna; ullāsapradamāya;) 〜にする(なる) ഉന്മേഷം തോന്നിക്കുക; ഉല്ലാസകരമാക്കുക. (unmēṣaṃ tōnnikkuka; ullāsakaramākkuka.)

ぽかり ☞ ぽかん.

ほかん 保管 ① സംഭരണം; കസ്റ്റഡി. (sambharaṇaṃ; kasṟṟaḍi.) ②(預り) നിക്ഷേപം. (nikṣēpaṃ.) 〜させる നിക്ഷേപിക്കുക; ഏൽപ്പിക്കുക (nikṣēpikkuka; ēlppikkuka) 〜する(倉庫[സോ്ക്കൊ]などに[നദൊനി]) സൂക്ഷിക്കുക; ഉത്തരവാദിത്തം ഏറ്റെടുക്കുക; സംഭരിക്കുക. (sūkṣikkuka; uttaravādittaṃ ēṟṟeṭukkuka; sambharikkuka.) ◇ほかんにん 保管人 ① സൂക്ഷിപ്പുകാരൻ. (sūkṣippukāran.) ②(財産などの) ട്രസ്റ്റി. (ṭrasṟṟi.) ◇ほかんりょう 保管料 ① സൂക്ഷിപ്പുകൂലി. (sūkṣippukūli.) ② (倉庫の) സംഭരണഫീസ്. (sambharaṇaphīsu.) ◇しょるいほかんこ 書類保管庫 ഫയലിംഗ് കാബിനെറ്റ്. (phayaliṃgu kābineṟṟu.)

ほかん 補完 〜する കുറവ് തീർക്കുക; പൂരിതമാക്കുക. (kuṟavu tīrkkuka; pūritamākkuka.)

ぼかん 母艦 മാതൃയാനം (അമ്മക്കപ്പൽ). (mātṛyānaṃ (ammakkappal).)

ぽかん
〜と殴る *colloq* (ഒരാളെ) ഇടിക്കുക; ശക്തിയായി പ്രഹരിക്കുക; ((orāḷe) iṭikkuka; śaktiyāyi praharikkuka;) *☞ ぼんやり.

ぼき 簿記 ബുക്ക് കീപ്പിംഗ്; കണക്ക് സൂക്ഷിക്കൽ (bukku kīppiṃgu; kaṇakku sūkṣikkal) 〜をつける കണക്ക് സൂക്ഷിക്കുക. (kaṇakku sūkṣikkuka.) ◇ぼきがかり 簿記係 കണക്ക് സൂക്ഷിപ്പുകാരൻ. (kaṇakku sūkṣippukāran.)

ボギー GOLF (ഗോൾഫിലെ) ബൊഗീ (സ്കോർ). ((gōlphile) bogī (skōr).)

ボキャブラリー വൊക്കാബുലറി; ശബ്ദകോശം. (vokkābulaṟi; śabdakōśaṃ.)

ほきゅう 補給 വിതരണം; കുറവ് നികത്തൽ. (vitaraṇaṃ; kuṟavu nikattal.) 〜する വിതരണം ചെയ്യുക (ഭക്ഷണസാധനങ്ങൾ); കുറവ് നികത്തുക (കല്ക്കരി, ജലം). (vitaraṇaṃ ceyyuka (bhakṣaṇasādhanaṅṅaḷ); kuṟavu nikattuka (kalkkari, jalaṃ).)

ほきゅうきち 補給基地 സപ്ലൈ ബെയിസ്. (saplai beyisu.)

ほきょう 補強 സൈന്യബലവർദ്ധനം. (sainyabalavarddhanaṃ.) 〜する സൈന്യത്തിന്റെ ബലം വർദ്ധിപ്പിക്കുക; ശക്തികൂട്ടുക. (sainyattinṟe balaṃ varddhippikkuka; śaktikūṭṭuka.)

ぼきん 募金 〜する പണപ്പിരിവ് നടത്തുക; സംഭാവന പിരിക്കുക. (paṇappirivu naṭattuka; sambhāvana pirikkuka.)

(じぜん)ぼきんうんどう (慈善)募金運動 (ധർമ്മ) നിധി സംഭരണസംരംഭം. ((dharmma) nidhi sambharaṇasaṃrambhaṃ.)

ぽきん 〜と折る[折れる] ഒരു ശബ്ദത്തോടെ പൊട്ടുക; ഉടയുക. (oru śabdattōṭe poṭṭuka; uṭayuka.)

ほきんしゃ 保菌者 രോഗാണുവാഹി. (rōgāṇuvāhi.)

ぼく 僕 ☞ 私.

ほくい 北緯 《*abbr.* N. Lat.》〜40 度 39 分に നാൽപ്പത് ഡിഗ്രി മുപ്പത്തിഒൻപത് മിനുട്ട് ഉത്തര അക്ഷാംശരേഖ. (nālpatu ḍigri muppattionpatu minuṭṭu uttara akṣāṃśarēkha.)

ボクサー ① ബോക്സർ. (bōksar.) ② ബോക്സിംഗ് ജേതാവ്. (bōksiṃgu jētāvu.)

ぼくさつ 撲殺 〜する അടിച്ചുകൊല്ലുക. (aṭiccukolluka.)

ぼくし 牧師 ഉപദേശി; പുരോഹിതൻ. (upadēśi; purōhitan.)

ぼくしゅ 墨守 〜する അള്ളിപ്പിടിക്കുക; മുറുകെപ്പിടിക്കുക (പഴയ ആചാരങ്ങൾ). (aḷḷippiṭikkuka; muṟukeppiṭikkuka (paḻaya ācāraṅṅaḷ).)

ぼくじゅう 墨汁 ഇന്ത്യൻഇങ്ക്. (intyaniṅku.)

ほくじょう 北上 〜する വടക്കോട്ട് പോവുക. (vaṭakkōṭṭu pōvuka.)

ぼくじょう 牧場 മേച്ചിൽപ്പുറം; പുൽമൈതാനം; റാഞ്ച്. (mēccilppuṟaṃ; pulmaitānaṃ; ṟāñcu.) 〜を経営する മേച്ചിൽപ്രദേശം നോക്കിനടത്തുക. (mēccilpradēśaṃ nōkkinaṭattuka.)

ボクシング ☞ 拳闘(けんとう). 〜をする കൈ ചുരുട്ടി ഇടിക്കുക; മുഷ്ടിയുദ്ധം ചെയ്യുക. (kai curuṭṭi iṭikkuka; muṣṭiyuddhaṃ ceyyuka.)

ボクシンググローブ ബോക്സിംഗ് കയ്യുറ (ഗ്ലവ്). (bōksiṃgu kayyuṟa (glavu).)

ほぐす ① കെട്ടഴിക്കുക. (keṭṭaḻikkuka.) ② (和らげる) മൃദുവാക്കുക. (mṛduvākkuka.)

ほくせい 北西 〜(の) വടക്കുപടിഞ്ഞാറൻ. (vaṭakkupaṭiññāṟan.)

ぼくせき 木石
〜に等しい ഹൃദയമില്ലാതെ പെരുമാറുക; (hṛdayamillāte perumāṟuka;) 〜ではない മജ്ജയും മാംസവും കൊണ്ടുണ്ടാക്കിയതായിരിക്കുക. (majjayuṃ māṃsavuṃ koṇṭuṇṭākkiyatāyirikkuka.)

ぼくそう 牧草 പുല്ല്; പുൽമൈതാനം. (pullu; pulmaitānaṃ.) ◇ぼくそうち 牧草地 പുൽമൈതാനം; മേച്ചിൽപ്പുറം. (pulmaitānaṃ; mēccilppuṟaṃ.)

ほくそえむ 北叟笑む സ്വയം ഊറിച്ചിരിക്കുക. (svayaṃ ūṟiccirikkuka.)

ぼくたく 木鐸 (സമൂഹത്തിലെ) നേതാവ്; നായകൻ. ((samūhattile) nētāvu; nāyakan.)

ほくたん 北端 വടക്കെയറ്റം. (vaṭakkeyaṟṟaṃ.)

ぼくちく 牧畜

ぼくちく(ぎょう) 牧畜(業) കാലിവളർത്തൽ. (kālivaḷarttal.)

ぼくちくぎょうしゃ 牧畜業者 കാലിവളർത്തുവ്യവസായി. (kālivaḷarttuvyavasāyi.)

ほくとう 北東 〜(の) വടക്കുകിഴക്ക്. (vaṭakkukiḻakku.)

ぼくとう 木刀 മരംകൊണ്ടുള്ള വാൾ. (maraṃkoṇṭuḷḷa vāḷ.)

ぼくどう 牧童 ആട്ടിടയൻ ചെറുക്കൻ; കൗബോയ്. (āṭṭiṭayan ceṟukkan; kaubōyu.)

ほくとしちせい 北斗七星 സപ്തർഷി മണ്ഡലം (നക്ഷത്രവ്യൂഹം). (saptarṣi maṇḍalaṃ (nakṣatravyūhaṃ).)

ぼくとつ 朴訥 ലാളിത്യം; വിശ്വസ്തത. (lāḷityaṃ; viśvastata.) 〜な ലളിതമായ; വിശ്വസനീയമായ. (laḷitamāya; viśvasanīyamāya.)

ほくぶ 北部 വടക്കൻ പ്രദേശം. (vaṭakkan pradēśaṃ.)

ほくほく 〜する അതീവ സന്തോഷവാനാവുക. (atīva santōṣavānāvuka.)

ぼくめつ 撲滅 നശീകരണം; ഉന്മൂലനാശനം. (naśīkaraṇaṃ; unmūlanāśanaṃ.) 〜する ഉന്മൂലനാശനം വരുത്തുക. (unmūlanāśanaṃ varuttuka.)

ほくよう 北洋 വടക്കൻ കടൽ. (vaṭakkan kaṭal.)

ぼくよう 牧羊

ぼくよう(ぎょう) 牧羊(業) ചെമ്മരിയാട് വളർത്തൽ. (cemmariyāṭu vaḷarttal.)

ぼくようけん 牧羊犬 ആട്ടിടയൻ; ആട്ടിടയൻ നായ. (āṭṭiṭayan; āṭṭiṭayan nāya.)

ほぐれる ① കെട്ടഴിക്കപ്പെടുക. (keṭṭaḻikkappeṭuka.) ② (やわらぐ) മൃദുവാക്കപ്പെടുക. (mṛduvākkappeṭuka.)

ほくろ 黒子 മറുക്. (mar̲ukʉ.)

ぼけ 惚け വാർദ്ധക്യക്ഷീണം; ജരാതുരത്വം. (vārddhakyakṣīṇaṃ; jarāturatvaṃ.)

ぼけろうじん 惚け老人 വാർദ്ധക്യത്താൽ ബുദ്ധി മന്ദിച്ച കിഴവൻ. (vārddhakyattāl buddhi mandicca kiḻavan.)

ボケ 木瓜 BOT ഒരുതരം ജാപ്പനീസ് ഫലവൃക്ഷം; ഫലം. (orutaraṃ jāppanīsʉ phalavṛkṣaṃ; phalaṃ.)

ほげい 捕鯨 തിമിംഗലവേട്ട. (timiṃgalavēṭṭa.) ◇ほげいきんし 捕鯨禁止 തിമിംഗലനായാട്ട് നിരോധനം (പ്രവർത്തനം നിർത്തിവെക്കൽ). (timiṃgalanāyāṭṭʉ nirōdhanaṃ (pravarttanaṃ nirttivekkal).) ◇ほげいせん 捕鯨船 തിമിംഗലവേട്ടക്കപ്പൽ. (timiṃgalavēṭṭakkappal.) ◇ほげいほう 捕鯨砲 ചാട്ടുളി എറിയുന്ന തോക്ക്. (cāṭṭuḷi er̲iyunna tōkkʉ.) ◇しょうぎょうほげい 商業捕鯨 വാണിജ്യാവശ്യങ്ങൾക്കായി തിമിംഗലവേട്ട നടത്തൽ. (vāṇijyāvaśyaṅṅaḷkkāyi timiṃgalavēṭṭa naṭattal.)

ぼけい 母型 PRINTING ഡോട്ട് മാട്രിക്സ് (പ്രിന്റിംഗ്). (ḍōṭṭʉ māṭriksʉ (prinr̲iṃgʉ).)

ぼけい 母系 〜(の)അമ്മവഴിക്ക്. (ammavaḻikkʉ.)

ぼけいせい 母系制 മരുമക്കത്തായം. (marumakkattāyaṃ.)

ほけつ 補欠 ① അനുബന്ധം. (anubandhaṃ.) ② [人]പകരം വയ്ക്കൽ. (pakaraṃ vaykkal.) 〜の പകരമായ; പകരം വയ്ക്കാവുന്ന. (pakaramāya; pakaraṃ vaykkāvunna.) 〜の募集をする ഒഴിവുകൾ നികത്താൻ അപേക്ഷകൾ ക്ഷണിക്കുക. (oḻivukaḷ nikattān apēkṣakaḷ kṣaṇikkuka.)

ほけつせんきょ 補欠選挙 പ്രത്യേക തിരഞ്ഞെടുപ്പ്; ഉപതിരഞ്ഞെടുപ്പ്. (pratyēka tiraññeṭuppʉ; upatiraññeṭuppʉ.)

ほけつせんしゅ 補欠選手 കളിയിലെ പകരക്കാരൻ; റിസർവ്. (kaḷiyile pakarakkāran; r̲isarvʉ.)

ぼけつ 墓穴 〜を掘る സ്വന്തം ശവക്കുഴി തോണ്ടുക. (svantaṃ śavakkuḻi tōṇṭuka.)

ポケット ① പോക്കറ്റ് (കീശ). (pōkkar̲r̲ʉ (kīśa).) ② (胸の)നെഞ്ചിലെ കീശ. (neñcile kīśa.) ③ (横の)വശങ്ങളിലെ കീശ. (vaśaṅṅaḷile kīśa.) ④ [自動車運転席の] ഗ്ലവ്കമ്പാർട്ട്മെന്റ് (കാറിന്റെ). (glavkampārṭṭmenr̲ʉ (kār̲inr̲e).) 〜に手を入れて കൈ കീശയിലിട്ടുംകൊണ്ട്. (kai kīśayiliṭṭumkoṇṭʉ.)

ポケットカメラ പോക്കറ്റ് കേമെറ. (pōkkar̲r̲ʉ kēmer̲a.)

ポケットチーフ ☞ハンカチ.

ポケットマネー പോക്കറ്റുമണി. (pōkkar̲r̲umaṇi.)

ポケベル പേജർ (പോക്കറ്റ്ബെൽ). (pējar (pōkkar̲r̲bel).)

ぼける 惚ける ① [年をとって] വാർദ്ധക്യം ബാധിക്കുക. (vārddhakyaṃ bādhikkuka.) ② *colloq* അസംബന്ധം സംസാരിക്കുക. (asaṃbandhaṃ saṃsārikkuka.) ③ [色が]നിറം മായുക. (nir̲aṃ māyuka.) ④ (あせる) (നിറം) മങ്ങിപ്പോവുക. ((nir̲aṃ) maṅṅippōvuka.) ぼけた വാർദ്ധക്യം ബാധിച്ച; മങ്ങിയ; അവ്യക്തമായ. (vārddhakyaṃ bādhicca; maṅṅiya; avyaktamāya.)

ほけん 保健 ① ആരോഗ്യം. (ārōgyaṃ.) ② (衛生) ശുചിത്വം. (śucitvaṃ.) 〜上の ശുചിത്വസംബന്ധിയായ. (śucitvasaṃbandhiyāya.)

ほけんし 保健士 ശുചിത്വവിദഗ്ധൻ. (śucitvavidagddhan.)

ほけんしつ 保健室 (വിദ്യാലയത്തിനകത്തുതന്നെയുള്ള) ചികിത്സാലയം. ((vidyālayattinakattutanneyuḷḷa) cikitsālayaṃ.)

ほけんじょ 保健所 പൊതുജനാരോഗ്യകേന്ദ്രം. (potujanārōgyakēndraṃ.)

ほけんたいいく 保健体育 ആരോഗ്യവും കായികവിദ്യാഭ്യാസവും. (ārōgyavuṃ kāyikavidyābhyāsavuṃ.)

ほけんふ 保健婦 പൊതുജനാരോഗ്യവിഭാഗത്തിലെ നഴ്സ്. (potujanārōgyavibhāgattile naḻsʉ.)

よびおこす 呼び起こす ①(目を覚まさせる)വിളിച്ചുണർത്തുക. (viḷiccuṇarttuka.) ②(思い出させる)ഓർമ്മിപ്പിക്കുക (ഒരാളെ ഒരു കാര്യത്തെപ്പറ്റി). (ōrmmippikkuka (orāḷe oru kāryatteppaṟṟi).)
よびかえす 呼び返す തിരിച്ചുവിളിക്കുക. (tiriccuviḷikkuka.)
よびかけ 呼び掛け ആഹ്വാനം. (āhvānaṃ.)
よびかける 呼び掛ける വിളിക്കുക (ഒരാളെ); സംസാരിക്കുക; അഭിസംബോധന ചെയ്യുക; ആഹ്വാനം ചെയ്യുക (പൊതുജനങ്ങളെ). (viḷikkuka (orāḷe); saṃsārikkuka; abhisambōdhana ceyyuka; āhvānaṃ ceyyuka (potujanaṅṅaḷe).)
よびかわす 呼び交わす പരസ്പരം വിളിക്കുക; പരസ്പരം പേര് വിളിക്കുക. (parasparaṃ viḷikkuka; parasparaṃ pēru viḷikkuka.)
よびこ 呼び子 (笛)വിസിൽ (പീപി). (visil (pīpi).)

よびごえ 呼び声 കരച്ചിൽ; വിളി. (karaccil; viḷi.) ～が高い ധാരാളം സംസാരിക്കപ്പെട്ട. (dhārāḷam saṃsārikkappeṭṭa.)

よびこみ 呼び込み （人）ആളുകളെ വിളിച്ചുകൂട്ടുന്നവൻ. (āḷukaḷe viḷiccukūṭṭunnavan.)

よびこむ 呼び込む വിളിച്ചുകൂട്ടുക. (viḷiccukūṭṭuka.)

よびすて 呼び捨て ～にする (അനൗപചാരികമായി) പേരെടുത്ത് വിളിക്കുക. ((anaupacārikamāyi) pēreṭuttɨ viḷikkuka.)

よびだし 呼び出し ① വിളി. (viḷi.) ② LEGAL（呼び出し状）സമൺസ്. (samaṇsɨ.)

よびだしでんわ 呼び出し電話 അയൽവാസിക്ക് വന്ന ടെലഫോൺ വിളി. (ayalvāsikkɨ vanna ṭelaphōṇ viḷi.)

よびだしふごう 呼び出し符号 (കാൾ സൈൻ) വിളിക്കുന്നതിന്റെ അടയാളം. ((kāḷ sain) viḷikkunnatinṟe aṭayāḷam.)

よびだす 呼び出す ① വിളിക്കുക. (viḷikkuka.) ②（召喚）സമ്മൺ ചെയ്തു വരുത്തുക. (samman ceytu varuttuka.) ③（電話に）വിളിച്ചുവരുത്തുക (ഫോണിൽ). (viḷiccuvaruttuka (phōṇil).) ④（マイクで）വിളിക്കുക (ഉച്ചഭാഷിണിയിലൂടെ). (viḷikkuka (uccabhāṣiṇiyilūṭe).)

よびたてる 呼び立てる ①（大声で呼ぶ）(ഉയർന്ന ശബ്ദത്തിൽ) ഒരാളെ വിളിക്കുക. ((uyarnna śabdattil) orāḷe viḷikkuka.) ②（呼び寄せる）വരാൻ വിളിച്ചുപറയുക. (varān viḷiccupaṟayuka.)

よびつける 呼び付ける വിളിച്ചുവരുത്തുക; ആളയച്ചു വിളിപ്പിക്കുക. (viḷiccuvaruttuka; āḷayaccu viḷippikkuka.)

よびとめる 呼び止める നില്ക്കാൻ വിളിച്ചുപറയുക; തിരിച്ചുവിളിക്കുക. (nilkkān viḷiccupaṟayuka; tiriccuviḷikkuka.)

よびな 呼び名 ① സ്വന്തം പേര്. (svantaṃ pērɨ.) ②（通称）ചെല്ലപ്പേര്. (cellappērɨ.)

よびね 呼び値 ① നാമമാത്രമായ വില. (nāmamātramāya vila.) ②（言い値）ചോദിക്കുന്ന വില. (cōdikkunna vila.)

よびみず 呼び水 ～をやる വെള്ളം വലിച്ചെടുക്കുക (പമ്പുവഴി). (veḷḷam valicceṭukkuka (pampuvaḻi).)

よびもどす 呼び戻す തിരിച്ചുവിളിക്കുക. (tiriccuviḷikkuka.)

よびもの 呼び物 പ്രധാന ആകർഷണം; മുഖ്യ കാഴ്ചവസ്തു. (pradhāna ākarṣaṇam; mukhya kāḻcavastu.)

よびょう 余病 ～(を併発する)ആരോഗ്യം വഷളാവുക (പുതിയ പ്രശ്നം ഉൽഭവിക്കുക). (ārōgyaṃ vaṣaḷāvuka (putiya praśnaṃ ulbhavikkuka).)

よびよせる 呼び寄せる ① ഒരാളെ വിളിക്കുക; ആളയച്ചു വിളിക്കുക. (orāḷe viḷikkuka; āḷayaccu viḷikkuka.) ②（手紙（電報）で）എഴുത്തോ കമ്പിസന്ദേശമോ വഴി വിളിച്ചുവരുത്തുക. (eḻuttō kampisandēśamō vaḻi viḷiccuvaruttuka.)

よびりん 呼び鈴 വാതിൽ മണി. (vātil maṇi.)

よぶ 呼ぶ ①［声をかける］വിളിക്കുക; വിളിച്ചുപറയുക; (സഹായത്തിന്ന്) വിളിക്കുക. (viḷikkuka; viḷiccupaṟayuka; (sahāyattinnɨ) viḷikkuka.) ②［呼び寄せる］വിളിക്കാൻ ആളെ അയക്കുക (ഡോക്ടറെ); (ടാക്സി) വിളിക്കുക. (viḷikkān āḷe ayakkuka (ḍōkṭaṟe); (ṭāksi) viḷikkuka.) ③［招く］(അത്താഴത്തിന്ന്) ക്ഷണിക്കുക; (സാധനം വില്ക്കുമ്പോൾ) ആളുകളെ വിളിച്ചുവരുത്തുക. ((attāḻattinnɨ) kṣaṇikkuka; (sādhanaṃ vilkkumpōḷ) āḷukaḷe viḷiccuvaruttuka.) ④［称する］(പേര്)വിളിക്കുക. ((pērɨ)viḷikkuka.) 呼んで来てくれ വിളിച്ചുകൊണ്ടു വരൂ (-ഒരാളെ). (viḷiccukoṇṭu varū (-orāḷe).) 呼んでいる വിളിക്കുന്നുണ്ട് (viḷikkunnuṇṭɨ) (നിങ്ങളെ) ((niṅṅaḷe)) 呼びに来る വിളിക്കാൻ വരിക (ഒരാളെ). (viḷikkān varika (orāḷe).) 呼びに遣る (ഡോക്ടറെ) വിളിപ്പിക്കുക. ((ḍōkṭaṟe) viḷippikkuka.) 呼びに行く വിളിക്കാൻ ചെല്ലുക (ഡോക്ടറെ); (ടാക്സി). (viḷikkān celluka (ḍōkṭaṟe); viḷikkuka (ṭāksi).)

よふかし 夜更かし ～する രാത്രി വൈകുംവരെയിരിക്കുക. (rātri vaikuṃvareyirikkuka.)

よふけ 夜更け ～に രാത്രി വൈകിയിട്ട്. (rātri vaikiyiṭṭɨ.)

よぶん 余分 കൂടുതലായി വരിക; ആവശ്യത്തിലധികമാവുക. (kūṭutalāyi varika; āvaśyattiladhikamāvuka.) ～な ആവശ്യത്തിലധികമായ; കൂടുതലായുള്ള (പണം). (āvaśyattiladhikamāya; kūṭutalāyuḷḷa (paṇam).)

よほう 予報
～する（予言［യൊഗെൻ］する［സുരു］）പ്രവചിക്കുക. (pravacikkuka.) (കാലാവസ്ഥാ) പ്രവചനം നടത്തുക. ((kālāvasthā) pravacanaṃ naṭattuka.) ◇てんきよほうし 天気予報士 കാലാവസ്ഥാ പ്രവചനം നടത്തുന്ന വ്യക്തി. (kālāvasthā pravacanaṃ naṭattunna vyakti.)

よぼう 予防 ①（防止）പ്രതിരോധം. (pratirōdhaṃ.) ②（保護）സംരക്ഷണം. (saṃrakṣaṇaṃ.) ③（用心）മുൻകരുതൽ. (munkarutal.) ～する പ്രതിരോധിക്കുക (പകർച്ചവ്യാധി); സംരക്ഷിക്കുക (ഒരാളെ അപകടത്തിൽനിന്നും); മുൻകരുതലെടുക്കുക. (pratirōdhikkuka (pakarccavyādhi); saṃrakṣikkuka (orāḷe apakaṭattilninnuṃ); munkarutaleṭukkuka.)

よぼういがく（がいこう）予防医学（外交） പ്രതിരോധ ഔഷധശാസ്ത്രം (നയതന്ത്രം). (pratirōdha auṣadhaśāstraṃ (nayatantraṃ).)

よぼうさくをこうじる 予防策を講じる പ്രതിരോധ നടപടികൾ എടുക്കുക. (pratirōdha naṭapaṭikaḷ eṭukkuka.)

よぼうせんをはる 予防線を張る കാലേക്കൂട്ടി തടയുക. (kālēkūṭṭi taṭayuka.)

よぼうちゅうしゃ（せっしゅ）予防注射（接種） പ്രതിരോധ(നിവാരണ) സൂചിവെപ്പ് (കുത്തിവയ്പ്പ്). (pratirōdha(nivāraṇa) sūciveppɨ (kuttivayppɨ).)

よぼうちゅうしゃをうける 予防注射を受ける കുത്തിവയ്പ്പിക്കുക (രോഗപ്രതിരോധത്തിന്). (kuttivayppikkuka (rōgapratirōdhattinɨ).)

よほど 余程 ①［程度］വളരെ; വളരെയധികം; ഉയർന്നതായി; സുദീർഘമായി; ഗണ്യമായി. (vaḷare; vaḷareyadhikaṃ; uyarnnatāyi; sudīrghamāyi; gaṇyamāyi.) ②［時間］വളരെ (നാളുകൾ); നീണ്ട (സമയം). (vaḷare (nāḷukaḷ); nīṇṭa (samayaṃ).) ③［距離］വളരെ അകലെയായ. (vaḷare akaleyāya.) ～の അനേകം (ദിവസങ്ങൾ); വളരെയധികമായ. (anēkaṃ (divasaṅṅaḷ); vaḷareyadhikamāya.) *☞ よくよく.

よぼよぼ
～の പ്രാഞ്ചിപ്രാഞ്ചിയുള്ള; കാലുറയ്ക്കാത്ത; (prāñciprāñciyuḷḷa; kāluṟaykkātta;) ～する ആടിയാടി നടക്കുക; ചാഞ്ചാടുക; വിറക്കുക; (āṭiyāṭi naṭakkuka; cāñcāṭuka; viṟakkuka;) ～した (പ്രായംമൂലം) കാലുറയ്ക്കാത്ത. ((prāyammūlaṃ) kāluṟaykkātta.)

よまいごと 世迷い言 ～をいう അസംബന്ധം പറയുക; പിറുപിറുക്കുക. (asambandhaṃ paṟayuka; piṟupiṟukkuka.)

よみ 黄泉 പരേതാത്മാക്കളുടെ രാജ്യം; പാതാളം. (parētātmākkaḷuṭe rājyaṃ; pātāḷaṃ.)

よみ 読み ① വായന. (vāyana.) ②［訓］(ചൈനീസ് ചിത്രലിപികളുടെ) ജാപ്പനീസ് വായന (ഉച്ചാരണം). ((cainīsɨ citralipikaḷuṭe) jāppanīsɨ vāyana (uccāraṇaṃ).) ③［判断］വിധിനിർണ്ണയം; കണക്കുകൂട്ടൽ. (vidhinirṇṇayaṃ; kaṇakkukūṭṭal.) ～が深い（浅い）നല്ല ഉൾക്കാഴ്ച ഉണ്ടായിരിക്കുക (ഇല്ലാതിരിക്കുക). (nalla uḷkkāḻca uṇṭāyirikkuka (illātirikkuka).)

よみあげる 読み上げる ①［声を出して］ഉച്ചത്തിൽ വായിക്കുക. (uccattil vāyikkuka.) ②［読み終わる］മുഴുവൻ വായിക്കുക; വായിച്ചുതീർക്കുക. (muḻuvan vāyikkuka; vāyiccutīrkkuka.)

よみあさる 読み漁る ആർത്തിയോടെ വായിക്കുക (പുസ്തകം). (ārttiyōṭe vāyikkuka (pustakaṃ).)

よみあやまる 読み誤る ① തെറ്റായി വായിക്കുക. (teṟṟāyi vāyikkuka.) ②（発音を）ഉച്ചാരണശുദ്ധിയില്ലാതെ വായിക്കുക. (uccāraṇaśuddhiyillāte vāyikkuka.)

よみあわせる 読み合わせる വായിച്ചു താരതമ്യപ്പെടുത്തുക (മറ്റൊരു പ്രതിയുമായി); പരിശോധിക്കുക. (vāyiccu tāratamyappeṭuttuka (maṟṟoru pratiyumāyi); pariśōdhikkuka.)

よみおとす 読み落とす വായനയ്ക്കിടെ വിട്ടുപോവുക (ഒരുവാക്ക്). (vāyanaykkiṭe viṭṭupōvuka (oruvākkʉ).)

よみおわる 読み終わる വായിച്ചുതീരുക. (vāyiccutīruka.)

よみかえす 読み返す ആവർത്തിച്ചു വായിക്കുക. (āvartticcu vāyikkuka.)

よみがえり 甦り ഉയിർത്തെഴുന്നേല്പ്; പുനരുജ്ജീവനം. (uyirtteḻunnēlpʉ; punarujjīvanaṃ.)

よみがえる 甦る ① ബോധം തെളിയുക; ജീവൻ വീണ്ടെടുക്കുക. (bōdhaṃ teḷiyuka; jīvan vīṇṭeṭukkuka.) ②（草木が）ഉന്മേഷം വീണ്ടെടുക്കുക. (unmēṣaṃ vīṇṭeṭukkuka.) 甦ったような心地がする പുതുജീവൻ കിട്ടിയതുപോലെ തോന്നുക. (putujīvan kiṭṭiyatupōle tōnnuka.)

よみかき 読み書き എഴുത്തും വായനയും. (eḻuttuṃ vāyanayuṃ.) ～が出来ない（文盲［മൊൻമോ］）എഴുതാനും വായിക്കാനും അറിയാതിരിക്കുക; അക്ഷരജ്ഞാനമില്ലാതിരിക്കുക. (eḻutānuṃ vāyikkānuṃ aṟiyātirikkuka; akṣarajñānamillātirikkuka.) ～の能力 സാക്ഷരതാ കഴിവ്. (sākṣaratā kaḻivʉ.)

よみかきそろばん 読み書きそろばん എഴുത്തും, വായനയും, കണക്കുകൂട്ടലും. (eḻuttuṃ, vāyanayuṃ, kaṇakkukūṭṭaluṃ.)

よみかけ 読み掛け ☞ 読みさし.

よみかた 読み方 ① വായിക്കുന്ന രീതി. (vāyikkunna rīti.) ②（発音）ഉച്ചാരണം. (uccāraṇaṃ.) ③（学科）വായന അഭ്യസിക്കൽ. (vāyana abhyasikkal.)

よみきかす 読み聞かす വായിച്ചു കേൾപ്പിക്കുക (എഴുത്ത്). (vāyiccu kēḷppikkuka (eḻuttʉ).)

よみきり 読み切り ◇よみきりしょうせつ 読み切り小説 സമ്പൂർണ്ണകഥ (നോവൽ). (sampūrṇṇakatha (nōval).)

よみきる 読み切る ☞ 読み終わる. 一気に～ ഒറ്റയിരിപ്പിൽ വായിച്ചുതീർക്കുക. (oṟṟayirippil vāyiccutīrkkuka.)

よみくだす 読み下す മുഴുവനായി വായിച്ചുനോക്കുക. (muḻuvanāyi vāyiccunōkkuka.)

よみごたえ 読み応え ☞ 読み出.

よみこなす 読みこなす ഗ്രഹിക്കുക; പൂർണ്ണമായി ഉൾക്കൊള്ളുക. (grahikkuka; pūrṇṇamāyi uḷkkoḷḷuka.)

よみこむ 読み込む COMPUT റീഡ് ഇൻ (കമ്പ്യൂട്ടർ). (rīḍʉ in (kampyūṭṭar).)

よみさし 読みさし ～の വായിച്ചുതീർത്തിട്ടില്ലാത്ത (ഗ്രന്ഥം). (vāyiccutīrttiṭṭillātta (granthaṃ).)

よみすてる 読み捨てる സ്വല്പനേരത്തെ ഉല്ലാസവായന(ക്കുള്ള ഗ്രന്ഥം). (svalpanēratte ullāsavāyana(kkuḷḷa granthaṃ).)

よみせ 夜店 രാത്രിയും തുറന്നുപ്രവർത്തിക്കുന്ന കട. (rātriyuṃ tuṟannupravarttikkunna kaṭa.)

よみだし 読み出し ◇よみだしせんようメモリ 読み出し専用メモリ ☞ ROM(ロム).

よみち 夜道 ～を行く രാത്രിയാത്ര ചെയ്യുക. (rātriyātra ceyyuka.)

よみちがえる 読み違える ①［誤読・誤解］തെറ്റായി വ്യാഖ്യാനിക്കുക. (teṟṟāyi vyākhyānikkuka.) ②［判断を誤る］തെറ്റായ അനുമാനത്തിലെത്തുക. (teṟṟāya anumānattilettuka.)

よみて 読み手 ① വായിക്കുന്നവൻ. (vāyikkunnavan.) ②（歌の）ഗാനരചയിതാവ്. (gānaracayitāvʉ.)

よみで 読み出 ～がある（大きい）;（値うちがある）. വായിച്ചിരിക്കേണ്ടതായ (ഗ്രന്ഥം) ആയിരിക്കുക. (vāyiccirikkēṇṭatāya (granthaṃ) āyirikkuka.)

よみとおす 読み通す ശ്രദ്ധിച്ചു വായിച്ചു നോക്കുക. (śraddhiccu vāyiccu nōkkuka.)

よみとばす 読み飛ばす (ചില പേജുകൾ) വിട്ടുകളയുക (വായിക്കുമ്പോൾ). ((cila pējukaḷ) viṭṭukaḷayuka (vāyikkumpōḷ).)

よみとり 読み取り COMPUT (കമ്പ്യൂട്ടർ) റീഡ് ഔട്ട്. ((kampyūṭṭar) rīḍʉ auṭṭʉ.)

よみとる 読み取る വായിച്ചെടുക്കുക (ഒരാളുടെ മനസ്സിലിരിപ്പ്); ഗ്രഹിച്ചെടുക്കുക. (vāyicceṭukkuka (orāḷuṭe manassilirippʉ); grahicceṭukkuka.)

よみなおす 読み直す വീണ്ടും വായിക്കുക. (vīṇṭuṃ vāyikkuka.)

よみながす 読み流す ① ശ്രദ്ധയില്ലാതെ വായിക്കുക. (śraddhayillāte vāyikkuka.) ②［すらすらと］ഇടയ്ക്ക് നിർത്താതെ വായിക്കുക. (iṭaykkʉ nirttāte vāyikkuka.) ③［ざっと］വെറുതെ കണ്ണോടിച്ചു നോക്കുക (ഗ്രന്ഥത്തിലൂടെ). (veṟute kaṇṇōṭiccu nōkkuka (granthattilūṭe).)

よみにくい 読み難い ① വായിക്കാൻ പ്രയാസമായ. (vāyikkān prayāsamāya.) ②（字体が）വ്യക്തതയില്ലാത്ത (ലിപികൾ). (vyaktatayillātta (lipikaḷ).)

よみびと 読み人 ◇よみびとしらずの 読み人知らずの പേരറിയാത്ത; അജ്ഞാതനാമാവായ. (pēraṟiyātta; ajñātanāmāvāya.)

よみふける 読み耽る വായനയിൽ മുഴുകിയിരിക്കുക. (vāyanayil muḻukiyirikkuka.)

よみもの 読み物 ഗ്രന്ഥം; വായിക്കുവാനുള്ളവ. (granthaṃ; vāyikkuvānuḷḷava.)

よみやすい 読み易い ① വായിക്കാനെളുപ്പമായ. (vāyikkāneḷuppamāya.) ②（字体が）തെളിഞ്ഞ ലിപികളുള്ള. (teḷiñña lipikaḷuḷḷa.)

よむ 読む ① വായിക്കുക. (vāyikkuka.) ②（経文などを）മന്ത്രോച്ചാരണം നടത്തുക. (mantrōccāraṇaṃ naṭattuka.) ③（朗吟）പാരായണം ചെയ്യുക. (pārāyaṇaṃ ceyyuka.) ④（心・顔色を）ഒരാളുടെ ചിന്തകൾ വായിച്ചെടുക്കുക. (orāḷuṭe cintakaḷ vāyicceṭukkuka.) ⑤（歌を）(ഗാനം) രചിക്കുക (സംഗീതം നല്കുക). ((gānaṃ) racikkuka (saṃgītaṃ nalkuka).)

よめ 嫁 ①（花嫁）വധു. (vadhu.) ②（妻）ഭാര്യ. (bhārya.) ③（夫の父母から見た）പുത്രഭാര്യ. (putrabhārya.) ～に行く（をもらう）വധുവായി ഭർത്താവിന്റെ വീട്ടിലേക്ക് പോവുക; (വധുവിനെ തന്റെ വീട്ടിൽ സ്വീകരിക്കുക (ഭർത്താവ്). (vadhuvāyi bharttāvinṟe vīṭṭilēkkʉ pōvuka; (vadhuvine tanṟe vīṭṭil svīkarikkuka (bharttāvʉ).) *☞ 嫁入り.

よめ 夜目 ～にも明るい രാത്രിയിലെ ഇരുട്ടിൽപോലും വ്യക്തമായി കാണാറാവുക. (rātriyile iruṭṭilpōluṃ vyaktamāyi kāṇāṟāvuka.)

よめい 余命 ജീവിതത്തിന്റെ ശേഷിപ്പുള്ള കാലം. (jīvitattinṟe śēṣippuḷḷa kālaṃ.) ～いくばくもない ചുരുങ്ങിയകാലം മാത്രം ജീവിച്ചിരിക്കാനുണ്ടായിരിക്കുക; ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുക. (curuṅṅiyakālaṃ mātraṃ jīviccirikkānuṇṭāyirikkuka; divasaṅṅaḷ eṇṇappeṭṭirikkuka.)

よめいびり 嫁いびり ～する［姑（しゅうとめ）が］മകന്റെ ഭാര്യയോട് പരുഷമായി പെരുമാറുക (അമ്മായിയമ്മ). (makanṟe bhāryayōṭʉ paruṣamāyi perumāṟuka (ammāyiyamma).)

よめいり 嫁入り വിവാഹം; കല്യാണം. (vivāhaṃ; kalyāṇaṃ.)

よめいりじたく 嫁入り支度 ①（道具）വധുവിന്റെ ചമയങ്ങൾ (വസ്ത്രങ്ങൾ). (vadhuvinṟe camayaṅṅaḷ (vastraṅṅaḷ).) ②（準備）വിവാഹ ഒരുക്കങ്ങൾ. (vivāha orukkaṅṅaḷ.)

よめる 読める ① വായിക്കാവുന്നതായിരിക്കുക. (vāyikkāvunnatāyirikkuka.) ②（面白く）വായിക്കാൻ പറ്റിയതായിരിക്കുക. (vāyikkān paṟṟiyatāyirikkuka.) ③（字体が）(ലിപി) വ്യക്തമായതായിരിക്കുക. ((lipi) vyaktamāyatāyirikkuka.)

ヨモギ 蓬 BOT ലഹരിപാനീയങ്ങൾക്ക് രുചി ചേർക്കാനുപയോഗിക്കുന്ന ഒരുതരം (യൂറോപ്യൻ) പൂച്ചെടി. (laharipānīyaṅṅaḷkkŭ ruci cērkkānupayōgikkunna orutaraṃ (yūṟōpyan) pūcceṭi.)

よもすがら 夜もすがら ☞ 夜通し.

よもや

〜そんなことはすまい സംശയമില്ല (അയാൾക്ക്) അത്തരമൊരു പ്രവൃത്തി ചെയ്യാനാവുകയില്ല; (saṃśayamilla (ayāḷkkŭ) attaramoru pravṛtti ceyyānāvukayilla;) 〜本当ではあるまい അതൊരിക്കലും സത്യമാവാനിടയില്ല. (atorikkaluṃ satyamāvāniṭayilla.)

よもやま 四方山 ◇ よもやまばなしをする 四方山話をする സകലവിധ സംഗതികളെക്കുറിച്ചും സംസാരിക്കുക. (sakalavidha saṃgatikaḷekkuṟiccuṃ saṃsārikkuka.)

よやく 予約 〜する മുൻകൂട്ടി പണമടച്ച് പുസ്തകമോ; മുറിയോ; ഇരിപ്പിടമോ റിസർവ് ചെയ്യുക. (munkūṭṭi paṇamaṭaccu pustakamō; muṟiyō; irippiṭamō ṟisarvŭ ceyyuka.)

よやくきん 予約金 ① മുൻകൂർ അടവ് പണം. (munkūr aṭavŭ paṇaṃ.) ②（代価）വരിസംഖ്യ. (varisaṃkhya.)

よやくさいかくにん 予約再確認 റിസർവേഷൻ വീണ്ടും ഉറപ്പിക്കൽ. (ṟisarvēṣan vīṇṭuṃ uṟappikkal.)

よやくしゅっぱん（はんばい）する 予約出版（販売）する തവണകളായി അടച്ച് പ്രസിദ്ധീകരിക്കുക (വിൽക്കുക). (tavaṇakaḷāyi aṭaccu prasiddhīkarikkuka (vilkuka).)

よやくずみ（である）予約済み（である） കൃത്യാന്തരബാഹുല്യത്തിൽ (ആയിരിക്കുക). (kṛtyāntarabāhulyattil (āyirikkuka).)

よやくせき 予約席 ① റിസർവ് ചെയ്യപ്പെട്ട ഇരിപ്പിടം. (ṟisarvŭ ceyyappeṭṭa irippiṭaṃ.) ②《掲示》(നോട്ടീസ്) റിസർവ് ചെയ്യപ്പെട്ടത്. ((nōṭṭīssŭ) ṟisarvŭ ceyyappeṭṭatŭ.)

よやくちゅうもん 予約注文 മുൻകൂട്ടി വാങ്ങാൻ അയക്കുന്ന ഓർഡർ. (munkūṭṭi vāṅṅān ayakkunna ōrḍar.)

よゆう 余裕 ①（余地）ഇടം. (iṭaṃ.) ②（余剰）മിച്ചം. (miccaṃ.) ③（時・金の）വേണ്ടതിലധികമുള്ള സമയമോ പണമോ. (vēṇṭatiladhikamuḷḷa samayamō paṇamō.) 〜がある നേരം (പണം) ആവശ്യത്തിനുണ്ടായിരിക്കുക. (nēraṃ (paṇaṃ) āvaśyattinuṇṭāyirikkuka.)

よゆうしゃくしゃくとしている 余裕綽々としている ശാന്തമായും മനസ്സമാധാനത്തോടെയും ഇരിക്കുക. (śāntamāyuṃ manassamādhānattōṭeyuṃ irikkuka.)

- より - 寄り

東〜に സ്വല്പം കിഴക്കോട്ടായി; (svalpaṃ kiḻakkōṭṭāyi;) 東〜の風 കിഴക്കൻ കാറ്റ്. (kiḻakkan kāṟṟŭ.)

- より ①［から］☞ - から. ②［比較］...... നേക്കാൾ (മരണം) നല്ലത്;(.....പണ്ടിതൻ)എന്നതിനേക്കാൾ (പത്രപ്രവർത്തകനാണ്, അയാൾ). (...... nēkkāḷ (maraṇaṃ) nallatŭ;(.....panṭitan)ennatinēkkāḷ (patrapravarttakanāṇŭ, ayāḷ).) ③ ［より以外には］ അല്ലാതെ;... ൽപ്പരം (മറ്റൊരു മാർഗ്ഗമില്ല). (allāte;... lpparaṃ (maṟṟoru mārggamilla).)

より 縒り പിരി; ചുറ്റൽ. (piri; cuṟṟal.) 〜を戻す（糸［ഇത്തൊ］の［നൊ］）（仲直［നക്കനഒ］りする［രിസുരു］）പിരി അഴിക്കുക; (piri aḻikkuka;) 腕に〜をかける കഴിവിന്റെ പരമാവധി പ്രയോഗിക്കുക. (kaḻivinṟe paramāvadhi prayōgikkuka.)

より ①［に従って］...ന്നനുസരിച്ച്; പ്രകാരം. (...nnanusariccu; prakāraṃ.) ②［の力で］...ലൂടെ;...സഹായംകൊണ്ട്. (...lūṭe;...sahāyaṃkoṇṭŭ.) ③［理由］കാരണം; ആയതിനാൽ;...നാൽ. (kāraṇaṃ; āyatināl;..ṇāl.)

よりあい 寄り合い സമ്മേളനം; കൂട്ടായ്മ. (sammēḷanaṃ; kūṭṭāyma.)

よりあいじょたい 寄り合い所帯 （寄せ集め）തട്ടിക്കൂട്ടിയ ഒരു ടീം. (taṭṭikkūṭṭiya oru ṭīṃ.)

よりあう 寄り合う ☞ 寄り集まる.

よりあつまる 寄り集まる കൂട്ടംകൂടുക; കൂടിച്ചേരുക; ഒത്തുചേരുക. (kūṭṭaṃkūṭuka; kūṭiccēruka; ottucēruka.)

よりいと 撚り糸 പിരിച്ചനൂൽ; ചരട്. (piriccanūl; caraṭŭ.)

よりかかる 寄り掛かる ① ചാരിനില്ക്കുക; ചാരുക. (cārinilkkuka; cāruka.) ②（頼る）ആശ്രയിക്കുക. (āśrayikkuka.)

よりけり それは時と場合に〜だ അതൊക്കെ ചുറ്റുപാടുകൾക്കനുസരിച്ചായിരിക്കും. (atokke cuṟṟupāṭukaḷkkanusariccāyirikkuṃ.)

よりごのみ 選り好み ☞ 選（え）り好み.

よりすがる 寄り縋る ① അള്ളിപ്പിടിക്കുക. (aḷḷippiṭikkuka.) ②（頼る）ആശ്രയിക്കുക. (āśrayikkuka.)

よりそう 寄り添う അടുപ്പിക്കുക. (aṭuppikkuka.) 寄り添って അടുത്തടുത്തായി. (aṭuttaṭuttāyi.)

よりだす 選り出す തിരഞ്ഞുപിടിക്കുക; തിരഞ്ഞെടുക്കുക. (tiraññupiṭikkuka; tiraññeṭukkuka.)

よりつき 寄り付き（株式）(ഓഹരിവിപണിയിൽ) ഒരു ദിവസത്തെ ആരംഭം. ((ōharivipaṇiyil) oru divasatte āraṃbhaṃ.)

よりつきねだん 寄り付き値段 (ഓഹരിവിപണിയിൽ) തുടക്കത്തിൽ വിപണനം നടത്തപ്പെടുന്ന വില (കൊട്ടേഷൻ). ((ōharivipaṇiyil) tuṭakkattil vipaṇanaṃ naṭattappeṭunna vila (koṭṭēṣan).)

よりつく 寄り付く ① അടുത്തുവരിക; സമീപിക്കുക. (aṭuttuvarika; samīpikkuka.) ②（株式）തുറക്കുക (ഓഹരിവിപണി). (tuṟakkuka (ōharivipaṇi).) 寄り付かない അടുപ്പിക്കാതിരിക്കുക; ഒഴിവാക്കുക. (aṭuppikkātirikkuka; oḻivākkuka.) 足元にも寄り付けない യാതൊരു വിധത്തിലും കിടപിടിക്കുകയില്ല (ഒരാളുമായി). (yātoru vidhattiluṃ kiṭapiṭikkukayilla (orāḷumāyi).)

よりどころ 拠り所 〜のある（ない）ശക്തമായ അടിസ്ഥാനം ഉണ്ടായിരിക്കുക (ഇല്ലാതിരിക്കുക). (śaktamāya aṭisthānaṃ uṇṭāyirikkuka (illātirikkuka).)

よりどり 選り取り

〜する സ്വയം തിരഞ്ഞെടുക്കുക; (svayaṃ tiraññeṭukkuka;) 〜100 円 ഏതെടുത്താലും നൂറുയെൻ (വില). (ēteṭuttāluṃ nūṟuyen (vila).)

よりどりみどりの 選り取り見取りの ① ആർക്കുവേണമെങ്കിലും എടുക്കാവുന്ന. (ārkkuvēṇameṅkiluṃ eṭukkāvunna.) ②《話》ചാടിപ്പിടിച്ചെടുക്കാൻ പാകത്തിൽ. (cāṭippiṭicceṭukkān pākattil.)

よりによって 選りに選って എല്ലാ ദിവസങ്ങൾ/സ്ഥലങ്ങൾ/സാധനങ്ങളിലുംവെച്ച്.... (ellā divasaṅṅaḷ/sthalaṅṅaḷ/sādhanaṅṅaḷiluṃveccu....) 〜今晩 എല്ലാ രാത്രികളിലുംവെച്ച് ഈ രാത്രി (തന്നെ വേണമായിരുന്നുവോ?). (ellā rātrikaḷiluṃveccŭ ī rātri (tanne vēṇamāyirunnuvō?).)

よりぬき 選り抜き ① പ്രത്യേകം തിരഞ്ഞെടുക്കൽ; ശ്രേഷ്ഠമായിരിക്കൽ. (pratyēkaṃ tiraññeṭukkal; śrēṣṭhamāyirikkal.) ②（人々）മാന്യമായിരിക്കൽ. (mānyamāyirikkal.) 〜の പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട; ശ്രേഷ്ഠമായ; മാന്യമായ. (pratyēkaṃ tiraññeṭukkappeṭṭa; śrēṣṭhamāya; mānyamāya.)

よりぬく 選り抜く തിരഞ്ഞെടുക്കുക; പ്രത്യേകം മാറ്റിനിർത്തുക; അന്വേഷിച്ച് കണ്ടുപിടിക്കുക. (tiraññeṭukkuka; pratyēkaṃ māṟṟinirttuka; anvēṣiccu kaṇṭupiṭikkuka.)

よりみち 寄り道 〜をする പോകുന്നവഴിക്ക് (ആരെയെങ്കിലും) സന്ദർശിക്കുക/വഴിക്ക് നില്ക്കുക; (pōkunnavaḻikku (āreyeṅkiluṃ) sandarśikkuka/vaḻikku nilkkuka;) 〜しないで帰る വഴിക്ക് നില്ക്കാതെ നേരെ വീട്ടിലോട്ട് തിരിച്ചുവരിക. (vaḻikku nilkkāte nēre vīṭṭilōṭṭu tiriccuvarika.)

よりめ 寄り目 കോങ്കണ്ണ്. (kōṅkaṇṇu.) 〜の കോങ്കണ്ണുള്ള. (kōṅkaṇṇuḷḷa.)

よりょく 余力 ① കയ്യിലിരിപ്പ് (ശക്തി; ഊർജ്ജം; ധനം). (kayyilirippu (śakti; ūrjjaṃ; dhanaṃ).) ② (金の) ആവശ്യത്തിലധികമുള്ള പണം. (āvaśyattiladhikamuḷḷa paṇaṃ.)

よりわける 選り分ける ☞ 選(え)り分ける.

よる 夜 ① രാത്രി. (rātri.) ② ☞ 夜(よ). 〜に(夜中[യാനക്ക]) രാത്രിയിൽ; വൈകുന്നേരം; രാത്രി; (rātriyil; vaikunnēraṃ; rātri;) 〜遅くまで രാത്രി വൈകുംവരെ; (rātri vaikuṃvare;) 〜にならないうちに ഇരുട്ടാകുംമുന്നേ; (iruṭṭākuṃmunnē;) 〜も昼も രാവും പകലും; (rāvuṃ pakaluṃ;) 〜型の人 രാത്രിഞ്ചരൻ (മൂങ്ങ). (rātriñcaran (mūṅṅa).)

よる 因る、依る、由る、拠る ① (基づく) അടിസ്ഥാനമായിരിക്കുക. (aṭisthānamāyirikkuka.) ② (依存する) ആശ്രയിച്ചിരിക്കുക. (āśrayiccirikkuka.) ③ [原因] ഹേതുവായിരിക്കുക. (hētuvāyirikkuka.) ④ [用いる] -ഉപയോഗിക്കുക; പ്രയോഗിക്കുക. (-upayōgikkuka; prayōgikkuka.) …によれば ...-അഭിപ്രായമനുസരിച്ച്;...പ്രകാരം. (...-abhiprāyamanusariccu;...prakāraṃ.) 噂によれば കേട്ടുകേൾവി പ്രകാരം. (kēṭṭukēḷvi prakāraṃ.)

よる 寄る ① [近寄る] അടുത്തുവരിക; സമീപിക്കുക. (aṭuttuvarika; samīpikkuka.) ② [訪れる] (വീട്/ വ്യക്തിയെ) സന്ദർശിക്കുക; ഒരാളെ കാണാൻ ചെല്ലുക. ((vīṭu/ vyaktiye) sandarśikkuka; orāḷe kāṇān celluka.) ③ [集まる] സമ്മേളിക്കുക; ഒത്തുകൂടുക. (sammēḷikkuka; ottukūṭuka.) わきへ〜ഭാഗത്തോട്ട് മാറിനില്ക്കുക; വഴികൊടുക്കുക. (bhāgattōṭṭu māṟinilkkuka; vaḻikoṭukkuka.)

よる 選る ☞ 選ぶ.

よる 縒る പിരിക്കുക (കയർ); ചുറ്റിപ്പിണയുക. (pirikkuka (kayar); cuṟṟippiṇayuka.)

よるべ 寄る辺 〜のない വീടില്ലാത്ത; സുഹൃത്തുക്കളില്ലാത്ത; നിസ്സഹായമായ. (vīṭillātta; suhṛttukkaḷillātta; nissahāyamāya.)

よれい 予鈴 ആദ്യത്തെ മണി (അടിക്കൽ). (ādyatte maṇi (aṭikkal).)

よれよれ 〜の കീറിപ്പറിഞ്ഞ വേഷത്തിലുള്ള; ജീർണ്ണിച്ച; ഉടുത്തുപഴകിയ. (kīṟippaṟiñña vēṣattiluḷḷa; jīrṇṇicca; uṭuttupaḻakiya.)

よれる 縒れる ചുറ്റിപ്പിണഞ്ഞിരിക്കുക. (cuṟṟippiṇaññirikkuka.) 縒れた ചുറ്റിപ്പിണഞ്ഞ. (cuṟṟippiṇañña.)

よろい 鎧 പടച്ചട്ട. (paṭaccaṭṭa.)

よろいびつ 鎧櫃 ആയുധപ്പെട്ടി. (āyudhappeṭṭi.)

よろいど 鎧戸 കാറ്റും വെളിച്ചവും കടന്നുവരാവുന്നതും എന്നാൽ മഴവെള്ളത്തെ തടുക്കുന്നതുമായ ഒരുതരം വാതിൽ. (kāṟṟuṃ veḷiccavuṃ kaṭannuvarāvunnatuṃ ennāl maḻaveḷḷatte taṭukkunnatumāya orutaraṃ vātil.)

よろく 余禄 കൂടുതലായുള്ള ഒരു വരുമാനം. (kūṭutalāyuḷḷa oru varumānaṃ.)

よろける ☞ よろめく.

よろこばしい 喜ばしい സന്തോഷകരമായ; സുഖകരമായ; ആഹ്ലാദകരമായ. (santōṣakaramāya; sukhakaramāya; āhlādakaramāya.)

よろこばす 喜ばす സന്തോഷിപ്പിക്കുക; സുഖമായിരുത്തുക; (ഒരാളെ) സുഖിപ്പിക്കുക. (santōṣippikkuka; sukhamāyiruttuka; (orāḷe) sukhippikkuka.)

よろこび 喜び ① സന്തോഷം; ആഹ്ലാദം. (santōṣaṃ; āhlādaṃ.) ② (祝意) അനുമോദനം. (anumōdanaṃ.) 人生の〜や悲しみ ജീവിതത്തിന്റെ സന്തോഷവും സങ്കടവും. (jīvitattinṟe santōṣavuṃ saṅkaṭavuṃ.) 〜に堪えない അളവറ്റ സന്തോഷമുണ്ടായിരിക്കുക (ചെയ്യുന്നതിൽ). (aḷavaṟṟa santōṣamuṇṭāyirikkuka (ceyyunnatil).) 〜のあまり സന്തോഷാശ്രുക്കൾ. (santōṣāśrukkaḷ.) 〜を述べる അഭിനന്ദനം അറിയിക്കുക; അഭിനന്ദനം രേഖപ്പെടുത്തുക. (abhinandanaṃ aṟiyikkuka; abhinandanaṃ rēkhappeṭuttuka.)

よろこびいさむ 喜び勇む 喜び勇んで വളരെ സന്തോഷത്തോടെ. (vaḷare santōṣattōṭe.)

よろこぶ 喜ぶ വളരെ സന്തോഷിക്കുക; ആഹ്ലാദത്തിലായിരിക്കുക (ചെയ്യുന്നതിൽ). (vaḷare santōṣikkuka; āhlādattilāyirikkuka (ceyyunnatil).) 喜んで[快[കൊക്കൊരൊയൊ]く[കു]] സന്തോഷത്തോടെ. (santōṣattōṭe.)

よろしい 宜しい ① [結構] നന്നായി; ശരി; തീർച്ചയായും. (nannāyi; śari; tīrccayāyuṃ.) ② [してもよい] തരക്കേടില്ല; കുഴപ്പമില്ല. (tarakkēṭilla; kuḻappamilla.) それで〜ഇത്രയും മതിയാവും. (itrayuṃ matiyāvuṃ.) 宜しかったら വിരോധമില്ലെങ്കിൽ... (virōdhamilleṅkil...)

よろしく 宜しく ① [挨拶] സുഖമാണോ? (sukhamāṇō?) ② [伝言] (അമ്മ) സ്നേഹാന്വേഷണങ്ങൾ അറിയിക്കുന്നു; എന്റെ അന്വേഷണം പറയൂ. ((amma) snēhānvēṣaṇaṅṅaḷ aṟiyikkunnu; enṟe anvēṣaṇaṃ paṟayū.) ③ [世話] (എന്റെ കൊച്ചനിയന്റെ കാര്യത്തിൽ) പ്രത്യേകം ശ്രദ്ധകാട്ടുമല്ലോ. ((enṟe koccaniyanṟe kāryattil) pratyēkaṃ śraddhakāṭṭumallō.)

万 (よろず) 〜の മുഴുവൻ; എല്ലാ. (muḻuvan; ellā.)

よろずや 万屋 ① (店) പലവ്യഞ്ജനക്കട. (palavyañjanakkaṭa.) ② (何でもやる人) ഏതു ജോലിയും ചെയ്യാൻ തയ്യാറായ വ്യക്തി. (ētu jōliyuṃ ceyyān tayyārāya vyakti.)

よろめく ① വേച്ചുവേച്ചു നടക്കുക; ആടിയാടി നീങ്ങുക. (vēccuvēccu naṭakkuka; āṭiyāṭi nīṅṅuka.) ② (倒れる) ഉരുണ്ടുവീഴുക. (uruṇṭuvīḻuka.) ③ (異性に) മോശമായി പെരുമാറുക. (mōśamāyi perumāṟuka.)

よろよろ 〜する(と) വേച്ചുവേച്ചു നടക്കുക; ആടിയാടി നീങ്ങുക. (vēccuvēccu naṭakkuka; āṭiyāṭi nīṅṅuka.)

よろん 世論 പൊതുജനാഭിപ്രായം. (potujanābhiprāyaṃ.) 〜に訴える(を喚起する) പൊതുജനാഭിപ്രായം (രൂപീകരിയ്ക്കുക) തേടുക. (potujanābhiprāyaṃ (rūpīkariykkuka) tēṭuka.)

よろんちょうさ 世論調査 പൊതുജനാഭിപ്രായ പര്യവേക്ഷണം. (potujanābhiprāya paryavēkṣaṇaṃ.)

よろんちょうさいん 世論調査員 പൊതുജനാഭിപ്രായ പര്യവേക്ഷകൻ. (potujanābhiprāya paryavēkṣakan.)

よわ 夜半 〜の月 പാതിരാസമയത്തെ ചന്ദ്രൻ. (pātirāsamayatte candran.)

よわい 齢 പ്രായം; വർഷങ്ങൾ. (prāyaṃ; varṣaṅṅaḷ.)

よわい 弱い ① ക്ഷീണിച്ച. (kṣīṇicca.) ② [体が] ആരോഗ്യം കുറഞ്ഞ. (ārōgyaṃ kuṟañña.) ③ (気が) ദുർബ്ബലമനസ്സായ. (durbbalamanassāya.) ④ [光などが] (വെളിച്ചം) മങ്ങിയ. ((veḷiccam) maṅṅiya.) ⑤ (風が) മന്ദംമന്ദമായ (കാറ്റ്). (mandammandamāya (kāṟṟu).) ⑥ [酒が] (മദ്യം) ദുർബ്ബലമായ; മിതമായ. ((madyaṃ) durbbalamāya; mitamāya.) 酒に〜എളുപ്പം ലഹരിയിലാവുന്ന. (eḷuppaṃ lahariyilāvunna.) 船に〜കടൽച്ചൊരുക്ക് പിടികൂടുന്ന. (kaṭalccorukku piṭikūṭunna.) 数字が〜കണക്കിൽ തീരെ താല്പര്യം ഇല്ലാതിരിയ്ക്കുക; (kaṇakkil tīre tāl-

paryaṃ illātiriykkuka;) ～者いじめをする മറ്റുള്ളവരെ ഭയപ്പെടുത്തി ഭരിക്കാൻ നോക്കുന്നവൻ. (marrullavare bhayappeṭutti bharikkān nōkkunnavan.) 弱くする ശക്തി കുറയ്ക്കുക; (ശബ്ദം) കുറയ്ക്കുക. (śakti kuraykkuka; (śabdaṃ) kuraykkuka.) 弱くなる ശക്തി കുറയുക; ദുർബ്ബലമാവുക. (śakti kurayuka; durbbalamāvuka.)

よわき 弱気
～を出す ധൈര്യം ക്ഷയിക്കുക; (dhairyaṃ kṣayikkuka;) ～である (株式市場[കമ്പോളങ്ങൾ]が[ഗ])(ഓഹരി)വിപണി താഴുന്ന ലക്ഷണമായിരിക്കുക. ((ōhari)vipaṇi tāḻunna lakṣaṇamāyirikkuka.)

よわごし 弱腰 ～の ഭീരുവായ; ചങ്കൂറ്റമില്ലാത്ത. (bhīruvāya; caṅkūrramillātta.)

よわさ 弱さ ദൗർബ്ബല്യം; ചാപല്യം (സ്ത്രീകളുടെ). (daurbbalyaṃ; cāpalyaṃ (strīkaḷuṭe).)

よわす 酔わす ① കുടിപ്പിക്കുക; മദ്യപിപ്പിക്കുക. (kuṭippikkuka; madyapippikkuka.) ② [うっとりさせる]ഭ്രമിപ്പിക്കുക; വശീകരിക്കുക. (bhramippikkuka; vaśīkarikkuka.)

よわたり 世渡り ～が上手(下手)だ ഈ ലോകത്ത് അഭിവൃദ്ധിപ്പെടുന്നതിനെപ്പറ്റി നന്നായി (യാതൊന്നും) അറിയാം(യുകയില്ല). (ī lōkattu abhivr̥ddhippeṭunnatineppaṟṟi nannāyi (yātonnuṃ) aṟiyāṃ(yukayilla).)

よわね 弱音 ～を吐く ആവലാതിപ്പെടുക. (āvalātippeṭuka.)

よわび 弱火 താഴ്ത്തിയ തീ (നാളം). (tāḻttiya tī (nāḷaṃ).)

よわまる 弱まる ① ക്ഷീണിപ്പിക്കുക. (kṣīṇippikkuka.) ② (音などが)മാർദ്ദവമുള്ളതാക്കുക; (സംഗീതത്തിൽ) മൃദുസ്വരമാക്കുക. (mārddavamuḷḷatākkuka; (saṃgītattil) mr̥dusvaramākkuka.) ③ (風などが) (കാറ്റിന്റെ ശക്തി) ക്ഷയിച്ചുവരിക. ((kāṟṟinṟe śakti) kṣayiccuvarika.)

よわみ 弱み [弱点]ദൗർബ്ബല്യം. (daurbbalyaṃ.) ～につけ込む ദൗർബല്യം ചൂഷണം ചെയ്യുക. (daurbalyaṃ cūṣaṇaṃ ceyyuka.)

よわむし 弱虫 ① ഭീരു. (bhīru.) ② (泣き虫)ആവലാതിക്കാരൻ. (āvalātikkāran.) ③ 《話》 ജെല്ലി ഫിഷ് (കടൽച്ചൊറി). (jelli phiṣu (kaṭalccoṟi).)

よわめる 弱める ① ക്ഷീണിക്കുക. (kṣīṇikkuka.) ② (速力を) പതുക്കെയാവുക. (patukkeyāvuka.)

よわよわしい 弱々しい ക്ഷീണഭാവമുള്ള; ലോലമാണെന്നു തോന്നിക്കുന്ന; മൃദുഭാവമുള്ള. (kṣīṇabhāvamuḷḷa; lōlamāṇennu tōnnikkunna; mr̥dubhāvamuḷḷa.)

よわらせる 弱らせる [困らせる]കോപിപ്പിക്കുക; അമ്പരപ്പിക്കുക. (kōpippikkuka; amparappikkuka.) *☞ 弱める.

よわりはてる 弱り果てる ① ക്ഷീണിച്ചവശനാവുക. (kṣīṇiccavaśanāvuka.) ② (困りきる) തികഞ്ഞ അവശതയിലാവുക. (tikañña avaśatayilāvuka.)

よわりめ 弱り目 ～に祟り目 കഷ്ടകാലം കൂട്ടത്തോടെ. (kaṣṭakālaṃ kūṭṭattōṭe.)

よわる 弱る ① ക്ഷീണിച്ചുവരിക. (kṣīṇiccuvarika.) ② (からだが) ആരോഗ്യം ക്ഷയിക്കുക. (ārōgyaṃ kṣayikkuka.) ③ (疲れる) നിരാശപ്പെടുക. (nirāśappeṭuka.) ④ (落胆)മാനസികസമ്മർദ്ദത്തിലാവുക. (mānasikasammarddattilāvuka.) ⑤ (困る)അസ്വസ്ഥമാവുക; കോപിഷ്ഠമാവുക. (asvasthamāvuka; kōpiṣṭamāvuka.)

よん 四 നാല്. (nālu.) 第～(の)നാലാമത്തെ. (nālāmatte.)

4 WD (よんWD) ☞ 四輪 (駆動). ഫോർവീൽ ഡ്രൈവ്. (phōrvīl ḍraivu.)

よんどころない 拠無い -ഒഴിച്ചുകൂടാനാവാത്ത (-oḻiccukūṭānāvātta) ～事情で -ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാൽ. (-oḻiccukūṭānāvātta kāraṇaṅṅaḷāl.) 拠無く അത്യാവശ്യമായതിനാൽ; ഗത്യന്തരമില്ലാത്തതി-നാൽ. (atyāvaśyamāyatināl; gatyantaramillāttati-nāl.) 拠無く…する ചെയ്യാൻ കടപ്പെട്ടിരിക്കുക(നിർബന്ധിതനാവുക; പ്രേരിതനാവുക) (ceyyān kaṭappeṭṭirikkuka(nirbandhitanāvuka; prēritanāvuka))

よんびょうし 四拍子 MUS (സംഗീതത്തിലെ) നാലു ഭാഗങ്ങളിലായ (താളം; സ്വരം). ((saṃgītattile) nālu bhāgaṅṅaḷilāya (tāḷaṃ; svaraṃ).)

よんもじご 四文字語 നാലക്ഷരമുള്ള വാക്ക്. (nālakṣaramuḷḷa vākku.)

よんりん 四輪 ～の നാലു ചക്രമുള്ള. (nālu cakramuḷḷa.) ◇よんりんくどう(しゃ)四輪駆動(車) ഫോർവീൽ ഡ്രൈവ് (കാർ). (phōrvīl ḍraivu (kār).)

ら

-ら -等 ...ഉം കൂട്ടുകാരും;...ഉം മറ്റും. (...uṃ kūṭṭukāruṃ;...uṃ maṟṟuṃ.)

ラ MUS ലാ (സംഗീതം). (lā (saṃgītaṃ).)

ラード ലാഡ് (പന്നിക്കൊഴുപ്പ്). (lāḍu (pannikkoḻuppu).)

ラーメン ചൈനീസ് നൂലപ്പം. (cainīsu nūlappaṃ.)

ラーゆ 辣油 (ചൈനീസ്) മുളകെണ്ണ. ((cainīsu) muḷakeṇṇa.)

らい- 来- അടുത്ത (വരാനിരിക്കുന്ന). (aṭutta (varānirikkunna).) ～春 അടുത്ത വസന്തം(കാലത്ത്). (aṭutta vasantaṃ(kālattu).)

-らい -来
昨年～കഴിഞ്ഞ കൊല്ലം മുതൽക്ക്; (kaḻiñña kollaṃ mutalkku;) 二三日～കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി (ദിവസങ്ങളായി). (kaḻiñña raṇṭumūnnu divasamāyi (divasaṅṅaḷāyi).)

らいう 雷雨 ～がある (に遭う) കൊടുങ്കാറ്റും പേമാരിയും ഉണ്ടാവുക(യിൽപ്പെട്ടുപോവുക). (koṭuṅkāṟṟuṃ pēmāriyuṃ uṇṭāvuka(yilppeṭṭupōvuka).)

らいうん 雷雲 ഇടിവെട്ടുള്ള മേഘജാലം; ഇടിമേഘം. (iṭiveṭṭuḷḷa mēghajālaṃ; iṭimēghaṃ.)

ライオン ① ലയൺ (സിംഹം). (layaṇ (siṃhaṃ).) ② (雌)പെൺസിംഹം. (peṇsiṃhaṃ.) ③ (子)സിംഹക്കുട്ടി. (siṃhakkuṭṭi.)

ライオンズクラブ ലയൺസ് ക്ലബ്ബ്. (layaṇsu klabbu.)

らいかいしゃ 来会社 ① ശ്രോതാവ്; ശ്രോതാക്കൾ. (śrōtāvu; śrōtākkaḷ.) 多数(少数)の～വലിയ (ചെറിയ) സദസ്സ് (ആയിരുന്നു). (valiya (ceṟiya) sadassu (āyirunnu).) ② (総称)സദസ്സ്. (sadassu.)

らいかん 来館 ～する സന്ദർശിക്കുക. (sandarśikkuka.)

らいかんしゃ 来館者 സന്ദർശകൻ; കാഴ്ചക്കാരൻ. (sandarśakan; kāḻcakkāran.)

らいかん 雷管 (തോക്കിന്റെ) കാഞ്ചി. ((tōkkinṟe) kāñci.)

らいきゃく 来客 സന്ദർശകൻ (വന്നിരിക്കുന്നു). (sandarśakan (vannirikkunnu).)

らいげつ 来月 അടുത്തമാസം. (aṭuttamāsaṃ.) 〜の今日 അടുത്ത മാസം ഇതേ ദിവസം. (aṭutta māsaṃ itē divasaṃ.)
らいごう 来迎 御〜を拝む സൂര്യോദയം ദർശിക്കുക. (sūryōdayaṃ darśikkuka.)
らいさん 礼讃 〜する ആരാധനയോടെ നോക്കുക; അതിശയിക്കുക; പ്രശംസിക്കുക. (ārādhanayōṭe nōkkuka; atiśayikkuka; praśaṃsikkuka.)
らいしゃ 来社 〜する കമ്പനി(യിൽ) സന്ദർശിക്കുക. (kampani(yil) sandarśikkuka.)
らいしゅう 来週 അടുത്ത ആഴ്ച. (aṭutta āḻca.) 〜の今日 അടുത്ത ആഴ്ച ഇതേദിവസം; ഇന്നേയ്ക്ക് ഒരാഴ്ച. (aṭutta āḻca itēdivasaṃ; innēykkʉ orāḻca.)
らいしゅう 来襲
〜(に備える)ആക്രമണത്തിന്നെതിരായി (ഒരുങ്ങിയിരിക്കുക); (ākramaṇattinnetirāyi (oruṅṅiyirikkuka);) 〜する ആക്രമിക്കുക. (ākramikkuka.)
らいじょう 来場 〜する സന്നിഹിതനാവുക. (sannihitanāvuka.)
らいじょうしゃ 来場者 ☞ 来会者.
らいしん 来診 〜を請う ഡോക്ടറെ വിളിക്കാൻ ആളെ അയക്കുക. (ḍōkṭare viḷikkān āḷe ayakkuka.)
ライス റൈസ് (അരി). (raisʉ (ari).)
ライスカレー ☞ カレー(ライス).
ライスペーパー റൈസ് പേപ്പർ; വൈക്കോലുപയോഗിച്ചും മറ്റുമുണ്ടാക്കുന്ന കനം കുറഞ്ഞ ഒരുതരം കടലാസ് (ജപ്പാനിലും ചൈനയിലും). (raisʉ pēppar; vaikkōlupayōgiccuṃ maṟṟumuṇṭākkunna kanaṃ kuṟañña orutaraṃ kaṭalāsʉ (jappānilum cainayiluṃ).)
らいせ 来世 പരലോകം. (paralōkaṃ.)
ライセンス ലൈസൻസ്. (laisansʉ.)
ライセンスせいさん ライセンス生産 ലൈസൻസ് അനുസരിച്ചുള്ള ഉല്പാദനം. (laisansʉ anusariccuḷḷa ulpādanaṃ.)
ライター ① (സിഗരറ്റ്) ലൈറ്റർ. ((sigaraṟṟʉ) laiṟṟar.) ② [著者] റൈറ്റർ (ഗുമസ്തൻ; എഴുത്തുകാരൻ). (raiṟṟar (gumastan; eḻuttukāran).) 〜の石 ലൈറ്ററിൽ ഉപയോഗിക്കുന്ന തീക്കല്ല്. (laiṟṟaril upayōgikkunna tīkkallʉ.)
ライダー മോട്ടോർ സൈക്കിൾ ഓടിക്കുന്ന ആൾ (റൈഡർ). (mōṭṭōr saikkiḷ ōṭikkunna āḷ (raiḍar).)
ライチ 荔枝 ലിച്ചീ (ഒരുതരം ചൈനീസ് പഴം); ഫലവൃക്ഷം; ലിച്ചി. (liccī (orutaraṃ cainīsʉ paḻaṃ); phalavṛkṣaṃ; licci.)
らいちょう 来聴 〜する സന്നിഹിതമാവുക. (sannihitamāvuka.)
らいちょうかんげい 来聴歓迎 (പ്രഭാഷണം) കേൾക്കാൻ എല്ലാവരെയും താഴ്മയായി ക്ഷണിച്ചുകൊള്ളുന്നു. ((prabhāṣaṇaṃ) kēḷkkān ellāvareyuṃ tāḻmayāyi kṣaṇiccukoḷḷunnu.)
らいちょうしゃ 来聴者 ☞ 聴衆.
ライチョウ 雷鳥 ORNITHOL ഒരുതരം കാട്ടുകോഴി. (orutaraṃ kāṭṭukōḻi.)
ライティング ◇ライティングデスク റൈറ്റിംഗ് ഡെസ്ക് (എഴുത്തുമേശ). (raiṟṟiṃgʉ ḍeskkʉ (eḻuttumēśa).)
ライト ① BASEBALL (ബെയ്സ്ബാൾ) റൈറ്റ് ഫീൽഡ്. ((beysbāḷ) raiṟṟʉ phīlḍʉ.) ② [右翼手]റൈറ്റ് ഫീൽഡർ (ബെയ്സ്ബാൾ). (raiṟṟʉ phīlḍar (beysbāḷ).) ③ [灯火]വിളക്ക് (ലൈറ്റ്). (viḷakkʉ (laiṟṟʉ).) ④ [軽い]ഘനം കുറഞ്ഞ (ലൈറ്റ്). (ghanaṃ kuṟañña (laiṟṟʉ).) ⑤ [明るい]വെളിച്ചം. (veḷiccaṃ.)
ライトアップする ലൈറ്റ് അപ്പ് ചെയ്യുക. (laiṟṟʉ appʉ ceyyuka.)
ライトきゅうの ライト級の BOXING ലൈറ്റ് വെയിറ്റ് (ബോക്സിംഗിലെ). (laiṟṟʉ veyiṟṟʉ (bōksiṃgile).)
ライトきゅうせんしゅ ライト級選手 BOXING ലൈറ്റ് വെയിറ്റ് (ബോക്സർ). (laiṟṟʉ veyiṟṟʉ (bōksar).)
ライトバン വാൻ (ലൈറ്റ് വാൻ); സ്റ്റേഷൻവാഗൺ; എസ്റ്റേറ്റ് കാർ. (vān (laiṟṟʉ vān); sṟṟēṣanvāgaṇ; esṟṟēṟṟʉ kār.)
ライナー BASEBALL (ബെയിസ്ബാളിലെ) ലൈനർ (ബാറ്റുചെയ്യുക); ലൈൻഡ്രൈവ്. ((beyisbāḷile) lainar (bāṟṟuceyyuka); lainḍraivʉ.)
らいにち 来日 ജപ്പാൻ സന്ദർശനം. (jappān sandarśanaṃ.) 〜する ജപ്പാൻ സന്ദർശിക്കുക. (jappān sandarśikkuka.) 目下〜中の (ശ്രീമാൻ -ആദംസ്) -ഇപ്പോൾ ജപ്പാൻ (-ഈ രാജ്യം) സന്ദർശിക്കുന്ന. ((śrīmān -ādaṃsʉ) -ippōḷ jappān (-ī rājyaṃ) sandarśikkunna.)
らいねん 来年 〜(の今頃) അടുത്ത വർഷം (ഏതാണ്ടിതേ സമയം). (aṭutta varṣaṃ (ētāṇṭitē samayaṃ).)
らいはい 礼拝 ☞ 礼拝(れいはい).
ライバル (競争相手)റൈവൽ; എതിരാളി (raival; etirāḷi) 〜意識 (കടുത്ത) കിടമത്സരം. ((kaṭutta) kiṭamatsaraṃ.)
らいひん 来賓 അതിഥി. (atithi.)
らいひんしつ 来賓室 സ്വീകരണമുറി. (svīkaraṇamuṟi.)
らいひんせき 来賓席 ① അതിഥികൾക്കായുള്ള ഇരിപ്പിടം. (atithikaḷkkāyuḷḷa irippiṭaṃ.) ② 《掲示》"അതിഥികൾക്കായി" (നോട്ടീസ്). ("atithikaḷkkāyi" (nōṭṭīsʉ).)
ライフ
ライフサイエンス ലൈഫ് സയൻസ്. (laiphʉ sayansʉ.)
ライフサイクル ലൈഫ് സൈക്കിൾ. (laiphʉ saikkiḷ.)
ライフジャケット ലൈഫ് ജാക്കെറ്റ്. (laiphʉ jākkeṟṟʉ.)
ライフスタイル ലൈഫ് സ്റ്റൈൽ. (laiphʉ sṟṟail.)
ライフセーバー ലൈഫ് സെയിവർ. (laiphʉ seyivar.)
ライフライン ലൈഫ് ലൈൻ. (laiphʉ lain.)
ライフワーク (ഒരാളുടെ) ലൈഫ് വർക്ക്. ((orāḷuṭe) laiphʉ varkkʉ.)
ライブ ലൈവ് (സംഗീതം). (laivʉ (saṃgītaṃ).)
ライブコンサート സംഗീത മേള; ലൈവ് കൺസർട്ട്. (saṃgīta mēḷa; laivʉ kaṇsarṭṭʉ.)
ライブハウス ലൈവ് മ്യൂസിക്കുള്ള ക്ലബ്ബ്. (laivʉ myūsikkuḷḷa klabbʉ.)
ライブラリー ലൈബ്രറി. (laibrari.)
ライフル
ライフルじゅう ライフル銃 റൈഫിൾ; കൈത്തോക്ക്. (raiphiḷ; kaittōkkʉ.)
らいほう 来訪 〜を受ける സന്ദർശകരുണ്ടായിരിക്കുക. (sandarśakaruṇṭāyirikkuka.)
らいほうしゃ 来訪者 സന്ദർശകൻ. (sandarśakan.)
ライム BOT ലൈം; ചെറുനാരങ്ങ. (laiṃ; ceṟunāraṅṅa.)
ライムギ ライ麦 മുത്താറി (ധാന്യം). (muttāṟi (dhānyaṃ).)
ライムライト ലൈം ലൈറ്റ്. (laiṃ laiṟṟʉ.)
らいめい 雷鳴 ☞ 雷(かみなり).
らいらく 磊落 〜な ജാടയില്ലാത്ത; ഒന്നും ഒളിച്ചുവയ്ക്കാത്ത. (jāṭayillātta; onnuṃ oḷiccuvaykkātta.)
ライラック BOT ലയിലാക്ക് (ഇളംനീലരോഹിത പൂക്കളോടുകൂടിയ കുറ്റിച്ചെടി). (layilākkʉ (iḷaṃnīlarōhita pūkkaḷōṭukūṭiya kuṟṟicceṭi).)
らいれき 来歴 ① (経歴)ഒരാളുടെ ലഘുജീവചരിത്രം. (orāḷuṭe laghujīvacaritraṃ.) ② (起源)ഉത്ഭവം. (utbhavaṃ.) ③ (由来)ചരിത്രം. (caritraṃ.)
ライン ലൈൻ. (lain.)
ラインアップ [ナップ] ലൈൻഅപ്പ്. (lainappʉ.)

ラインズマン　BALL GAMES (പന്തുകളികളിലെ) ലൈൻസ്മാൻ. ((pantukaḷikaḷile) lainsmān.)

ラインダンス　പ്രിസിഷ്യൻ ഡാൻസിംഗ്. (prisiṣyan ḍānsiṃgŭ.)

ラウドスピーカー　ലൗഡ് സ്പീക്കർ. (lauḍŭ spīkkar.)

ラウンジ　ലൗഞ്ച്. (lauñcŭ.)

ラウンド　BOXING (ബോക്സിംഗിലെ) റൗണ്ട്. ((bōkksiṃgile) ṟaunṭŭ.)

ラオチュウ 老酒　ചൈനീസ് സാക്കെ മദ്യം (cainīsŭ sākke madyaṃ)

ラガー　റഗ്ബി കളിക്കാരൻ. (ṟagbi kaḷikkāran.)

ラガービール　ലാഗർബിയർ; ഉല്പാദിപ്പിച്ചതിൽപ്പിന്നെ നിരവധി-മാസങ്ങളോളം സൂക്ഷിച്ച പഴകിയ ബിയർ. (lāgarbiyar; ulpādippicca-tilppinne niravadhi māsaṅṅaḷōḷaṃ sūkṣiccu paḻakiya biyar.)

らがん 裸眼　നഗ്നനേത്രങ്ങൾ. (nagnanētraṅṅaḷ.)

らく 楽　① പ്രയാസമില്ലായ്മ; സൗകര്യം; സുഖം; ആശ്വാസം. (prayāsamillāyma; saukaryaṃ; sukhaṃ; āśvāsaṃ.) ～な（容易［യോ്ഇ］な［ന］）（安楽［അൻരകു］な［ന］）എളുപ്പമായ; സുഖകരമായ (കസേര); (eḷuppamāya; sukhakaramāya (kasēra);) ～に［容易に］（安楽［അൻരകു］に［നി］）എളുപ്പമായി; അനായാസമായി; സുഖകരമായി (യാത്രചെയ്യുക); (eḷuppamāyi; anāyāsamāyi; sukhakaramāyi (yātraceyyuka);) ～に暮らす സുഖമായി ജീവിക്കുക; (sukhamāyi jīvikkuka;) ～にする സ്വയം ഉല്ലസിച്ചിരിക്കുക; സുഖമാക്കുക; (svayaṃ ullasiccirikkuka; sukhamākkuka;) どうぞお～に ദയവായി സ്വന്തംവീട്ടുപോലെ കരുതി വിശ്രമിക്കുക; (dayavāyi svantaṃvīṭupōle karuti viśramikkuka;) ～になる（気［കി］が［ഗ］）（生計［സെ്ഇക്കെ്ഇ］が［ഗ］）ആശ്വാസം തോന്നുക; (āśvāsaṃ tōnnuka;) この薬をのむと～になる ഈ മരുന്നു കഴിച്ചാൽ ഒക്കെ സുഖമാവും. (ī marunnu kaḻiccāl okke sukhamāvuṃ.) ②［楽日］☞ 千秋楽.

らくいん 烙印　വാണിജ്യമുദ്ര. (vāṇijyamudra.) ～を押される മുദ്രകുത്തപ്പെടുക (മോഷ്ടാവെന്ന്). (mudrakuttappeṭuka (mōṣṭāvennŭ).)

らくいんきょ 楽隠居　～（の身である）ജോലിയിൽനിന്നും വിരമിച്ചതിൽപ്പിന്നെ സുഖമായി (ജീവിച്ചിരിക്കുക). (jōliyilninnuṃ viramiccatilppinne sukhamāyi (jīviccirikkuka).)

ラグー　〚F.〛COOK മാംസവും പച്ചക്കറികളും ചേർത്ത ഒരുതരം ഫ്രഞ്ച് സ്റ്റൂ (പാചകം). (māṃsavuṃ paccakkaṟikaḷuṃ cērtta orutaraṃ phrañcŭ sṟṟyū (pācakaṃ).)

らくえん 楽園　（地上の）～(ഭൂമിയിലെ) സ്വർഗ്ഗം. ((bhūmiyile) svarggaṃ.)

らくがき 落書き　കുത്തിക്കുറിക്കൽ. (kuttikkuṟikkal.) ～する ചുമരിലും മറ്റും കുത്തിക്കുറിക്കുക. (cumariluṃ maṟṟuṃ kuttikkuṟikkuka.) ～すべからず《掲示》കുത്തിവരച്ചിടരുത് (നോട്ടീസ്). (kuttivaracciṭarutŭ (nōṭṭīsŭ).)

らくがき　(便所などの)(കക്കൂസിന്റെ ചുമരിലും മറ്റും) എഴുതിയിടൽ; വരച്ചിടൽ. ((kakkūsinṟe cumariluṃ maṟṟuṃ) eḻutiyiṭal; varacciṭal.)

らくご 落伍　～する പങ്കെടുക്കാതാവുക; വിട്ടുപോവുക. (paṅkeṭukkātāvuka; viṭṭupōvuka.)

らくごしゃ 落伍者　① പരാജിതൻ. (parājitan.) ②（失敗者）ജീവിതപരാജയം ഏറ്റുവാങ്ങിയ ആൾ. (jīvitaparājayaṃ ēṟṟuvāṅṅiya āḷ.)

らくご 落語　ഹാസ്യകഥ. (hāsyakatha.)

らくごか 落語家　① ഹാസ്യകഥാകാലക്ഷേപക്കാരൻ. (hāsyakathākālakṣēpakkāran.) ②〚F.〛ദെസ്യു:(ഫ്രഞ്ച് ഒരുതരം ചൊല്ലിയാട്ടം). (desyu:(phrañcŭ orutaraṃ colliyāṭṭaṃ).)

らくさ 落差　① വിടവ്. (viṭavŭ.) ②（水車などの）ദൂരം; (ജലചലിതചക്രത്തിൽനിന്നും) വെള്ളം തെറിക്കുന്ന ദൂരം. (dūraṃ; (jalacalitacakrattilninnuṃ) veḷḷaṃ teṟikkunna dūraṃ.)

らくさつ 落札　～する ലേലം വിളിയിൽ വിജയിച്ച (സാധനം) നേടുക. (lēlaṃ viḷiyil vijayiccu (sādhanaṃ) nēṭuka.)

らくさつち 落札値　കൂടിയ ലേലംവിളി വില. (kūṭiya lēlaṃviḷi vila.)

らくじつ 落日　അസ്തമയസൂര്യൻ. (astamayasūryan.)

らくしゅ 落手　～する（受け取る）. കൈപ്പറ്റുക. (kaippaṟṟuka.)

らくしょう 楽勝　～する എളുപ്പവിജയം കൈവരിക്കുക; ചുളുവിൽ ജയിക്കുക. (eḷuppavijayaṃ kaivarikkuka; cuḷuvil jayikkuka.)

らくじょう 落城　കോട്ടയുടെ പതനം. (kōṭṭayuṭe patanaṃ.) ～する കോട്ട (ശത്രുക്കൾക്ക്) കീഴടങ്ങുക. (kōṭṭa (śatrukkaḷkkŭ) kīḻaṭaṅṅuka.)

らくせい 落成　～する പൂർത്തീകരിക്കപ്പെടുക. (pūrttīkarikkappeṭuka.)

らくせいしき 落成式　ഉദ്ഘാടനച്ചടങ്ങ്. (udghāṭanaccaṭaṅṅŭ.)

らくせき 落石

らくせきちゅうい 落石注意　《掲示》(മുകളിൽനിന്നും) "ഉരുണ്ടുവീഴുന്ന കല്ലുകൾ ജാഗ്രത!". ((mukaḷilninnuṃ) "uruṇṭuvīḻunna kallukaḷ jāgrata!".)

らくせん 落選　～する（出品が）. തോല്പിക്കപ്പെടുക (തിരഞ്ഞെടുപ്പിൽ); തിരസ്കരിക്കപ്പെടുക (സാധനങ്ങൾ). (tōlpikkappeṭuka (tiraññeṭuppil); tiraskarikkappeṭuka (sādhanaṅṅaḷ).)

らくせんしゃ 落選者　തോറ്റ സ്ഥാനാർത്ഥി. (tōṟṟa sthānārtthi.)

ラクダ 駱駝　ഒട്ടകം. (oṭṭakaṃ.)

らくだい 落第
～する（検査［കെൻസ］に［നി］）പരീക്ഷയിൽ തോല്ക്കുക; പരീക്ഷയിൽ തോല്പിക്കപ്പെടുക; (parīkṣayil tōlkkuka; parīkṣayil tōlpikkappeṭuka;) ～である പരാജയ (അദ്ധ്യാപകനെന്നനിലയിൽ) മായിരിക്കുക. (parājaya (addhyāpakanennanilayil) māyirikkuka.) ◇らくだいせい 落第生 തോറ്റുകൊണ്ടിരിക്കുന്ന വിദ്യാർത്ഥി; തോറ്റ വിദ്യാർത്ഥി. (tōṟṟukoṇṭirikkunna vidyārtthi; tōṟṟa vidyārtthi.) ◇らくだいてん 落第点 തോല്ക്കുന്ന മാർക്ക്. (tōlkkunna mārkkŭ.)

らくたん 落胆
～する അധൈര്യപ്പെടുക; വിലക്കപ്പെടുക; നിരാശപ്പെടുക; (adhairyappeṭuka; vilakkappeṭuka; nirāśappeṭuka;) ～させる നിരുത്സാഹപ്പെടുത്തുക; അധൈര്യപ്പെടുത്തുക. (nirutsāhappeṭuttuka; adhairyappeṭuttuka.)

らくちゃく 落着　～する പരിഹാരം കണ്ടെത്തപ്പെടുക; പരിഹൃതമാക്കപ്പെടുക. (parihāraṃ kaṇṭettappeṭuka; parihṛtamākkappeṭuka.)

らくちょう 落丁　～がある പേജുകൾ നഷ്ടപ്പെട്ടിരിക്കുക (ഗ്രന്ഥത്തിൽ). (pējukaḷ naṣṭappeṭṭirikkuka (granthattil).)

らくてん 楽天　☞ 楽観.

らくてんち 楽天地　① സ്വർലോകം. (svarlōkaṃ.) ②（娯楽街）ഉല്ലാസകേന്ദ്രം. (ullāsakēndraṃ.)

らくのう 酪農　കാലിവളർത്തൽ; ക്ഷീരോല്പന്നങ്ങൾ (ഉല്പാദിപ്പിക്കൽ). (kālivaḷarttal; kṣīrōlpannaṅṅaḷ (ulpādippikkal).)

らくのうか 酪農家　ക്ഷീരോല്പാദകൻ. (kṣīrōlpādakan.)

らくのうじょう 酪農場　ഗോശാല. (gōśāla.)

らくのうせいひん 酪農製品　ക്ഷീരോല്പന്നങ്ങൾ. (kṣīrōlpannaṅṅaḷ.)

らくば 落馬　～する കുതിരപ്പുറത്തുനിന്നും വീഴുക (വീഴ്ത്തപ്പെടുക). (kutirappuṟattuninnuṃ vīḻuka (vīḻttappeṭuka).)

らくばん 落盤　തകർന്നുവീണടിയൽ. (takarnnuvīṇaṭiyal.)

ラグビー　റഗ്ബി (കാലും കൈയും ഉപയോഗിച്ച കളിക്കാവുന്ന പന്തുകളി); റഗ്ഗർ (റഗ്ബി). (ṟagbi (kāluṃ kaiyuṃ upayōgiccu kaḷikkāvunna pantukaḷi); ṟaggar (ṟagbi).)

らくめい 落命　～する മരിക്കുക; (അപകടത്തിൽ) കൊല്ലപ്പെടുക. (marikkuka; (apakaṭattil) kollappeṭuka.)

らくやき 楽焼 കൈകൊണ്ടുണ്ടാക്കിയ മൺപാത്രം. (kaikoṇṭuṇṭākkiya maṇpātraṃ.)

らくよう 落葉 കൊഴിഞ്ഞ ഇലകൾ. (koḻiñña ilakaḷ.) 〜する(木[കാ]が[ാ])(葉[ഹ]が[ാ])ഇലപൊഴിക്കുക (വൃക്ഷം); ഇലവീഴുക. (ilapoḻikkuka (vṛkṣaṃ); ilavīḻuka.)

らくようじゅ 落葉樹 കാലാകാലം ഇലകൊഴിയുന്ന വൃക്ഷങ്ങൾ. (kālākālaṃ ilakoḻiyunna vṛkṣaṅṅaḷ.)

らくらい 落雷 ☞ 雷(かみなり).

らくらく 楽々 〜と അനായാസേന; എളുപ്പം. (anāyāsēna; eḷuppaṃ.)

ラグラン

ラグランそで ラグラン袖 "റഗ്ലാൻ" ശൈലിയിലുള്ള കുപ്പായക്കൈ (കോട്ടിന്റെ കൈ) കയ്യറ്റം മുതൽ കോളർവരെ ഒറ്റ തുണ്ടമായുള്ളത്. ("ṟaglān" śailiyiluḷḷa kuppāyakkai (kōṭṭinṟe kai) kayyaṟṟaṃ mutal kōḷarvare oṟṟa tuṇṭamāyuḷḷatu.)

らくるい 落涙 ☞ 涙, 涙ぐむ.

ラクロス ലാക്രൊസ്സെ (പന്തുകളി). (lākrosse (pantukaḷi).)

ラケット ①(テニスの)റാക്കെറ്റ് (ടെന്നീസ്). (ṟākkeṟṟu (ṭennīsu).) ②(卓球の)ബാറ്റ്. (bāṟṟu.)

ラジアン [角度の単位][レイディアン]《*symb.* rad》റേഡിയൻ (ക്ഷേത്രഗണിതത്തിൽ കോൺ അളക്കുന്ന മാത്ര). (ṟēḍiyan (kṣētragaṇitattil kōṇ aḷakkunna mātra).)

らしい ①[らしく見える]...ന്നു തോന്നുക; (വിശ്വസ്തനാണെന്നു) തോന്നുന്നു. (..ṇṇu tōnnuka; (viśvastanāṇennu) tōnnunnu.) ②[多分]ഒരുപക്ഷേ; മിക്കവാറും. (orupakṣē; mikkavāṟuṃ.) 雨〜ഒരുപക്ഷേ മഴ പെയ്തേക്കാം. (orupakṣē maḻa peytēkkāṃ.) あの人〜やり方だ അവന്റെ ശരിക്കുള്ള സ്വഭാവം കാട്ടുന്ന പ്രവൃത്തിതന്നെ. (avanṟe śarikkuḷḷa svabhāvaṃ kāṭṭunna pravṛttitanne.) 公園〜公園はない പൂങ്കാവനമെന്നു പറയാൻ മാത്രം ഒന്നുമില്ല. (pūṅkāvanamennu paṟayān mātraṃ onnumilla.) 君らしくない നിനക്കു യോജിക്കുന്നതല്ല. (ninakku yōjikkunnatalla.)

ラジウム CHEM《*Symbol* Ra》റേഡിയം (മൂലകം). (ṟēḍiyaṃ (mūlakaṃ).)

ラジウムこうせん ラジウム鉱泉 റേഡിയേഷൻ സ്രോതസ്സ്. (ṟēḍiyēṣan srōtassu.)

ラジウムちりょう ラジウム治療 റേഡിയേഷൻ ചികിത്സ. (ṟēḍiyēṣan cikitsa.)

ラジエーター റേഡിയേറ്റർ. (ṟēḍiyēṟṟar.)

ラジオ റേഡിയോ. (ṟēḍiyō.) 〜をかける(切る)turn റേഡിയോ ഓൺ ചെയ്യുക (ഓഫ് ചെയ്യുക). (ṟēḍiyō ōṇ ceyyuka (ōphu ceyyuka).) 〜を大きく(小さく)する റേഡിയോവിന്റെ ഒച്ച കൂട്ടുക (കുറയ്ക്കുക). (ṟēḍiyōvinṟe occa kūṭṭuka (kuṟaykkuka).) 〜を聞く റേഡിയോ കേൾക്കുക. (ṟēḍiyō kēḷkkuka.) 〜で聞く റേഡിയോവിൽ (സംഗീതം/വാർത്ത) കേൾക്കുക. (ṟēḍiyōvil (saṃgītaṃ/vārtta) kēḷkkuka.)

ラジオアイソトープ ☞ 放射(性同位元素).

ラジオきょく ラジオ局 റേഡിയോ സ്റ്റേഷൻ. (ṟēḍiyō sṟṟēṣan.)

ラジオゾンデ റേഡിയോ സൊണ്ടെ (അന്തരീക്ഷത്തെക്കുറിച്ച പഠിക്കാൻ ബലൂൺ കെട്ടിയയക്കുന്ന ഒരുതരം റേഡിയോ പ്രക്ഷേപണ ഉപകരണം). (ṟēḍiyō soṇṭe (antarīkṣattekkuṟiccu paṭhikkān balūṇ keṭṭiyayakkunna orutaraṃ ṟēḍiyō prakṣēpaṇa upakaraṇaṃ).)

ラジオたいそう ラジオ体操 റേഡിയോ കേട്ടുള്ള വ്യായാമം. (ṟēḍiyō kēṭṭuḷḷa vyāyāmaṃ.)

ラジオよせ ラジオ寄席 റേഡിയോ ഹാസ്യനാടകം. (ṟēḍiyō hāsyanāṭakaṃ.)

ラジオドラマ റേഡിയോ നാടകം. (ṟēḍiyō nāṭakaṃ.)

ラジカセ ①റേഡിയോ കസെറ്റ് (പ്ലേയർ). (ṟēḍiyō kaseṟṟu (plēyar).) ②(大型の)ബൂം ബോക്സ് (കയ്യിലെടുത്ത്കൊണ്ട് പോകാവുന്ന, സി ഡി പ്ലെയർ പോലുള്ള സംഗീത ഉപകരണങ്ങൾ). (būṃ bōksu (kayyileṭuttkoṇṭu pōkāvunna, si ḍi pleyar pōluḷḷa saṃgīta upakaraṇaṅṅaḷ).)

ラジカル 〜な റാഡിക്കൽ ആയ. (ṟāḍikkal āya.)

ラジコン റേഡിയോ കൺട്രോൾ. (ṟēḍiyō kanṭrōḷ.)

らししょくぶつ 裸子植物 വിത്തുകോശത്തിൽ അടക്കം ചെയ്യാത്തതരം വിത്തുകളുല്പാദിപ്പിക്കുന്ന ചില നിത്യഹരിതവനസസ്യങ്ങൾ. (vittukōśattil aṭakkaṃ ceyyāttataraṃ vittukaḷulpādippikkunna cila nityaharitavanasasyaṅṅaḷ.)

ラシャ 羅紗 രോമവസ്ത്രം. (rōmavastraṃ.)

らしんばん 羅針盤 (羅針儀)വടക്കുനോക്കിയന്ത്രം. (vaṭakkunōkkiyantraṃ.)

ラスク (菓子)മധുരബിസ്കറ്റ്; മൃദുവല്ലാത്ത റൊട്ടി റസ്ക്. (madhurabiskaṟṟu; mṛduvallātta ṟoṭṭi ṟasku.)

ラスト ലാസ്റ്റ്. (lāsṟṟu.)

ラストオーダー ലാസ്റ്റ് ഓർഡർ (അവസാനം എടുക്കുന്ന ഓർഡർ; പൂട്ടുന്നതിന്ന് മുമ്പേ റസ്റ്റോറന്റിൽ). (lāsṟṟu ōrḍar (avasānaṃ eṭukkunna ōrḍar; pūṭṭunnatinnu mumpē ṟasṟṟōṟanṟil).)

ラストシーン ലാസ്റ്റ് സീൻ. (lāsṟṟu sīn.)

ラストスパート ലാസ്റ്റ് സ്പർട്ട് (ചാട്ടം). (lāsṟṟu sparṭṭu (cāṭṭaṃ).)

らせん 螺旋 (うずまき)പിരിപിരിയായ. (piripiriyāya.) 〜形の സർപ്പിളമായ. (sarppiḷamāya.)

らせん (ねじ)സ്ക്രൂ. (skrū.)

らせんかいだん 螺旋階段 പിരിയൻകോണി. (piriyankōṇi.)

らぞう 裸像 നഗ്നമായ (പ്രതിമ). (nagnamāya (pratima).)

らたい 裸体 裸(はだか). 〜の നഗ്നമായ; (nagnamāya;) 〜で നഗ്നമായി. (nagnamāyi.) ◇らたいが 裸体画 നഗ്നചിത്രം. (nagnacitraṃ.) ◇らたいしゅぎ 裸体主義 നഗ്നതാപ്രസ്ഥാനം (ന്യൂഡിസം). (nagnatāprasthānaṃ (nyūḍisaṃ).)

らち 埒

〜があかない ഒട്ടും പുരോഗമിക്കാതിരിക്കുക; (നിന്നോട് സംസാരിക്കുന്നത്) സമയനഷ്ടം മാത്രമായിരിക്കുക; (oṭṭuṃ purōgamikkātirikkuka; (ninnōṭu saṃsāriykkunnatu) samayanaṣṭaṃ mātramāyirikkuka;) 〜もない നിസ്സാരമായ; അസംബന്ധമായ. (nissāramāya; asambandhamāya.) ◇らちがいにある 埒外にある സഭ്യമായ പെരുമാറ്റം ലംഘിച്ചിരിയ്ക്കുക. (sabhyamāya perumāṟṟaṃ laṃghicciriykkuka.)

らち 拉致 〜する എടുത്തുകൊണ്ടുപോവുക; പിടിച്ചുകൊണ്ടുപോവുക; ബലമായി കൊണ്ട്പോവുക. (eṭuttukoṇṭupōvuka; piṭiccukoṇṭupōvuka; balamāyi koṇṭpōvuka.) ◇らちじけん 拉致事件 മനുഷ്യനെ ബലം പ്രയോഗിച്ചോ ചതിച്ചോ പിടിച്ചുകൊണ്ടുപോകുന്ന കേസ്. (manuṣyane balaṃ prayōgiccō caticcō piṭiccukoṇṭupōkunna kēsu.)

らっか 落下 〜する താഴെ വീഴുക; താഴെയിടുക. (tāḻe vīḻuka; tāḻeyiṭuka.)

ラッカー 〜(を塗る) അരക്ക് (കോലരക്ക്) പൂശുക. (arakku (kōlarakku) pūśuka.)

らっかさん 落下傘 പാരച്ചൂട്ട്. (pāraccūṭṭu.) 〜で降下する പാരച്ചൂട്ടിൽ ഇറങ്ങുക. (pāraccūṭṭil iṟaṅṅuka.)

らっかさんぶたい 落下傘部隊 പാരാച്ചൂട്ട് സേനാവിഭാഗം. (pāraccūṭṭu sēnāvibhāgaṃ.)

らっかさんぶたい 落下傘部隊 പാരാട്രൂപ്പ്. (pārāṭrūppu.)

らっかさんへい 落下傘兵 പാരാട്രൂപ്പ് സൈനികൻ. (pārāṭrūppu sainikan.)

らっかせい 落花生 കപ്പലണ്ടി; നിലക്കടല. (kappalaṇṭi; nilakkaṭala.)

らっかん 落款　എഴുത്തുകാരന്റെ (ചിത്രകാരന്റെ) കയ്യൊപ്പ്. (eluttukāranre (citrakāranre) kayyoppu.) 〜のない കയ്യൊപ്പില്ലാത്ത. (kayyoppillātta.)

らっかん 楽観
〜する ശുഭാപ്തിവിശ്വാസമുണ്ടായിരിക്കുക; ശുഭാപ്തിവിശ്വാസിയായിരിക്കുക; (śubhāptiviśvāsamuṇṭāyirikkuka; śubhāptiviśvāsiyāyirikkuka;) 〜的な ശുഭാപ്തി വിശ്വാസം പുലർത്തുന്ന. (śubhāpti viśvāsam pularttunna.) 〜を許さない (കാര്യങ്ങളുടെ കിടപ്പ്) തീരേ ശുഭസൂചകമല്ല. ((kāryaṅṅaḷuṭe kiṭappu) tīrē śubhasūcakamalla.)

らっかんろん(しゃ)楽観論(者)　ശുഭാപ്തിവിശ്വാസം (വിശ്വാസി). (śubhāptiviśvāsam (viśvāsi).)

ラッキー　〜な ലക്കി ആയ. (lakki āya.)

ラッキーセブン　BASEBALL (ബെയ്സ്ബാൾ കളിയിൽ) ഭാഗ്യമുള്ള ഏഴാം നമ്പർ. ((beysbāḷ kaḷiyil) bhāgyamuḷḷa ēḻām nampar.)

ラッキーゾーン　BASEBALL ലക്കീസോൺ. (lakkīsōṇ.)

ラッキョウ 辣韮　BOT ഒരുതരം ചെറിയ ഉള്ളി(ച്ചെടി). (orutaram ceriya uḷḷi(cceṭi).)

ラック　(塗料)ലാക്ക് (അരക്ക് ചായം). (lākku (arakku cāyam).)

ラッコ 猟虎　കടൽനീർനായ. (kaṭalnīrnāya.)

ラッシュ　റഷ് ഔവർ (തിരക്കുപിടിച്ച സമയം). (rašu auvar (tirakkupiṭicca samayam).)

ラッセル　① MEDICAL അസാമാന്യമായ ഹൃദയസ്പന്ദനശബ്ദം. (asāmānyamāya hṛdayaspandanaśabdam.) ② [除雪車]മഞ്ഞ് മാറ്റുന്ന ഉപകരണം; മഞ്ഞുകലപ്പ. (maññu mārrunna upakaraṇam; maññukalappa.)

らっぱ 喇叭　〜(をふく)(軍隊の)]. (സൈനികരുടെ) കുഴൽ (ഊതുക). ((sainikaruṭe) kuḻal (ūtuka).)

らっぱしゅ 喇叭手　കുഴലൂത്തുകാരൻ. (kuḻalūttukāran.)

ラッパズイセン　ഡാഫെഡിൽ (നീണ്ട ഞെട്ടോടുകൂടിയ മഞ്ഞപ്പൂവ്). (ḍāpheḍil (nīṇṭa ñeṭṭōṭukūṭiya maññappūvu).)

らっぱズボン 喇叭ズボン　ബെൽബോട്ടം പാന്റ്സ്. (belbōṭṭam pānrsu.)

らっぱのみをする 喇叭飲みをする　(ബിയറും മറ്റും) കുപ്പിയിൽനിന്നും നേരിട്ട് കുടിക്കുക. ((biyarum marrum) kuppiyilninnum nēriṭṭu kuṭikkuka.)

ラッピング　റേപ്പിംഗ് (പൊതിയൽ). (rēppimgu (potiyal).)

ラップ　① MUS റാപ്പ് സംഗീതം. (rāppu samgītam.) ② [包装]പ്ലാസ്റ്റിക്ക് റേപ്പിംഗ് കടലാസ്. (plāsrikku rēppimgu kaṭalāsu.) 〜で包む സെല്ലോഫീൻ പേപ്പറിൽ പൊതിയുക. (sellōphīn pēpparil potiyuka.) ③ [スポーツ]സ്പോർട്സിലെ ലാപ്പ്. (spōrṭsile lāppu.)

ラップタイム　(അഞ്ഞൂറ്മീറ്റർ) ലാപ്പ് ടൈം. ((aññūrmīrrar) lāppu taim.)

ラップトップコンピュータ　ലാപ്ടോപ്പ് കമ്പ്യൂട്ടർ. (lāptōppu kampyūṭṭar.)

らつわん 辣腕
〜の തന്ത്രശാലിയായ; കഴിവുള്ള; (tantraśāliyāya; kaḻivuḷḷa;) 〜を振う അസാധാരണമായ കഴിവുകൾ പ്രദർശിപ്പിക്കുക. (asādhāraṇamāya kaḻivukaḷ pradarśippikkuka.) ◇らつわんか 辣腕家 തന്ത്രശാലിയായ വ്യക്തി; കഴിവുള്ള വ്യക്തി. (tantraśāliyāya vyakti; kaḻivuḷḷa vyakti.)

ラディカル　〜な റാഡിക്കൽ ആയ (മൗലികമായ). (rāḍikkal āya (maulikamāya).)

ラディッシュ　റാഡിഷ് (മുള്ളങ്കിക്കിഴങ്ങ്). (rāḍišu (muḷḷaṅkikkiḻaṅṅu).)

ラテン

ラテンアメリカ　ലാറ്റിൻ അമേരിക്ക. (lārrin amērikka.)

ラテンおんがく ラテン音楽　ലാറ്റിൻ അമേരിക്കൻ സംഗീതം (താളം). (lārrin amērikkan samgītam (tāḷam).)

ラテンご(の)ラテン語(の)　ലാറ്റിൻ ഭാഷയിലുള്ള. (lārrin bhāṣayiluḷḷa.)

ラテンみんぞく ラテン民族　ലത്തീൻ വർഗ്ഗങ്ങൾ. (lattīn varggaṅṅaḷ.)

ラテンもじ ラテン文字　☞ ローマ(字).

らでん 螺鈿　മുത്തുച്ചിപ്പിയുടെ ഉൾവശത്തെ ഉറപ്പുള്ള അട്ടി (കുടുക്കുകളും കൗതുകവസ്തുക്കളുമുണ്ടാക്കാൻ ഉപയോഗിക്കുന്നത്). (muttuccippiyuṭe uḷvaśatte urappuḷḷa aṭṭi (kuṭukkukaḷum kautukavastukkaḷumuṇṭākkān upayōgikkunnatu).)

ラドン　CHEM 《*Symbol* Rn》 റാഡൊൺ (ഒരു റേഡിയോ ആക്ടീവതയുള്ള വാതകരൂപ രാസമൂലകം). (rāḍoṇ (oru rēḍiyō āktīvatayuḷḷa vātakarūpa rāsamūlakam).)

ラニーニャ　ലാനിന (പെറുവിന്നടുത്ത് സമുദ്രത്തിലെ നീരൊഴുക്ക്). (lānina (peruvinnaṭuttu samudrattile nīroḻukku).)

ラバ 騾馬　കോവർക്കഴുത. (kōvarkkaḻuta.)

ラバー　[ゴム]റബ്ബർ. (rabbar.)

ラバーソール　റബ്ബർ സോളുള്ള ഷൂസ്. (rabbar sōḷuḷḷa ṣūsu.)

らふ 裸婦　നഗ്നയായ സ്ത്രീ; ന്യൂഡ്. (nagnayāya strī; nyūḍu.)

ラフ　GOLF ഗോൾഫ് കോഴ്സിലെ റഫ്. (gōlphu kōlsile raphu.) 〜な പരുക്കനായ. (parukkanāya.) 〜な服装 അനൗപചാരികവേഷം. (anaupacārikavēṣam.) ラフスケッチ ഏകദേശ രൂപരേഖ (റഫ്സ്കെച്ച്). (ēkadēśa rūparēkha (raphskeccu).) ラフプレー റഫ് പ്ലെ; പരുക്കൻ കളി. (raphu ple; parukkan kaḷi.)

ラブ　ലൗ. (lau.)

ラブゲーム　TENNIS (ടെന്നീസിലെ) ലൗ ഗെയിം. ((ṭennīsile) lau geyim.)

ラブコメディー　റൊമാന്റിക്ക് കോമഡി. (romānrikku kōmaḍi.)

ラブソング　ലൗസോംഗ്. (lausōmgu.)

ラブホテル　കമിതാക്കൾക്ക് വേണ്ടിയുള്ള ഹോട്ടൽ. (kamitākkaḷkku vēṇṭiyuḷḷa hōṭṭal.)

ラブレター(シーン)　ലൗലെറ്റർ (സീൻ). (laulerrar (sīn).)

ラプソディー　റാപ്സഡി (വർണ്ണശബളവും ആഡംബരപൂർണ്ണവുമായ കാവ്യം). (rāpsaḍi (varṇṇaśabaḷavum āḍambarapūrṇṇavumāya kāvyam).)

ラフティング　റാഫ്റ്റിംഗ്; (ചങ്ങാടത്തിൽ നദികളിലൂടെ സഞ്ചരിക്കൽ). (rāphrrimgu; (caṅṅāṭattil nadikaḷilūṭe sañcarikkal).)

ラベル　ലേബൽ (മേൽവിലാസക്കുറി/ചീട്ട്). (lēbal (mēlvilāsakkuri/cīṭṭu).)

ラベンダー　BOT ലവെൻണ്ടർ (സസ്യങ്ങളിൽനിന്നെടുക്കുന്ന ഒരു പരിമള തൈലം). (lavenṇṭar (sasyaṅṅaḷilninneṭukkunna oru parimaḷa tailam).)

ラボ　ലാബൊറെട്ടറി (ലാബ്). (lāboreṭṭari (lābu).)

ラポール　PSYCHOL റപ്പോർ (ഐകമത്യം; ഹൃദയഐക്യം). (rappōr (aikamatyam; hṛdayaaikyam).)

ラマ

ラマきょう(と)ラマ教(徒)　ലാമാ മതവിഭാഗം (തിബത്തിലെ). (lāmā matavibhāgam (tibattile).)

ラマそう ラマ僧　ലാമ. (lāma.)

ラマでら ラマ寺　ലാമാ സന്ന്യാസിമഠം. (lāmā sannyāsimaṭham.)

ラマ 駱馬　ZOOL ദക്ഷിണ അമേരിക്കയിൽ ഭാരം വലിക്കാനുപയോഗിക്കുന്ന ഒട്ടകവർഗ്ഗത്തിൽപ്പെട്ട മൃഗം (ല്ലാമ). (dakṣiṇa amērikkayil bhāram valikkānupayōgikkunna oṭṭakavarggattilppeṭṭa mṛgam (llāma).)

ラマーズほう ラマーズ法　MEDICAL (വേദനകൂടാതെ പ്രസവിക്കുവാനുള്ള) ലമാഃസെ മാർഗ്ഗം. ((vēdanakūṭāte prasavikkuvānuḷḷa) lamāhse mārggam.)

ラマダン，ラマダーン　ISLAMIC CALENDAR (断食月) റംസാൻ (മുസ്ലിം മതക്കാരുടെ നൊയമ്പ് വ്രത മാസം). (ṟaṃsān (muslim matakkāruṭe noyampu vrata māsaṃ).)

ラム　①(子羊肉) ആട്ടിറച്ചി. (āṭṭiṟacci.) ②（酒）റം (മദ്യം). (ṟam (madyaṃ).)

RAM (ラム)　COMPUT റാൻഡം അക്സസ് (മെമ്മറി) (കമ്പ്യൂട്ടർ). (ṟāṇḍaṃ aksasu (memmaṟi) (kampyūṭṭar).)

ラムサール

ラムサールじょうやく ラムサール条約　(水鳥湿地保全条約) റംസാർ (ഇറാൻ) താല്ക്കാലിക സന്ധി (ചതുപ്പുനില സംരക്ഷണം). (ṟaṃsār (iṟān) tālkālika sandhi (catuppunila saṃrakṣaṇaṃ).)

ラムネ　ലമൊണെഡ്. (lamoṇeḍu.)

ラリー　റാലി. (ṟāli.)

ラルゴ　[[楽] [ラーゴウ] (緩徐調) ലാർഗൊ സംഗീതം (സാവകാശവും സാന്ദ്രവും). (lārgo saṃgītaṃ (sāvakāśavuṃ sāndravuṃ).)

られつ 羅列　〜する (ഉദാഹരണങ്ങൾ) നിരത്തിവയ്ക്കുക; പട്ടികയുണ്ടാക്കുക. ((udāharaṇaṅṅaḷ) nirattivaykkuka; paṭṭikayuṇṭākkuka.)

ラワン　മരഉരുപ്പടി. (marauruppaṭi.)

乱 (らん)　①［戦乱］യുദ്ധം. (yuddhaṃ.) ②［反乱］ലഹള. (lahaḷa.) 〜を起こす ലഹള കൂട്ടുക; വിപ്ലവം തുടങ്ങുക; ആയുധമെടുക്കുക (എതിരായി). (lahaḷa kūṭṭuka; viplavaṃ tuṭaṅṅuka; āyudhameṭukkuka (etirāyi).)

らん 欄　കോളം. (kōḷaṃ.) ◇スポーツらん スポーツ欄　സ്പോർട്സ് കോളം. (spōrṭsu kōḷaṃ.)

ラン 蘭　BOT ഒർക്കിഡ് (അലങ്കാര വാഴവർഗ്ഗച്ചെടി). (orkkiḍu (alaṅkāra vāḻavarggacceṭi).)

LAN (ラン)　《構内ネットワークシステム》 ലാൻ (ലോക്കൽ ഏരിയാനെറ്റ്വർക്ക്). (lān (lōkkal ēriyāneṟṟvarkku).)

らんうん 乱雲　താഴ്ന്ന ചാരനിറത്തിലുള്ള മേഘം. (tāḻnna cāraniṟattiluḷḷa mēghaṃ.)

らんおう 卵黄　☞ 黄身.

らんがい 欄外　പാർശ്വം; മാർജിൻ. (pārśvaṃ; mārjin.) 〜の注 മാർജിനിലെഴുതിയ കുറിപ്പുകൾ. (mārjinileḻutiya kuṟippukaḷ.)

らんかいはつ 乱開発　അനിയന്ത്രിതമായ വികസനം; വികലമായ വികസനം. (aniyantritamāya vikasanaṃ; vikalamāya vikasanaṃ.) 〜する വികലമായി വികസിപ്പിക്കുക. (vikalamāyi vikasippikkuka.)

らんかく 乱獲，濫獲　അനിയന്ത്രിതമായ മത്സ്യബന്ധനം; (നായാട്ട്). (aniyantritamāya matsyabandhanaṃ; (nāyāṭṭu).) 〜する വീണ്ടുവിചാരം കൂടാതെ മീൻപിടിക്കുക (നായാടിപ്പിടിക്കുക). (vīṇṭuvicāraṃ-kūṭāte mīnpiṭikkuka (nāyāṭippiṭikkuka).)

らんかん 卵管　ANAT അണ്ഡനാളി; ഫല്ലോപ്പിയൻ കുഴൽ. (aṇḍa-nāḷi; phallōppiyan kuḻal.)

らんかん 欄干　① കൈവരി അഴികൾ. (kaivari aḻikaḷ.) ② (階段の) കോണിപ്പടിയുടെ കൈവരി അഴികൾ. (kōṇippaṭiyuṭe kaivari aḻikaḷ.)

らんぎょう 乱行　സ്വഭാവദൂഷ്യം; ദുരാചാരം; അമിത കാമാസക്തി. (svabhāvadūṣyaṃ; durācāraṃ; amita kāmāsakti.)

らんぎり 乱切り　〜にする തുണ്ടംതുണ്ടമാക്കുക (ഉള്ളി). (tuṇṭaṃtu-ṇṭamākkuka (uḷḷi).)

らんきりゅう 乱気流　പ്രക്ഷുബ്ധമായ വായുചലനം. (prakṣubdhamāya vāyucalanaṃ.)

ランキング　(順位) റാങ്കിംഗ്. (ṟāṅkiṃgu.)

ランク　റാങ്ക്. (ṟāṅku.) 〜される റാങ്ക് നല്കപ്പെടുക. (ṟāṅku nalkappe-ṭuka.)

らんぐいば 乱杭歯　ക്രമത്തിലല്ലാത്ത ദന്ത(നിര). (kramattilallātta danta(nira).)

らんこう 乱交　പലരുമായുള്ള ലൈംഗികബന്ധം. (palarumāyuḷḷa laiṃgikabandhaṃ.)

らんこうげ 乱高下　തീക്ഷ്ണമായ ഉയർച്ചതാഴ്ചകൾ. (tīkṣṇamāya uyarccatāḻcakaḷ.) 〜する തീക്ഷ്ണമായി മാറിമറിയുക (ഉയർന്നുതാഴുക). (tīkṣṇamāyi māṟimaṟiyuka (uyarnnutāḻuka).)

らんさく 乱作，濫作　അമിതമായ ഉല്പാദനം. (amitamāya ulpādanaṃ.) 〜する അമിതവേഗതയിൽ എഴുതുകയോ ചിത്രം വരയ്ക്കുകയോ ചെയ്യുക. (amitavēgatayil eḻutukayō citraṃ varaykkukayō ceyyuka.)

らんざつ 乱雑　〜な(に) അലങ്കോലപ്പെട്ട(പ്പെട്ട്); ആശയക്കുഴപ്പത്തിലായ(ലായി). (alaṅkōlappeṭṭa(ppeṭṭu); āśayakkuḻappattilāya(lāyi).)

らんし 卵子　BIOL അണ്ഡം. (aṇḍaṃ.)

らんし 乱視　MEDICAL വ്യക്തമായ കാഴ്ചയില്ലാതാക്കുന്ന ഒരുതരം നേത്രവൈകല്യം (അസ്റ്റിഗ്മാറ്റിസം). (vyaktamāya kāḻcayillātākkunna orutaraṃ nētravaikalyaṃ (asṟṟigmāṟṟisaṃ).) 〜の അസ്റ്റിഗ്മാറ്റിക്ക് ആയ (കണ്ണുകൾ). (asṟṟigmāṟṟikku āya (kaṇṇukaḷ).)

ランジェリー　[[F.]] ലിഞ്ചറി (സ്ത്രീകളുടെ അടിവസ്ത്രം). (liñcarī (strīkaḷuṭe aṭivastraṃ).)

らんしゃ 乱射　〜する (നോക്കാതെ) തോന്നിയപോലെ വെടിവയ്ക്കുക. ((nōkkāte) tōnniyapōle veṭivaykkuka.)

らんじゅく 爛熟　〜した (文化) വളരെയധികം വികസിച്ച (സംസ്കാരം). (vaḷareyadhikaṃ vikasicca (saṃskāraṃ).)

らんすう 乱数

らんすう(ひょう)乱数(表)　റാൻഡം (ക്രമമില്ലാത്ത) സംഖ്യകളുടെ പട്ടിക. (ṟāṇḍaṃ (kramamillātta) saṃkhyakaḷuṭe paṭṭika.)

らんせい 卵生　〜の (動物) മുട്ടയിട്ടു പ്രത്യുല്പാദനം നടത്തുന്ന ജീവികൾ. (muṭṭayiṭṭu pratyulpādanaṃ naṭattunna jīvikaḷ.)

乱世 (らんせい)　യുദ്ധകാല പ്രതീതിയുളവാക്കുന്ന കാലഘട്ടം; കലങ്ങിമറിഞ്ഞ നാളുകൾ. (yuddhakāla pratītiyuḷavākkunna kālaghaṭṭaṃ; kalaṅṅimaṟiñña nāḷukaḷ.)

らんせん 乱戦　☞ 乱闘.

らんそう 卵巣　അണ്ഡാശയം. (aṇḍāśayaṃ.)

らんそうえん 卵巣炎　അണ്ഡാശയ വീക്കം. (aṇḍāśaya vīkkaṃ.)

らんそうホルモン 卵巣ホルモン　അണ്ഡാശയഹോർമോണുകൾ. (aṇḍāśayahōrmōṇukaḷ.)

